# പ്രത്യാശയുടെ നറുനാമ്പുകൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
ഫീലിയോ ബുക്ക്സ്
കോലഞ്ചേരി – 683 562

# പ്രത്യാശയുടെ നറുനാമ്പുകൾ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
**റിട്ടയേഡ് പ്രിൻസിപ്പൽ,**
**സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 70

●

All rights reserved with the publisher

# ആമുഖം

അപകർഷതാബോധംകൊണ്ട് കുനിഞ്ഞുപോയ ശിരസ്സുകളെ ഉയർത്തുന്നവനാണ് കർത്താവായ യേശുക്രിസ്തു. നൈരാശ്യവും ആകുലതയുംകൊണ്ട് അവശരായി നിഷ്ക്രിയരായി ഇരിക്കുന്ന അനേകരുണ്ട്. അവരോട് ‘തല പൊക്കുവിൻ’ എന്നാണ് നിത്യസ്നേഹമായ ക്രിസ്തു കല്പിക്കുന്നത്.

മനുഷ്യൻ എന്ന വാക്കിന്റെ ഗ്രീക്കുഭാഷയിലെ മൂലം Anthropos എന്നാണ്. അതിന്റെ അർത്ഥം ‘മുകളിലേക്ക് നോക്കി നില്ക്കുന്നത്’ എന്നത്രേ. മൃഗങ്ങൾ മണ്ണിലേക്കു നോക്കി നില്ക്കുന്നവയാണ്. അവ ഭക്ഷണം കഴിക്കുക, ഇണ ചേരുക എന്ന ഒരേ ഒരു ലക്ഷ്യം ഉള്ളവയാണ്. മനുഷ്യൻ മുകളിലേക്ക് നോക്കുന്നവനാണ്. ഭൗതികമായും ആത്മീയമായും ഉയരുക എന്നതാണ് മനുഷ്യൻ വിഭാവനം ചെയ്യുന്നത്. കാരണം മനുഷ്യന് ഒരാത്മാവുണ്ട്. ആത്മാവ് ഐഹികകാര്യങ്ങളിൽ മാത്രം തങ്ങിനില്ക്കാതെ ചിന്തയിലും വിചാരവികാരങ്ങളിലും ഉന്നതമായ ലക്ഷ്യം പുലർത്തുന്നു.

ഏതു വിഷമസന്ധിയിലും തളരാതെ തല ഉയർത്തിനില്ക്കാൻ സാധിക്കുന്നത് ദൈവകൃപയാണ്. ക്രൂശിലെ മരണത്തോളം തന്നെത്തന്നെ താഴ്ത്തി നിന്ദയും ആക്ഷേപവും കഠിനപീഢകളും അനുഭവിച്ച കർത്താവായ യേശുക്രിസ്തുവിന്റെ അനുയായികളാണല്ലോ നാം. ജിയോഫ് തോമസിന്റെ (Geoff Thomas) ഒരു കവിത ഇത്തരുണത്തിൽ ശ്രദ്ധേയമാണ്:

Naked, come to Thee for dress;<br>
Helpless, look to thee for grace;

Foul, I to thy fountain fly;
Wash me, Savior, or I die."

The Daisies of Nazareth എന്ന പ്രസിദ്ധീകരണത്തിൽ Hugh Macmillan പറയുന്ന ഒരാട്ടിടയന്റെ കഥ ഹൃദയ സ്പർശിയാണ്. ആട്ടിടയൻ അന്ധനാണ്. പത്തുകൊല്ലമായി തളർന്നു കിടക്കുകയാണ്. ഒരു സന്ദർശകൻ അവന്റെ ദയനീയമായ കിടപ്പുകണ്ട് സഹാനുഭൂതിയോടെ ചോദിച്ചു: “നിനക്ക് ഇങ്ങനെ കിടന്ന കിടപ്പിൽ കിടന്നിട്ട് ഒരു മടുപ്പും പ്രയാസവുമില്ലേ?” അവൻ മറുപടി പറഞ്ഞു: “ഞാൻ പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷത്തിലാണ്. എനിക്കൊരു പ്രയാസവും തോന്നുന്നില്ല. കഴിഞ്ഞ പത്തുവർഷമായിട്ട് എന്നോടുകൂടെ ഒരാളുണ്ട്. കർത്താവായ യേശുക്രിസ്തു. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു എന്റെ കൂടെയുള്ളതുകൊണ്ട് എനിക്കൊട്ടും മടുപ്പും നിരാശയുമില്ല.”

ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു മഹത്വപൂർണ്ണമായ പ്രത്യാശയും നവോന്മേഷവും നമുക്കു നൽകുന്നു. പ്രതീക്ഷയുടെ നറുനാമ്പുകളായി ഇരുളിൽ പ്രശോഭിക്കുന്ന നക്ഷത്രങ്ങൾ വിദ്വാന്മാർക്ക് വഴികാട്ടികളായതുപോലെ ദുരിതത്തിന്റെയും യാതനയുടെയും മദ്ധ്യത്തിൽ ക്രിസ്തു നമുക്ക് ദിവ്യജ്യോതിസ്സരുളുന്നു. അതാണ് ആൽഫ്രഡ് ടെന്നിസൻ പാടിയത്:

He wakes desires you never may forget;
He shows you stars you never saw before.

ആപത്ഘട്ടങ്ങളിൽ തളരാതെ മുന്നേറുവാൻ കുതിച്ച് എഴുന്നേല്ക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുഭക്തന്മാർ. അവർ നിരാശയ്ക്കിടം കൊടുക്കാതെ ക്രൂശിതനെ നോക്കി ഐശ്വര്യവും പ്രത്യാശയും പ്രാപിക്കും. “വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ

നോക്കുക" എന്ന് സെന്റ് പോൾ പറയുന്നതിന്റെ പൊരുൾ തേടുകയാണ് ക്രിസ്തുഭക്തൻ.

> *"തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലതു ഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ."* *എബ്രായർ 12 : 2, 3*

ക്രൂശിലെ ത്യാഗോജ്ജ്വലമായ സ്നേഹത്തിന്റെ പൊരുൾ ഗ്രഹിക്കാൻ സാധിക്കുമ്പോഴാണ് നമ്മുടെ ക്ഷീണമെല്ലാം മാറി നാം ഊർജ്ജ്വസ്വലരായിത്തീരുന്നത്. ആ മഹൽസൗഭാഗ്യം നാം നേടി പരാജയത്തിൽനിന്ന് വിജയത്തിലേക്ക് കുതിച്ചുയരണം എന്ന ആഗ്രഹത്തോടുകൂടിയാണ് ഈ ഗ്രന്ഥരചനയ്ക്ക് ഞാൻ ഉത്സാഹിച്ചത്. എന്റെ അനുവാചകരായ നിങ്ങൾക്ക് ആ സൗഭാഗ്യം കൈവരുകിൽ ഈ ഗ്രന്ഥരചന ഫലപ്രദമായി.

ഈ പുസ്തകത്തിന്റെ രചനയുടെ വിവിധഘട്ടങ്ങളിൽ എനിക്ക് സഹായമരുളിയ സുമനസ്സുകളായ എന്റെ ആത്മീയ സഹോദരങ്ങളുടെ പ്രയത്നത്തിന് ഞാൻ ഏറെ കടപ്പെട്ടവനാണ്. സർവ്വവല്ലഭനായ കർത്താവ് അവർക്ക് പ്രതിഫലം നൽകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

നിങ്ങളുടെ വിശ്വസ്ത വിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

*"തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 49 : 18*

*"നീ തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 60 : 4*

തലപൊക്കി നാം ചുറ്റും നോക്കുക. ഇന്ന് ചുറ്റും നോക്കാൻ നമുക്ക് കെൽപ്പില്ല. പല കാരണങ്ങളാൽ നാം തലതാഴ്ത്തി ഇരിക്കുകയാണ്.

Inferiority complex! 'അപകർഷതാബോധം!' നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ അപകർഷതാ ബോധമുള്ള ചില കാര്യങ്ങളെല്ലാം ഓർക്കുന്നില്ലേ? എന്റെ ജീവിതത്തിൽ ഞാൻ അപകർഷതാബോധംകൊണ്ട് തല കുനിഞ്ഞവനായിരുന്നു. എനിക്ക് ഒരു നല്ല ആലോചന പറഞ്ഞുതരാൻ ആരുമില്ലല്ലോ എന്ന അപകർഷതാ ബോധംകൊണ്ട് എന്റെ തല കുനിഞ്ഞുപോയിരുന്നു. പത്താം ക്ലാസ്സിലെ പഠിത്തത്തോടുകൂടി പഠിത്തം തീർന്നു. അതുകൊണ്ട് തല ഒന്നുകൂടി താണു. പഠിക്കാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല, പഠിക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നില്ല. അങ്ങനെ പത്താം ക്ലാസ്സിലെ പഠിത്തം കഴിഞ്ഞ് ഞാൻ വീട്ടിലെ കൃഷിപ്പണിക്കിറങ്ങി.

ഏതാണ്ട് 10-12 ഏക്കർ ഭൂമി ഉണ്ടായിരുന്നു. 2 ഏക്കർ പാടത്തെ ഭൂമി. ബാക്കിയുള്ളതെല്ലാം പറമ്പാണ്. കാര്യങ്ങളെല്ലാം വേലക്കാർ ചെയ്യും. പക്ഷേ, അതിന്റെയെല്ലാം മേൽനോട്ടത്തി നായി ഞാൻ എന്റെ പഠിത്തമെല്ലാം നിർത്തി വീട്ടിൽ നിൽക്കുന്ന

കാലം.

എന്നും നിരാശയായിരുന്നു. എന്നും തല കുമ്പിട്ട് നടക്കുകയായിരുന്നു. എന്നും മ്ലാനവദനനായിരുന്നു. എന്നാൽ ഈ വാക്യം എനിക്ക് പ്രേരണ നൽകി.

*"തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 49 : 18*

നീ തല താഴ്ത്തി ഇരിക്കണ്ട. തല പൊക്കി ചുറ്റും നോക്കുക. നിങ്ങളാരെല്ലാം തലതാണ് ഇരിക്കുന്നുണ്ട്. മറ്റുള്ളവരെപ്പോലെ ആരോഗ്യം എനിക്കില്ലല്ലോ. മറ്റുള്ളവരെ പ്പോലെയുള്ള വരുമാനമാർഗ്ഗവും ജീവിതസൗകര്യവും എനിക്കില്ലല്ലോ. ഇങ്ങനെ ഓരോന്നോരോന്ന് ചിന്തിച്ച് തല താഴ്ത്തി ഇരിക്കുന്നവരാണ് നിങ്ങളിൽ അനേകർ. പുറമേ നോക്കിയാൽ തല താഴ്ത്തിയിട്ടില്ല. പക്ഷേ, അകമേ നോക്കുമ്പോൾ തല താണിരിക്കുകയാണ്.

നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എന്റെ അപകർഷതാബോധം എനിക്ക് മാറ്റിത്തരണമേ. എനിക്ക് ആരുമില്ല എന്നുള്ള ചിന്ത എനിക്ക് മാറ്റിത്തരണമേ. ആരുമില്ല എന്ന് ചിന്തിക്കുന്നവരോട് കർത്താവ് പറയുന്നു: നിനക്ക് ഞാനുണ്ട് എന്ന്.

ബേഥെസ്ദാ കുളക്കരയിൽ 38 സംവത്സരമായി തളർന്നു കിടക്കുന്ന മനുഷ്യന്റെ അരികിലേക്ക് യേശു കടന്നുചെന്നു. അവൻ പ്രതീക്ഷയറ്റ് കിടക്കുകയാണ്. കുളത്തിലെ വെള്ളം കലങ്ങുമ്പോൾ അതിൽ ആദ്യമിറങ്ങുന്നവൻ സൗഖ്യം പ്രാപിക്കുമെന്നതാണ് അവിടെയുള്ള പ്രത്യേകത. അവൻ ഇറ ങ്ങാൻ തുടങ്ങുമ്പോഴേക്കും മറ്റാരെങ്കിലും ഇറങ്ങിക്കഴിയും. അതുകൊണ്ട് അവന് സൗഖ്യം പ്രാപിക്കാൻ കഴിഞ്ഞില്ല.

38 കൊല്ലമായി അവൻ കുളത്തിന്റെ അരികത്ത് ആശയോടെ കിടക്കുകയാണ്. അവനൊന്നും സാധിക്കുന്നില്ല.

അവൻ വിഷമിച്ച് വല്ലാതെ വലഞ്ഞിരിക്കുന്ന സമയത്ത് യേശു അവന്റെ അരികിലേക്ക് ചെന്നു. നിനക്ക് സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് ചോദിച്ചു. ഉടനെ അവൻ തന്റെ പരാതികളെല്ലാം പറയുകയാണ്: യജമാനനേ, എനിക്ക് മാർഗ്ഗമില്ല. ഞാൻ അവിടെ ഇറങ്ങിച്ചെല്ലുമ്പോഴേക്കും മറ്റാരെങ്കിലും ഇറങ്ങിക്കഴിയും. എനിക്ക് സൗഖ്യമാകുവാൻ മനസ്സില്ലാഞ്ഞിട്ടല്ല. പക്ഷേ, എന്നെ സഹായിക്കാൻ എനിക്ക് ആരുമില്ല.

അപ്പോഴാണ് യേശു പറഞ്ഞത്: "എഴുന്നേറ്റ് കിടക്ക എടുത്ത് നടക്കുക." എനിക്ക് ആരുമില്ല എന്ന് പറയുന്നവനോട് യേശു പറയുന്നു: "നിനക്ക് ഞാനുണ്ട്" എന്ന്. ഇതൊരു പരമ യാഥാർത്ഥ്യമാണ്. നിങ്ങൾ ഒരിക്കലും മറക്കരുത്. എന്നെങ്കിലും എനിക്കാരുമില്ല എന്നോർത്ത് നിങ്ങൾ കേഴുമ്പോൾ ഓർത്തു കൊള്ളണം: "നിനക്ക് ഞാനുണ്ട് മകനേ" എന്നു പറയുന്ന ദൈവസ്നേഹം.

ആരോരുമില്ലാത്തവർക്ക് തുണയായി യേശുവുണ്ട്. വിധവമാർക്ക് കാന്തനായി യേശുവുണ്ട്. അനാഥർക്ക് പിതാവായി യേശുവുണ്ട്. വിശ്വസിക്കുക, യേശു നമുക്ക് സമാധാനം തരുന്നവനാണ്.

എന്നെ സഹായിക്കാൻ ആരുമില്ലല്ലോ എന്നോർത്ത് കേഴുമ്പോൾ നിങ്ങൾ വിശ്വസിക്കൂ, യേശു അത് കേൾക്കുന്നുണ്ട്. യേശു അത് അറിയുന്നുണ്ട്. യേശു എന്റെ അരികത്ത് നിൽക്കുന്നതും ആ തൃക്കരം എന്നെ തലോടുന്നതും ഞാൻ അനുഭവിക്കാറുണ്ട്.

> *"ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്: തലപൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക." ഉല്പത്തി 13 : 14*

അബ്രാഹാം തലതാഴ്ത്തി ഇരിക്കുകയായിരുന്നു. അബ്രാഹാം ദൈവത്തിന്റെ വിളികേട്ട് പുറപ്പെട്ട ദൈവപുരുഷ നാണ്. അങ്ങ് മെസൊപ്പൊത്താമ്യൻ സമതലത്തിൽ നിന്ന് യൂഫ്രട്ടീസ്, ടൈഗ്രീസ് നദികടന്ന് കനാനിലേക്ക് യാത്ര ചെയ്യുന്ന സമയത്ത് അബ്രാഹാം അവിടെ ഒരിടത്ത് കൂടാരമടിച്ച് തലതാഴ്ത്തി വിഷമിച്ച് മനസ്സ് നൊന്തിരിക്കുകയാണ്.

അപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. അബ്രാഹാമിനോട് പറഞ്ഞു: “നീ തല പൊക്കി ചുറ്റും നോക്കുക.” പക്ഷേ, അബ്രാഹാമിന് തലപൊക്കി നോക്കാൻ നിർവ്വാഹമില്ല. തല ഉയരുന്നില്ല. ദൈവം അബ്രാഹാമിന്റെ പ്രയാസം മനസ്സിലാക്കി.

സഹോദരപുത്രനായ ലോത്ത് അബ്രാഹാമിനെ വിട്ടുപോയി. ലോത്തും അബ്രാഹാമും ഒരുമിച്ച് യാത്രചെയ്ത് അവിടംവരെ വന്നതാണ്. പക്ഷേ, അവിടെ എത്തിയപ്പോൾ അബ്രാഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിൽ വഴക്കായി. അതിനെത്തുടർന്ന് അബ്രാഹാമും ലോത്തും തമ്മിൽ വേർപിരിഞ്ഞു.

ലോത്ത് നീരോട്ടമുള്ള സ്ഥലങ്ങളൊക്കെ തിരഞ്ഞെടുത്തു. അബ്രാഹാം തലതാഴ്ത്തി ഇരിക്കുകയാണ്. അബ്രാഹാമിന് വിഷാദം എന്തായിരിക്കും? ലോത്ത് നല്ലതെല്ലാം തട്ടിയെടുത്തല്ലോ എന്നതാണോ?

അല്ല; മക്കളില്ലല്ലോ എന്നുള്ളതാണ് അബ്രാഹാമിന്റെ ദു:ഖം. എനിക്ക് ഇത്രയും സ്വത്തൊക്കെയുണ്ട്. അത് ആരനുഭവിക്കും? എനിക്ക് മക്കളില്ലല്ലോ. ദൈവത്തിന്റെ വിളികേട്ട് പുറപ്പെട്ട ദൈവദാസനാണ്. പക്ഷേ, ജീവിതത്തിൽ നിരാശ വന്നിരിക്കുന്നു.

അപ്പോൾ ദൈവം അബ്രാഹാമിന് പ്രത്യക്ഷപ്പെട്ടു. ദൈവം പറഞ്ഞു: “നീ തലപൊക്കി ചുറ്റും നോക്കുക.”

*“നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും*

*നിന്റെ സന്തതിക്കും ശാശ്വതമായി തരും.”*

*ഉല്പത്തി 13 : 15*

എന്താണതിന്റെ അർത്ഥം? അബ്രാഹാമിന് മക്കളുണ്ടാകും എന്ന്! അബ്രാഹാം ഞെട്ടിപ്പോയി. അബ്രാഹാമിന് മനസ്സിലായില്ല!

പ്രിയപ്പെട്ടവരേ, അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തരുന്ന നിത്യനായ ദൈവം ജീവിക്കുന്നു. നിങ്ങൾ വിശ്വസിക്കൂ. അല്പംപോലും ആശയ്ക്ക് വകയില്ലാത്ത കാര്യങ്ങളിൽ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ജീവിക്കുന്നു. ആശയ്ക്ക് വകയില്ല, ഇനി ഒന്നും പ്രത്യേകിച്ച് ചെയ്യാനില്ല എന്ന് ഡോക്ടേഴ്സ് പറഞ്ഞിരിക്കുകയാണ്.

അപ്പോഴാണ് ദൈവം അത്ഭുതം പ്രവർത്തിക്കുന്നത്.

കുറെ വർഷങ്ങൾക്കു മുമ്പ് കോലഞ്ചേരി മെഡിക്കൽ കോളേജിലുണ്ടായിരുന്ന ചീഫ് സർജനും അദ്ദേഹത്തിന്റെ ഭാര്യയും ഒരിക്കൽ എന്റെ വീട്ടിൽ വരുവാനിടയായി. അദ്ദേഹം എന്നോട് ചോദിച്ചു: അന്ന് ഞാൻ operate ചെയ്ത ആ രോഗിയുടെ അവസ്ഥ എന്താണ്? ഉടനെ മരിച്ചുപോയോ?

വർഷങ്ങൾക്കു മുൻപ് ബഹുമാനപ്പെട്ട മൊതാലയിലച്ചന്റെ ഇളയമകൻ യാക്കോബ്ചേട്ടനെ ഈ ഡോക്ടർ operation നടത്തിയിരുന്നു. ആമാശയത്തിൽ ക്യാൻസറായിട്ട് operation ചെയ്തു. പക്ഷേ, ഒന്നും ചെയ്യുവാൻ കഴിയാതെ ഡോക്ടർ തുന്നിക്കെട്ടി വിട്ടു.

ഡോക്ടർ ചോദിച്ചു: അദ്ദേഹത്തിന് എങ്ങനെയുണ്ട്? ഞാൻ പറഞ്ഞു: അദ്ദേഹം നല്ല സുഖമായിരിക്കുന്നു. ജീവനുള്ള ദൈവം അത്ഭുതം പ്രവർത്തിച്ചു. ഡോക്ടർ അത്ഭുതത്തോടെ നോക്കി നിന്നു. അതെ, ആശയറ്റ് പോയേടത്ത് ആശ തരുന്നവനാണ് ദൈവം. ദൈവത്തിന് അസാദ്ധ്യമായിട്ട് ഒന്നുമില്ല.

ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവൻ ഏഴാം ക്ലാസ്സ്

വരെയേ പഠിച്ചിട്ടുള്ളൂ. പിന്നെ അവന് പഠിക്കാൻ സാധിച്ചില്ല. വീട്ടിൽ കൃഷി കാര്യങ്ങളെല്ലാം നോക്കി ജീവിച്ചകാലത്ത് അവൻ തനിയേ ഇരുന്ന് പഠിക്കാൻ തുടങ്ങി.

അവന്റെ അപ്പൻ അവനോട് ചോദിച്ചു: "നീ എന്താണ് തനിയെ ഇരുന്ന് വായിക്കുന്നത്?" "ഞാൻ പത്താം ക്ലാസ്സിലെ പരീക്ഷ എഴുതാൻ പഠിക്കുകയാണ്" അവൻ പറഞ്ഞു. അപ്പൻ അവനോട് പറഞ്ഞ വാക്ക് "ഉലക്കയ്ക്ക് കൂമ്പുണ്ടാകുമോ?" എന്നാണ്. പ്രതീക്ഷയില്ലല്ലോ എന്ന്. എന്നാൽ ആ ചെറുപ്പക്കാരൻ പഠിച്ചു, ഫെഡറൽ ബാങ്കിലെ മാനേജരായിട്ട് റിട്ടയർ ചെയ്തു. ദൈവത്തിനു സ്തോത്രം.

നിങ്ങളാരെങ്കിലും പ്രതീക്ഷയറ്റ് ഇരിക്കുന്നവരുണ്ടോ? ഇനി എനിക്ക് മക്കളുണ്ടാകില്ല എന്ന് പ്രതീക്ഷയില്ലാതെയിരിക്കുന്നവർ. അബ്രാഹാം അങ്ങനെയായിരുന്നു. അബ്രാഹാമിന്റെ ഭാര്യ സാറാ മച്ചിയായിരുന്നു. പ്രതീക്ഷയില്ല. യാതൊരു പ്രതീക്ഷയും ഇല്ലാത്തിടത്ത് ദൈവം അത്ഭുതം പ്രവർത്തിച്ചു.

യേശുക്രിസ്തു സകലത്തിനും മതിയായവനാണ്. യേശുക്രിസ്തുവിന് അസാദ്ധ്യമായിട്ട് ഒന്നുമില്ല. നിങ്ങളുടെ രോഗം മാറ്റാൻ യേശുക്രിസ്തുവിന് സാധിക്കും. യേശു സ്രഷ്ടാവാണ്. നിങ്ങളുടെ പരീക്ഷ പാസ്സാക്കിത്തരാൻ യേശുക്രിസ്തുവിന് സാധിക്കും. യേശുക്രിസ്തു സർവ്വവല്ലഭനാണ്.

നിങ്ങളുടെ ജീവിതത്തിലെ കേടുകളും കെടുതികളും മാറ്റാൻ യേശുക്രിസ്തുവിന് സാധിക്കും. നിങ്ങൾ വിശ്വസിക്ക മാത്രം ചെയ്യുക. ജീവനുള്ള ദൈവം പ്രവർത്തിക്കും. നിങ്ങൾ തുറന്നു കൊടുത്താൽ മതി. ജീവിതത്തിൽ വഴിമുട്ടിപ്പോയവരുണ്ട്. പ്രതീക്ഷകൾ നശിച്ചുപോയവരുണ്ട്. സ്വപ്നങ്ങൾ കരിഞ്ഞുണങ്ങിപ്പോയവരുണ്ട്. എന്നാൽ മകനേ, നിന്നോട് ദൈവത്തിന്റെ ആത്മാവ് പറയുന്നു: നീ ഇന്ന് നിന്റെ ജീവിതം ക്രിസ്തുവിന് തുറന്നുകൊടുക്കുക. രക്ഷകനായ ക്രിസ്തുവിന് നീ ഹൃദയം തുറന്നുകൊടുത്താൽ കർത്താവ് അത്ഭുതം

പ്രവർത്തിക്കും.

അബ്രാഹാം തലപൊക്കി നോക്കി, വിശാലമായ സ്ഥലങ്ങൾ കണ്ടു. ഇതെല്ലാം അനുഭവിക്കാൻ ആളില്ലല്ലോ എന്ന ദു:ഖത്തോടെ അബ്രാഹാം ഇരിക്കുമ്പോൾ ദൈവം പറയുകയാണ്: “ഈ സ്ഥലങ്ങളെല്ലാം നിനക്കും നിന്റെ സന്തതിയ്ക്കും ശാശ്വതാവകാശമായി ഞാൻ തരും.” സന്തതി ലഭിക്കുമെന്നുള്ള ഒരു വാഗ്ദത്തം!

1. തലപൊക്കി നോക്കിയാൽ വാഗ്ദത്തം ലഭിക്കും - Promise!

ഇന്ന് നിങ്ങളുടെ ഹൃദയം ഒന്നുയർത്തുക. കർത്താവേ, എനിക്ക് അസാദ്ധ്യമായ ചില കാര്യങ്ങളുണ്ട്. പ്രതീക്ഷയില്ലാത്ത ചില കാര്യങ്ങളുണ്ട്. എന്നാൽ നിന്റെ കൈയൊന്ന് തൊട്ടാൽ എനിക്ക് ജയം വരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ കൂട്ടായ്മയിൽ വചനം പറയുന്ന തൃപ്പൂണിത്തുറ യിലെ ടെനി ദേവസ്സി ഒരവസരത്തിൽ എന്നോട് പറഞ്ഞു: “അസഹ്യമായ നടുവേദനയാണ്. പല ഡോക്ടേഴ്സിനേയും കാണിച്ചുനോക്കി. പക്ഷേ, മാറുന്നില്ല. സാറൊന്നു പ്രാർത്ഥിക്കണം.'' അന്ന് ദൈവത്തിന്റെ കൃപയിൽ ശരണപ്പെട്ടുകൊണ്ട് ഞാൻ ആ ചെറുപ്പക്കാരനോട് പറഞ്ഞു: “നിന്റെ ജീവിതത്തിൽ ചിലതെല്ലാം തിരുത്താനുണ്ട്. ചില പാപങ്ങൾ മാറിപ്പോകേണ്ടതുണ്ട്. അതെല്ലാം മാറ്റിക്കഴിഞ്ഞാൽ ദൈവത്തിന്റെ കരം തൊടും. ദൈവത്തിന്റെ കരം പ്രവർത്തിക്കും. ഏതാനും ദിവസം ഉപവാസത്തോടെയിരുന്ന് പ്രാർത്ഥിക്കുക, എന്നിട്ടു വരിക” എന്നുപറഞ്ഞ് വിട്ടു.

അന്ന് ടെനിയും ടെനിയുടെ അപ്പൻ ദേവസ്സിയും അമ്മയും കൂടിയാണ് വന്നത്. കുറച്ചു ദിവസങ്ങൾക്ക് ശേഷം അവർ വീണ്ടും വന്നു. എല്ലാ പാപങ്ങളും ഏറ്റുപറഞ്ഞുപേക്ഷി ച്ചിട്ടാണ് വന്നത്.

പാപങ്ങളൊന്നും ഏറ്റുപറയാൻ ഞാൻ പറഞ്ഞില്ല. അല്പം പോലും മടി കൂടാതെ അവർ എല്ലാം തുറന്ന് ഏറ്റു പറഞ്ഞു. അന്ന് പ്രാർത്ഥിച്ചപ്പോൾ കർത്താവ് ഒരു ദർശനം കാണിച്ചുതന്നു. ടെനിയുടെ നട്ടെല്ലിന്റെ ഭാഗത്ത് യേശുക്രിസ്തുവിന്റെ ആണിപ്പാടുള്ള കരം തൊടുന്നതും അവിടെ കർത്താവിന്റെ തിരുരക്തം പതിയുന്നതും. ദൈവം എത്ര നല്ലവനാണ്! ഞാൻ നിങ്ങളോട് സ്നേഹത്തോടെ പറയട്ടെ, നിങ്ങൾക്ക് ഏതെല്ലാം കാര്യങ്ങളാണ് അസാദ്ധ്യമെന്ന് തോന്നിക്കൊണ്ടിരിക്കുന്നത്?

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ വിഷമിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? വിശ്വസിക്കുക. യേശുക്രിസ്തുവിന്റെ കരമാണ് നിങ്ങളെ സമീപിക്കുന്നത്. യേശുക്രിസ്തുവിന്റെ ആ തിരുരക്തം പുരണ്ട കരം രോഗമുള്ള ഭാഗത്ത് തൊടുകയാണ്.

എത്രയെത്ര അവസരങ്ങളിൽ രോഗികളുടെമേൽ കർത്താവ് കൈ വയ്ക്കുന്നത് ഞാൻ കണ്ടു. എത്രയെത്ര അവസരങ്ങളിൽ മാറാരോഗം മാറ്റുന്നത് കണ്ടു. എല്ലാമോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നിങ്ങൾക്ക് ഇന്ന് ദൈവത്തോട് പറയാം: എന്റെ ദൈവമേ, എന്നോട് നീ മനസ്സലിയണമേ. എന്റെ രോഗമുള്ള ഭാഗത്ത് നിന്റെ കരമൊന്ന് വയ്ക്കണമേ. എന്റെ വേദനയുള്ള ഭാഗത്ത് നിന്റെ തൃക്കരം ഒന്ന് തൊടണമേ.

ഞാൻ വിഷമിക്കുന്ന പ്രശ്നത്തിൽ നിന്റെ കരമൊന്ന് വയ്ക്കണമേ. യേശുവേ, എനിക്ക് വേറൊന്നും വേണ്ട. ഞാൻ സഭ മാറുന്നില്ല. സമുദായം മാറുന്നില്ല. പള്ളി മാറുന്നില്ല. എന്റെ ഹൃദയം മാറ്റുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. മനസ്സറിഞ്ഞ് ഇനിയൊരു പാപം വരികയില്ല എന്ന് ഞാൻ നിന്നോടു വാക്ക് പറയുന്നു. കർത്താവേ, ഇപ്പോൾ നിന്റെ ആ തൃക്കരം ഈ രോഗമുള്ള ഭാഗത്ത് ഒന്ന് തൊടണമേ.

എന്റെ പ്രശ്നത്തിന്മേൽ നിന്റെ തൃക്കരം ഒന്ന് തൊടണമേ. എന്റെ കടത്തിന്മേൽ, ഞാൻ അനുഭവിക്കുന്ന യാതനയിന്മേൽ നിന്റെ തൃക്കരം ഒന്ന് തൊടണമേ. മദ്യപാനംകൊണ്ട് വീർപ്പുമുട്ടുന്ന എന്റെ കുടുംബത്തിന്മേൽ നിന്റെ തൃക്കരം ഒന്ന് തൊടണമേ.

ഭാര്യയും ഭർത്താവും തമ്മിൽ പിണങ്ങിക്കഴിയുന്ന ഞങ്ങളുടെ ജീവിതത്തിൽ യേശുവേ, നിന്റെ തൃക്കരം ഒന്ന് തൊടണമേ. നിങ്ങൾ ദൈവത്തോട് ചോദിക്കൂ. ഒരു കുഞ്ഞുണ്ടാകുമെന്ന് യാതൊരു പ്രതീക്ഷയുമില്ല. എന്നാൽ കർത്താവ് പറയുന്നു: എന്റെ കരം നിന്നെ തൊട്ടാൽ നിനക്ക് മക്കളുണ്ടാകും.

വിശ്വസിക്കൂ പ്രിയപ്പെട്ടവരേ, യേശുക്രിസ്തു ജീവിക്കുന്നുണ്ട്. യേശുക്രിസ്തു പ്രവർത്തിക്കുന്നുണ്ട്. യേശുക്രിസ്തു എല്ലാമറിയുന്നുണ്ട്. ക്രിസ്തു നമ്മുടെ മദ്ധ്യത്തിൽ വന്നിട്ടുണ്ട്. ഹൃദയത്തിലെ ആഗ്രഹങ്ങൾ യേശു അറിയുന്നു. യേശു നിങ്ങളുടെ അരികിലേക്ക് വരികയാണ്.

യേശു ബുദ്ധി തുറന്നുതരും. നിങ്ങളുടെ കഴിവുകളെല്ലാം വികസിപ്പിച്ചുതരും. എവിടെയാണോ നിങ്ങളുടെ ആവശ്യം അവിടെ തന്റെ തൃക്കരം വയ്ക്കാൻ യേശു വന്നിരിക്കുകയാണ്. ഇന്ന് നിങ്ങൾ യേശുവിനെ വിളിക്കൂ. യേശുവേ, എന്നെ ഒന്ന് തൊടണമേ. യേശുവേ, എന്റെമേൽ തൃക്കരം വയ്ക്കണമേ. യേശുവേ, സൗഖ്യദായകമായ ശക്തി എന്റെമേൽ പകർന്ന് എന്നെ നീ അനുഗ്രഹിക്കണമേ. എന്റെ ഹൃദയത്തിലെ വിഷാദഭാവങ്ങളെല്ലാം നീക്കി നീ എനിക്ക് സമാധാനം തരണമേ.

അബ്രാഹാമിന് ദൈവം വാഗ്ദത്തം നൽകി. നീ തലപൊക്കി ചുറ്റും നോക്കുക. ഈ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. സന്തതി പരമ്പരകൾക്കുള്ള അനുഗ്രഹം ദൈവം തരികയാണ്.

മക്കളെയോർത്ത് വിഷമിക്കുന്നവരില്ലേ? അവരുടെ സ്വഭാവദൂഷ്യമോർത്ത് വിഷമിക്കുന്നവർ. അവർ അനുസരണ മില്ലാത്തവരായി പോകുന്നതിൽ വിഷമിക്കുന്നവർ. നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, എന്റെ ജീവിതം ഞാൻ നിനക്ക് തന്നതല്ലേ? എന്റെ ഭാവി ഞാൻ നിന്നെ ഏല്പിച്ചതല്ലേ? എന്റെ കുഞ്ഞുങ്ങളെ നീ നോക്കണം. അവരുടെ ഭാവി നീ നോക്കണം. അവർ ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടു പോകരുത്.

സഹോദരങ്ങളേ, പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നുണ്ട്. യേശു നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. വിശ്വസിക്കുക മാത്രം ചെയ്യുക. തലപൊക്കി ചുറ്റും നോക്കുക. അപകർഷതാബോധം ഇനി വേണ്ട. ഉയർത്തുവാൻ യേശു വന്നിട്ടുണ്ട്. നിങ്ങളുടെ സമീപത്തുകൂടി യേശുവിതാ മന്ദം മന്ദം നടന്നുപോകുന്നു.

നീ ഇനി തളർന്നിരിക്കണ്ട. ഇനിയും മ്ലാനവദനനായി ഇരിക്കണ്ട. നീ ഇനി ഏകാകിയായിട്ട് ഇരിക്കണ്ട. തലപൊക്കി ചുറ്റും നോക്കുക. ഒന്നാമത് തലപൊക്കാൻ പറഞ്ഞത് സന്തതി ജനിക്കുമെന്നുള്ള വാഗ്ദത്തം ലഭിക്കാനാണ് – Promise.

ദൈവം ഒരു promise തരുന്നു. ദൈവം നിങ്ങൾക്കൊരു വാഗ്ദത്തം തരികയാണ്. നിനക്ക് മാത്രമല്ല, നിനക്കും നിന്റെ സന്തതിപരമ്പരകൾക്കും. ദൈവം അബ്രാഹാമിനോട് പറഞ്ഞു: “അബ്രാഹാമേ, നീ കൂടാരത്തിന് പുറത്തേക്ക് ഇറങ്ങി വാ. നീ മുകളിലേക്ക് നോക്ക്. ആ നക്ഷത്രങ്ങളെ നിനക്ക് എണ്ണാമോ? അതുപോലെ നിനക്ക് ഞാൻ സന്തതിയെ തരും. കടൽക്കരയിലെ മണൽപോലെ ഞാൻ നിനക്ക് സന്തതിയെ തരും.” വലിയ വാഗ്ദത്തമാണ് അബ്രാഹാമിന് ലഭിച്ചത്.

## രണ്ട്

*"അനന്തരം യഹോവ അവന് മമ്രേയുടെ തോപ്പിൽ വെച്ചു പ്രത്യക്ഷനായി; വെയിലുറച്ചപ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു. അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നത് കണ്ടു."*

*ഉല്പത്തി 18 : 1, 2*

ആദ്യം തലപൊക്കിനോക്കുക എന്ന് പറഞ്ഞപ്പോൾ സന്തതി ലഭിക്കുമെന്നുള്ള വാഗ്ദത്തം അബ്രാഹാമിന് ലഭിച്ചതാണ്. പിന്നേയും 24 വർഷങ്ങൾ കഴിഞ്ഞു. സന്തതിയെ ലഭിച്ചില്ല. അബ്രാഹാം കൂടാരവാതിൽക്കൽ നെടുവീർപ്പോടെ ഇരിക്കുകയാണ്. സാറാ കൂടാരത്തിന്റെ അകത്ത് നിരാശപ്പെട്ടിരിക്കുകയാണ്.

നല്ല വാഗ്ദത്തങ്ങൾ കിട്ടിയതായിരുന്നു. പക്ഷേ, വാഗ്ദത്തം നിറവേറിയില്ല. ഇരുപത്തിനാലു വർഷം കഴിഞ്ഞിട്ടും ഒരു കുഞ്ഞ് ലഭിച്ചില്ല. അപ്പോഴാണ് അബ്രാഹാം തലപൊക്കി നോക്കിയത്. അപ്പോൾ മൂന്ന് പുരുഷന്മാർ വരുന്നു. നോക്കിയപ്പോൾ അത്യുജ്ജ്വല തേജസ്സുള്ള ഒരാൾ, കൂടെ രണ്ട് ദൂതന്മാർ.

*"അവരെ കണ്ടപ്പോൾ അവൻ കൂടാരവാതിൽക്കൽ നിന്ന് അവരെ എതിരേല്പാൻ ഓടിച്ചെന്നു നിലംവരെ കുനിഞ്ഞു: യജമാനനേ, എന്നോട് കൃപയുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതേ. അസാരം വെള്ളം കൊണ്ടുവന്ന് നിങ്ങളുടെ*

*കാലുകളെ കഴുകട്ടെ; വൃക്ഷത്തിൻ കീഴിൽ ഇരിപ്പിൻ. ഞാൻ ഒരുമുറി അപ്പം കൊണ്ടുവരാം; വിശപ്പ് അടക്കീട്ട് നിങ്ങൾക്കു പോകാം; ഇതിനായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറിവന്നത് എന്നു പറഞ്ഞു." ഉല്പത്തി 18 : 2 – 5*

അവർ മൂന്ന് പേരാണ് വന്നത്. അതിൽ ഒരാൾ തേജോ രൂപിയായിരുന്നു. അത് സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്ന കർത്താവായ യേശുക്രിസ്തുവായിരുന്നു. ഇപ്പോൾ നിങ്ങളിൽ ചിലർ ചിന്തിക്കും, അന്ന് ക്രിസ്തു ജനിച്ചിട്ടില്ലല്ലോ. യോഹന്നാന്റെ സുവിശേഷത്തിൽ യേശുക്രിസ്തു പറഞ്ഞു: അബ്രാഹാം ജനിച്ചതിന് മുമ്പേ ഞാൻ ഉണ്ട് എന്ന്. ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ് ക്രിസ്തു.

എന്നോട് കൃപയുണ്ടെങ്കിൽ എന്നെ കടന്നുപോകരുതേ എന്ന് അബ്രാഹാം അവരോട് പറഞ്ഞു. ഞാൻ അതിഥികളെ സത്ക്കരിക്കുന്നതുപോലെ നിങ്ങളെ സത്ക്കരിക്കട്ടെ, വിശപ്പടക്കാനാണല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറി വന്നത് എന്ന് അബ്രാഹാം പറഞ്ഞു.

പ്രിയപ്പെട്ടവരേ, വിശപ്പടക്കിയിട്ട് പോകാൻ ഇതാ, യേശു വരുന്നു. ദാഹം മാറ്റിയിട്ട് പോകാൻ യേശു വരുന്നു. യേശുക്രിസ്തു ആത്മാക്കൾക്ക് വേണ്ടി ദാഹിക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും അവസ്ഥ നന്നാക്കാൻ വേണ്ടി ദാഹി ക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ വേണ്ടി ദാഹിക്കുന്നു.

കുരിശിന്മേൽ ദാഹിച്ചവൻ ഇന്ന് നമ്മുടെ അരികിലേക്ക് ദാഹാർത്തനായി വന്നിരിക്കുന്നു. ആർത്തിയോടെ വന്നിരി ക്കുന്നു. വിശപ്പടക്കാൻ വന്നിരിക്കുന്നു. ദു:ഖവെള്ളിയാഴ്ചത്തെ കീർത്തനങ്ങളിൽ ഒരു ഗീതമുണ്ട്.

ആ-സമയം ദയനീ-യം!
വിട്ടു-മശിഹാ പുരി യേറൂശലേം

രോഗങ്ങളെയങ്ങാറ്റിയതിൻ -പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹ പോയി-ധൃഷ്ടന്മാർ.

ആ-സമയം ദയനീ-യം!
നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും-കാടിയുമേ-കി
തൻ നാ-ദത്താൽ-ആഴിയുമാഴവുമഞ്ഞി.

ആ സമയം ദയനീയമായിരുന്നു. കർത്താവ് കുടിക്കാൻ വെള്ളം ചോദിച്ച സമയം ദയനീയമായിരുന്നു. ശപിക്കപ്പെട്ട യഹൂദന്മാർ കയ്പ്പുള്ള കാടിയും വീഞ്ഞും അവന് കൊടുത്തു. നിത്യനായ രക്ഷകൻ എനിക്ക് ദാഹിക്കുന്നു എന്നുപറഞ്ഞ സമയത്ത് ആഴികളും ആഴങ്ങളും സംഭ്രമിച്ചുപോയി.

ഇന്ന് ദാഹാർത്തനായി യേശു നിങ്ങളുടെ അരികിലേക്ക് വരികയാണ്.

*"അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ. വൃക്ഷത്തിൻ കീഴിൽ ഇരിപ്പിൻ. ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം. വിശപ്പ് അടക്കീട്ട് നിങ്ങൾക്കു പോകാം."*

*ഉല്പത്തി 18 : 4, 5*

കൂടുതലൊന്നും കൊണ്ടുവരുവാനില്ല. ഒരു മുറി അപ്പം കൊണ്ടുവരാം. അപ്പം കുറേശ്ശെക്കുറേശ്ശെയായി തിന്ന്, കുറഞ്ഞു കുറഞ്ഞു പോയതാണ്. ആയുസ്സ് കുറെയെല്ലാം നഷ്ടപ്പെട്ടു പോയതാണ്. ഇനി ഒരു മുറി അപ്പമേ ഉള്ളൂ.

നല്ലനല്ല സംവത്സരങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു. നല്ലനല്ല അവസരങ്ങൾ നഷ്ടപ്പെടുത്തി. കർത്താവേ, ഇനി ഒരു മുറി അപ്പമുണ്ട്. ഏതാനും ചെറിയ നാളുകൾ. വളരെ ചുരുങ്ങിയ ഒരു ആയുസ്സ്. അത് നിനക്കുവേണ്ടി തരാൻ ഞാൻ തയ്യാറാണ്.

ഇന്ന് നിങ്ങളുടെ അരികിൽ വന്ന് യേശു കെഞ്ചുകയാണ്.

മോനേ, നീ എനിക്ക് എന്തുതരും? എന്റെ ദാഹം നീ മാറ്റുമോ? നിന്റെ ജീവിതത്തിൽ നീ ക്ലേശങ്ങളും ഭാരങ്ങളുമായി വലയുന്ന ഈ സമയത്ത് എന്റെ ദാഹത്തെക്കുറിച്ച് ചിന്തിക്കാൻ നിനക്ക് നേരമില്ലല്ലോ. ദൈവത്തെക്കുറിച്ച് ചിന്തിക്കാൻ നിനക്ക് നേരമില്ലല്ലോ.

മോനേ, എന്റെ ദാഹം തീർക്കാൻ നീ എനിക്ക് എന്തുതരും?

അറിഞ്ഞുകൊണ്ടല്ലെങ്കിലും എന്റെ പതിനേഴാമത്തെ വയസ്സിൽ ഞാൻ ദൈവത്തോട് പറഞ്ഞു: കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക എന്ന്. യേശുവിന്റെ ദാഹം തീർക്കാൻ എന്നെത്തന്നെ ഞാൻ സമർപ്പിച്ചു. എന്തൊരു മഹാഭാഗ്യം! അന്ന് ഞാൻ എന്റെ ജീവിതം കർത്താവിന് കൊടുത്തതുകൊണ്ട് പിന്നെ എനിക്ക് സമ്പൂർണ്ണമായ സമാധാനമായിരുന്നു.

എന്റെ മുഖത്തിന്റെ വാട്ടം മാറി. ഹൃദയത്തിന്റെ മ്ലാനത മാറി. എന്റെ ജീവിതത്തിൽ സമാധാനം ഇരച്ചുവന്നു. 10-ാം ക്ലാസ്സ് പാസ്സായി പഠിത്തം നിറുത്തിയ മനുഷ്യൻ പിന്നേയും പഠിക്കാൻ തുടങ്ങി. എല്ലാമെല്ലാം യേശു നടത്തി. കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് First Rank കിട്ടി ഞാൻ B. A. Degree പാസ്സായി.

പിന്നേയും കാലങ്ങൾ മുന്നോട്ടുപോയി. M.A. Degree റാങ്കോടെ പാസ്സായി. B.Ed. എഴുതിയെടുത്തു. ആര് തന്നു? എനിക്കുറപ്പുണ്ട് എന്റെ യേശു തന്നു. M.A. Degree പാസ്സായി ഏതാനും ദിവസങ്ങൾക്കകം ഞാൻ കോലഞ്ചേരി കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

അത്ഭുതങ്ങളായിരുന്നു എന്റെ ജീവിതം. യേശുവിന്റെ ദാഹം തീർക്കാൻ എന്റെ ആയുസ്സും എന്റെ ആരോഗ്യവും എന്റെ സമയങ്ങളും ഞാൻ അവന് കൊടുത്തു.

ഞാൻ റെയിൽവേസ്റ്റേഷനിൽ കിടന്നുറങ്ങിയിട്ടുണ്ട്.

പത്രം വിരിച്ച് ബസ്സ്റ്റാന്റുകളിൽ കിടന്നുറങ്ങിയിട്ടുണ്ട്. എന്തിന്? കർത്താവിന്റെ വേലയ്ക്കുവേണ്ടി പോയതുകൊണ്ട്. എന്തെങ്കിലും പ്രതീക്ഷ വച്ചുകൊണ്ടല്ല പോയത്. എന്തെങ്കിലും കിട്ടുമെന്ന് ചിന്തിച്ചിട്ടേ ഇല്ല. യേശുവിനോടുള്ള സ്നേഹം ഹൃദയത്തിൽ കത്തുകയായിരുന്നു.

നിങ്ങളീ സ്നേഹം കാണുമോ? ദാഹാർത്തനായി വന്നു നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ കാണുമോ? നിന്റെ ഹൃദയം എനിക്ക് തരിക എന്നുപറയുന്ന ക്രിസ്തുവിനെ നിങ്ങൾ കാണുമോ? ക്രിസ്തു അരികത്ത് വന്നിട്ടുണ്ട്. അവൻ നിന്റെ അരികത്തുവന്ന് കെഞ്ചുകയാണ്. വാതിൽക്കൽ മുട്ടി മുട്ടി അവൻ നിൽക്കുകയാണ്.

വാതിൽക്കൽ മുട്ടുന്ന പ്രിയന്റെ സ്വരം.

*"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*

*വെളിപ്പാട് 3 : 20*

അത്ഭുതങ്ങളിൽക്കൂടി കർത്താവ് എന്നെ നടത്തി. നിങ്ങൾക്കും സാധിക്കും എന്നാണ് ഞാൻ പറയുന്നത്. നിങ്ങളെയും കർത്താവ് സ്നേഹിക്കുന്നു. നിങ്ങൾക്കും അത്ഭുതങ്ങൾ ചെയ്ത് തരാൻ കർത്താവാഗ്രഹിക്കുന്നു. നിങ്ങളുടെ മ്ലാനത മാറ്റിത്തരും.

അവിടെ വൃക്ഷത്തിന്റെ തണലിൽ മൂന്ന് പുരുഷന്മാർ ഇരിക്കുന്നു. ഒരാൾ നിത്യനായ ദൈവപുത്രനാണ്. രണ്ടു മാലാഖമാരോടൊരുമിച്ച് അബ്രാഹാമിനെ അനുഗ്രഹിക്കാൻ വന്നിരിക്കുകയാണ്. നിത്യനായ ദൈവം അബ്രാഹാമിനെ അനുഗ്രഹിക്കാൻ എഴുന്നള്ളി വന്നിരിക്കുന്നു!

*"അബ്രാഹാം ബദ്ധപ്പെട്ടു കൂടാരത്തിൽ സാറയുടെ*

*അടുക്കൽ ചെന്നു: നീ ക്ഷണത്തിൽ മൂന്നിടങ്ങഴി മാവ് എടുത്ത് കുഴച്ച് അപ്പമുണ്ടാക്കുക എന്നു പറഞ്ഞു." ഉല്പത്തി 18 : 6*

സാറാ ഒരു മോനെ കിട്ടിയില്ലല്ലോ എന്നുള്ള ദു:ഖത്തോടെ ഇരിക്കുകയാണ്. ഒരു മുറി അപ്പം കൊണ്ടുവരാം എന്നാണ് അബ്രാഹാം പറഞ്ഞത്. എന്നാൽ അബ്രാഹാം സാറയോട് പറഞ്ഞു: വേഗം മൂന്നിടങ്ങഴി മാവെടുത്ത് അപ്പമുണ്ടാക്കുക.

ഇവിടെ ഒരു പ്രത്യേകത കാണാം. ഭർത്താവ് എന്തു പറഞ്ഞാലും അത് അനുസരിക്കുന്നവളാണ് ഭാര്യ. സാറയ്ക്ക് അങ്ങനെ ഒരു പ്രത്യേകതയുണ്ടായിരുന്നു. ഭർത്താവ് പറഞ്ഞു, ഉടനെ അവളത് ചെയ്തു. എന്തുമനോഹരമായ കുടുംബ ജീവിതം!

ഭർത്താവ് പറയുന്നത് വേദവാക്യം പോലെ സ്വീകരിക്കുന്ന ഭാര്യ. അത്ര അടുപ്പം. നിങ്ങൾ ചിന്തിക്കൂ, നിങ്ങളുടെ കുടുംബം എങ്ങനെയുണ്ട്? ഭാര്യയും ഭർത്താവും ഒരു ഹൃദയമാണോ? ഒരു മനസ്സാണോ? ഭർത്താവ് ഒരു കാര്യം പറഞ്ഞാൽ ചോദ്യം ചെയ്യുകയാണോ? അതോ വിനയത്തോടെ അനുസരിക്കുക യാണോ?

ഒരുമുറി അപ്പം എന്ന് പറയാൻ കാരണമുണ്ട്. ഇതുവരെ യുള്ള ജീവിതത്തിന്റെ പല അംശങ്ങളും മുറിഞ്ഞുപോയി. വഴക്കിലും പിണക്കത്തിലുമായി കുറെയെല്ലാം മുറിഞ്ഞു പോയി. അഹങ്കാരവും സ്വാർത്ഥതയുമായി കുറെയെല്ലാം മുറിഞ്ഞുപോയി. ഇതുവരെയുള്ള ജീവിതത്തിൽ പലപല കാര്യങ്ങൾ നഷ്ടപ്പെട്ടുപോയി.

ഇനി ഒരുമുറി അപ്പമേ ഉള്ളൂ. എല്ലാം തീർന്നു. ആയുസ്സിന്റെ നല്ല കാലങ്ങൾ പാഴായിപ്പോയി. അങ്ങനെ പോയെങ്കിലും ഒരു മുറി അപ്പം കൊണ്ടുവരാം എന്നു പറഞ്ഞുപോയ അബ്രാഹാം മൂന്നിടങ്ങഴി മാവു കുഴച്ച് ക്ഷണത്തിൽ അപ്പമുണ്ടാക്കി.

*“അബ്രാഹാം പശുക്കൂട്ടത്തിൽ ഓടിച്ചെന്ന് ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ പിടിച്ച് ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു; അവൻ അതിനെ ക്ഷണത്തിൽ പാകംചെയ്തു. പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്യിച്ച കാളക്കുട്ടിയെയും കൊണ്ടുവന്ന് അവരുടെ മുമ്പിൽ വച്ചു. അവരുടെ അടുക്കൽ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചുനിന്നു.” ഉല്പത്തി 18 : 7, 8*

അവിടെ ഒട്ടും അമാന്തമില്ല. അബ്രാഹാം എല്ലാം ക്ഷണത്തിൽ ചെയ്തു. അവിടെ അതിഥി വന്നിരിക്കുന്നു. ആരാണ് അതിഥി? അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ നിത്യനായ ദൈവം എഴുന്നള്ളി വന്നിരിക്കുന്നു. ദൈവത്തിനു സ്തോത്രം.

ദൈവപൈതലേ, നിന്റെ ജീവിതത്തിന്റെ വാതിൽക്കൽ വന്നുനിന്ന് കെഞ്ചുന്ന ക്രിസ്തു. അവൻ നിന്നിൽനിന്ന് എന്തെങ്കിലും കിട്ടാൻ വന്നിരിക്കുകയാണ്. ദാഹം തീർക്കാൻ വന്നിരിക്കുകയാണ്. വിശപ്പ് മാറ്റാൻ വന്നിരിക്കുകയാണ്.

അബ്രാഹാം വിനയപൂർവ്വം ഭക്ഷണം കൊടുത്തിട്ട് അവിടെ നിന്നു. 99 വയസ്സുള്ള അബ്രാഹാം. വാതിലിന്റെ മറവിൽ എല്ലാം കണ്ടുകൊണ്ട് സാറ നിൽക്കുന്നുണ്ട്. രംഗത്തേക്ക് വരുന്നില്ല. ഭർത്താവ് വിളിച്ചാലല്ലേ സാറായ്ക്ക് വരാൻ പറ്റൂ? മൂന്ന് അതിഥികൾ വന്നു എന്നേ അവൾക്ക് അറിയാൻ പാടുള്ളൂ. അബ്രാഹാം വിനയപൂർവ്വം അവരെ ശുശ്രൂഷിച്ചുകൊണ്ട് നിൽക്കുകയാണ്.

യേശുവിനെ ശുശ്രൂഷിക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? യേശുവിന്റെ കണ്ണീർ തുടയ്ക്കാൻ, നിങ്ങളെ നോക്കി കരയുന്ന കണ്ണീർ തുടയ്ക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ നിങ്ങൾ കർത്താവിന്റെ വേലക്കാരായി മാറും. കർത്താവിന്റെ വേലയ്ക്കുവേണ്ടി നിങ്ങൾ സമർപ്പിക്കും.

കർത്താവേ, നീ എന്നെ നോക്കി എന്തുമാത്രം കരഞ്ഞു? എന്റെ കോപസ്വഭാവം കണ്ട് നീ കരഞ്ഞല്ലോ. എന്തെല്ലാം തെറ്റുകളാണ് എനിക്ക് വന്നുപോയത്? പുറത്തുപറയാൻ അറയ്ക്കുന്ന തെറ്റുകൾ എനിക്ക് വന്നുപോയല്ലോ. കർത്താവേ, ഞാൻ വിറയലോടെ നിൽക്കുന്നു.

> *"അവർ അവനോട്: നിന്റെ ഭാര്യ സാറാ എവിടെ എന്ന് ചോദിച്ചതിന്: കൂടാരത്തിൽ ഉണ്ട് എന്ന് അവൻ പറഞ്ഞു. ഒരു ആണ്ട് കഴിഞ്ഞിട്ട് ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറയ്ക്ക് ഒരു മകൻ ഉണ്ടാകും എന്ന് അവൻ പറഞ്ഞു."* *ഉല്പത്തി 18 : 9, 10*

ഇരുപത്തിനാല് കൊല്ലത്തിനുശേഷം വാഗ്ദത്തം നിവർത്തിക്കാൻ പോവുകയാണ്. കർത്താവായ യേശു പറഞ്ഞു: "ഒരാണ്ടുകഴിഞ്ഞിട്ട് ഞാൻ മടങ്ങിവരും. അപ്പോൾ നിങ്ങൾക്ക് ഒരു മകൻ ഉണ്ടായിരിക്കും." സ്വർഗ്ഗത്തിലെ ദൈവം വാഗ്ദത്തം നിവർത്തിക്കുകയാണ്.

വാഗ്ദത്ത നിവർത്തിക്ക് ആധാരമായതെന്താണ്? Dedication! അബ്രാഹാം സമർപ്പിച്ചു. ഇന്ന് നിങ്ങളുടെ ജീവിതം dedicate ചെയ്യുക. നിങ്ങളെല്ലാവരും മാമോദീസയിൽ dedication എടുത്തവരാണ്. കുട്ടിയുടെ കൈയിൽ പിടിച്ചുകൊണ്ട് തലതൊട്ടപ്പനോ തലതൊട്ടമ്മയോ "സാത്താനെ ഉപേക്ഷിക്കുന്നു മശിഹാതമ്പുരാനെ സ്വീകരിക്കുന്നു" എന്നുള്ള സമർപ്പണം എടുക്കുന്നു.

പക്ഷേ, ഇങ്ങനെയൊരു സമർപ്പണം എടുത്തുവെന്ന് ആർക്കും അറിയാൻ പാടില്ല. പ്രിയപ്പെട്ടവരേ, നമുക്ക് ഒരു dedication വേണം. അബ്രാഹാം dedicate ചെയ്തു. അബ്രാഹാം തനിക്കുള്ള വിഭവങ്ങൾ ഒന്നൊന്നായി യേശുവിന്റെ പാദത്തിൽ സമർപ്പിച്ചു. മാലാഖമാരും യേശുവും അത് ഭക്ഷിച്ചു.

നിങ്ങളിന്ന് കർത്താവിനോട് പറയണം: കർത്താവേ, ഞാനിന്ന് മാമോദീസായിൽ എടുത്ത സമർപ്പണം പുതുക്കുന്നു. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മിശിഹാതമ്പുരാനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കുന്നു. അങ്ങനെ സ്വന്തം നാവുകൊണ്ട് നിങ്ങൾ പറയണം.

നിങ്ങളുടെ ഹൃദയത്തിൽനിന്ന് ആ തീരുമാനം വന്നു കഴിയുമ്പോഴാണ് നിങ്ങൾ ദൈവത്തിന്റെ മകനും മകളുമായി ത്തീരുന്നത്. പിന്നെ നിങ്ങൾക്ക് അപ്പനോട് പറയാം: അപ്പാ, എനിക്ക് കുറെ കടമുണ്ട്, കടമൊന്ന് മാറ്റിത്തരണമല്ലോ.

അപ്പാ, എനിക്ക് കുറെ തിന്മകൾ സംഭവിച്ചുപോയിട്ടുണ്ട്, അതെല്ലാം ക്ഷമിച്ചുതരണമല്ലോ. അപ്പാ, മദ്യപാനംകൊണ്ട് എനിക്കുള്ളതെല്ലാം മുടിച്ചുകളഞ്ഞല്ലോ. എനിക്ക് ഒരു നല്ലകാലം തരണമേ.

മക്കൾ പറഞ്ഞാൽ അപ്പൻ കേൾക്കും. പക്ഷേ ഇന്ന് പലരും "സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ" എന്ന് വിളിക്കുക യല്ലാതെ അപ്പന്റെ മകനായി തീർന്നിട്ടില്ല. അപ്പന്റെ മകനും മകളും ആയിത്തീരണം. ഈ സത്യം ആര് മനസ്സിലാക്കുന്നുണ്ട്?

ഇതെല്ലാം ഓടിനടന്ന് പറയാൻ ആളുകൾ എഴുന്നേറ്റ് വരട്ടെ എന്നാണ് ഞാൻ ആശിക്കുന്നത്. അനേകർ സുവിശേഷ കരായി എഴുന്നേറ്റ് വരണം. അനേകർ ഉത്സാഹത്തോടെ കർത്താവിന്റെ വേല ചെയ്യണം. സഭയുടെ പിതാക്കന്മാർ നിർദ്ദേശിച്ചതെന്താണ്? അത് ജനത്തിന് മനസ്സിലാക്കിക്കൊടു ക്കണം. അതൊന്നും ചെയ്യാനുള്ള സാഹചര്യങ്ങളോ സംവിധാനങ്ങളോ ഇന്ന് സഭകളിലില്ല.

നിർഭാഗ്യവശാൽ ഇന്ന് സഭകളിൽ നിന്ന് അതെല്ലാം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നിങ്ങൾ ഇന്ന് ഒരു കാര്യം ചെയ്യൂ: കർത്താവേ, ഇത്രയും കാലം ഞാൻ പിശാചിന് ഇടം കൊടുത്തുപോയി. ഞാൻ

അശുദ്ധമായ ശീലങ്ങളിലേക്ക് പോയപ്പോൾ സാത്താന് ഇടം കൊടുത്തുപോയി. കഞ്ചാവ് ഉപയോഗിച്ചപ്പോൾ പിശാചിന് ഇടംകൊടുത്തുപോയി. എന്റെ ജീവിതത്തിൽ ദുഷ്ടപ്പിശാച് അവകാശം പറഞ്ഞു നിൽക്കുന്നു.

അവനെന്നെ പാപത്തിന്റെ ചങ്ങലയിട്ടു കുടുക്കി നരകത്തിലേക്ക് വലിച്ചുകൊണ്ടുപോകുന്നു. കർത്താവേ, എന്നെ രക്ഷിക്കണമേ. അങ്ങനെ പറയുമ്പോൾ കർത്താവ് വന്ന് ചങ്ങലയുടെ കെട്ട് പൊട്ടിക്കും. പിശാചിന്റെ ചങ്ങല പാപത്തിന്റെ ചങ്ങലയാണ്. അത് കർത്താവ് പൊട്ടിച്ചുതരും.

നിങ്ങൾക്ക് സ്വാതന്ത്ര്യം തരും. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാൽ നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം. കർത്താവേ, നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമേ. കാരാഗൃഹത്തിലുള്ള ആത്മാവ് പുറത്തുവന്ന് സ്തുതിക്കാൻ തുടങ്ങും.

കർത്താവ് തന്റെ സ്വർഗ്ഗീയഭവനത്തിലേക്ക് നിങ്ങളെ ചേർക്കും. സ്വർഗ്ഗത്തിലെ പൗരൻ എന്നുള്ള മുദ്ര നമുക്ക് തരും. ദൈവത്തിന് സ്തോത്രം.

> *"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു."*
>
> *ഫിലിപ്പിയർ 3 : 20*

നാം സ്വർഗ്ഗത്തിന്റെ പൗരത്വം സമ്പാദിക്കണം. സ്വർഗ്ഗത്തിലെ രജിസ്റ്ററിൽ പേര് വരണം. ജീവന്റെപുസ്തകത്തിൽ പേര് വരും. ക്രിസ്തുവിനായിട്ട് ജീവിതം വേർതിരിക്കുമ്പോൾ ജീവന്റെ പുസ്തകത്തിൽ പേര് വരും. അപ്പോൾ സ്വർഗ്ഗീയപൗരത്വം കിട്ടുകയാണ്. സ്വർഗ്ഗീയപൗരത്വം കിട്ടുമ്പോൾ നാം സ്വർഗ്ഗത്തിന്റെ പ്രജയായി മാറുകയാണ്. ഭൂമിയിൽ നാം ജീവിക്കുന്നു പക്ഷേ, നാം സ്വർഗ്ഗത്തിലെ പൗരനാണ്.

ഈ മഹാഭാഗ്യം നിങ്ങൾക്ക് അനുഭവിക്കാൻ താത്പര്യമുണ്ടോ? എങ്കിൽ നിങ്ങൾ ഉള്ളത്തിൽ പറയണം: കർത്താവേ, ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു. മിശിഹാതമ്പുരാനെ സ്വീകരിക്കുന്നു. ഇനിമേൽ പാപത്തിന് എന്റെമേൽ യാതൊരവകാശവുമില്ല. എന്റെ ബുദ്ധിയെ മന്ദിപ്പിക്കുന്ന യാതൊരു വിഷസാധനങ്ങളും ഞാൻ തൊടുകയില്ല.

അഴുക്കായ യാതൊരു കാര്യത്തിനും എന്നെ കിട്ടുകയില്ല. എന്റെ ഓരോ അവയവവും ഞാൻ വിശുദ്ധമായി സൂക്ഷിക്കും. ഈ കണ്ണുകൊണ്ട് തിന്മ ഞാൻ കാണുകയില്ല. ഈ കണ്ണ് യേശുവിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ഓരോ അവയവമായിട്ട് നാം നോക്കണം. ഈ നാവ് അരുതാത്തത് പറയുകയില്ല. ആരേയും വിമർശിക്കുകയില്ല. ദൈവവേലയെ ദുഷിക്കയില്ല. ദൈവവേലക്കാരെ ഞാൻ പരിഹസിക്കയില്ല. ഈ നാവ് യേശുവിനുവേണ്ടി സംസാരിക്കും. നിനക്ക് പ്രവർത്തിക്കാൻ എന്റെ കൈ ഞാനിതാ വിട്ടുതരുന്നു. പാപത്തിലേക്ക് ഓടിയ ഈ കാലുകൾ ഇനി നിനക്കുവേണ്ടി മാത്രം ഓടും. നിനക്കുവേണ്ടി സഞ്ചരിക്കും.

അങ്ങനെ സമ്പൂർണ്ണമായ ഒരു dedication-ന്, നിങ്ങൾക്ക് താത്പര്യമുണ്ടോ? അപ്പോഴാണ് വാസ്തവത്തിൽ നാം ക്രിസ്ത്യാനികൾ ആകുന്നത്. ക്രിസ്ത്യാനിയാകണമെങ്കിൽ ക്രിസ്തുവിന്റെ അനുയായിയായിത്തീരണം. വിശുദ്ധനായിത്തീരണം. വിശുദ്ധന്മാർക്ക് മാത്രം അവകാശപ്പെട്ട സ്വർഗ്ഗരാജ്യത്തിന്റെ അവകാശം നാം പ്രാപിക്കണം. ഇന്നെന്നപോലെ ഒരു ദിവസം ഞാനും നിങ്ങളും കടന്നുപോകും. എന്നാൽ നിത്യതയിലേക്ക് നാം ചെല്ലുമ്പോൾ ഇവിടെ നിനക്ക് പ്രവേശനമില്ല എന്ന് കേൾക്കാൻ ഇടവരരുത്.

ഭീകരമായ നരകാഗ്നിയിലേക്ക് പോകാൻ നിങ്ങൾക്കാർക്കും ഇടവരരുത്. ഒരു നരകമുണ്ട്. ഒരു സ്വർഗ്ഗമുണ്ട്. അതുകൊണ്ട് ഇപ്പോൾ തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെത്തന്നെ കൊടുക്കുക.

1. Promise.
2. Dedication.

തലപൊക്കി നോക്കിയാൽ നിനക്ക് വാഗ്ദത്തം കിട്ടും. തലപൊക്കി നോക്കിയാൽ നിനക്ക് സമർപ്പിക്കാനുള്ള അവസരം കിട്ടും. ഇന്ന് അവസരം ലഭിച്ചിരിക്കുകയാണ്. ഇന്ന് നിങ്ങൾ സമർപ്പിക്കുക. കന്യകമറിയാം പറഞ്ഞതുപോലെ ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് കർത്താവിന്റെ കരങ്ങളിലേക്ക് ജീവിതം കൊടുക്കുക. യേശുവിനോട് നിങ്ങൾ വാക്കുപറയുക: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഞാൻ ഇന്നുമുതൽ നിനക്കായി ജീവിക്കും.

# മൂന്ന്

*"തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 49 : 18*

*"നീ തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 60 : 4*

തല പൊക്കുവാനാണ് ദൈവത്തിന്റെ ആത്മാവ് കല്പിക്കുന്നത്. ഇനിയും അപകർഷതാബോധംകൊണ്ട് തല താണിരിക്കണ്ട എന്നാണ് ദൈവത്തിന്റെ ആത്മാവ് പറയുന്നത്. നീ ആകുലപ്പെട്ട്, ഭാരപ്പെട്ട് ആവലാതി പൂണ്ടിരിക്കണ്ട. തീർച്ചയായിട്ടും അനേകംപേർക്കും ഓരോ തരത്തിലുള്ള കുറവുകളോ പോരായ്മകളോ ഉണ്ട്. വിദ്യാഭ്യാസം പോരാത്ത ആളുകളുണ്ട്. ആരോഗ്യമില്ലാത്ത ആളുകളുണ്ട്.

ഒരു വിവാഹം ഇതുവരെയും നടക്കാതെ പ്രയാസത്തിൽ കഴിയുന്ന ആളുകളുണ്ട്. ഒരു കുഞ്ഞ് പിറക്കാതെ യാതനയിലും വേദനയിലും കഴിയുന്ന ആളുകളുണ്ട്. ഒരു വരുമാനമാർഗ്ഗമില്ലാതെ വിഷമിക്കുന്ന ആളുകളുണ്ട്.

കടത്തിൽ മുങ്ങി വലയുന്ന ആളുകളുണ്ട്. തലപൊക്കി നോക്കുക. ഇനിയും നീ തലതാഴ്ത്തി ഇരിക്കണ്ട. നീ ഇനിയും അപകർഷതാബോധത്തിന് അടിമപ്പെട്ടിരിക്കണ്ട. വേദപുസ്തകം വായിക്കുമ്പോൾ തലപൊക്കുക എന്ന് പറയുന്ന അനേകമനേകം സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കും.

1. Promise – വാഗ്ദത്തം

2. Dedication – സമർപ്പണം.

മൂന്നാമത് തലപൊക്കി നോക്കുന്ന കാര്യം നാം കാണുന്നത് ഉൽപത്തി പുസ്തകം 22–ാം അദ്ധ്യായം 13–ാം വാക്യത്തിലാണ്.

> *“അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുന്നത് കണ്ടു; അബ്രാഹാം ചെന്നു ആട്ടുകൊറ്റനെ പിടിച്ചു തന്റെ മകനു പകരം ഹോമയാഗം കഴിച്ചു.” ഉല്പത്തി 22 : 13*

അബ്രാഹാമിന് മകനുണ്ടായി. യിസ്ഹാക്ക് ജനിച്ചു. വീട്ടിൽ ചിരിയുണ്ടായി. സാറയ്ക്ക് സന്തോഷം, അബ്രാഹാമിന് സന്തോഷം. ഒരു വലിയ ആഘോഷത്തിന്റെ പ്രതീതിയാണ് ആ ഭവനത്തിലുള്ളത്. ഒരു ദിവസം അബ്രാഹാം ഉറങ്ങിക്കിടക്കുമ്പോൾ പെട്ടെന്നൊരു ശബ്ദം കേട്ടു. പരിചയമുള്ള ശബ്ദം!

അബ്രാഹാമിന് ദൈവത്തിന്റെ ശബ്ദം കേട്ട് പരിചയമുണ്ട്. അബ്രാഹാം കാതോർത്തു. ദൈവം പറഞ്ഞു: “അബ്രാഹാമേ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ കൂട്ടിക്കൊണ്ട് നീ മോറിയാദേശത്ത് ചെന്ന് അവിടെ ഞാൻ നിനക്ക് കാണിച്ചു തരുന്ന മലയിൽ യാഗം കഴിക്കുക.”

അബ്രാഹാം ഞെട്ടിപ്പോയി. ദൈവം തന്ന ദാനത്തെ കൊല്ലണമെന്നോ! അബ്രാഹാമിന് ഉറപ്പുവരുന്നില്ല. ഇതുവരെ ഒരു മനുഷ്യനെ യാഗം കഴിച്ചതായിട്ട് ചരിത്രത്തിലില്ല. അപ്പോൾ എന്തായിരിക്കും എന്റെ മകനെ യാഗം കഴിക്കാൻ കർത്താവ് പറഞ്ഞത്? അബ്രാഹാമിന് മനസ്സിലാകുന്നില്ല.

പക്ഷേ ഒരു കാര്യം അബ്രാഹാം ഉറച്ചു. ദൈവം പറഞ്ഞത് ഞാൻ അനുസരിക്കും. ഇതുവരെയും ദൈവം പറഞ്ഞത് അനുസരിച്ചാണല്ലോ ഞാൻ പുറപ്പെട്ടത്. പിന്നേയും അബ്രാഹാം ഓർത്തു: ഈ കുഞ്ഞിനെ ഞാൻ എന്റെ

കൈകൊണ്ട് കൊല്ലണമല്ലോ! അബ്രാഹാമിന് പിന്നെ ഉറക്കം വന്നില്ല. അബ്രാഹാം തിരിഞ്ഞും മറിഞ്ഞും കിടന്നു.

അബ്രാഹാം പിന്നെയും ചിന്തിക്കുകയാണ്: എന്റെ മകനെ കൊല്ലാൻ ദൈവം പറയുമോ? അവസാനം അബ്രാഹാം ഒരു നിഗമനത്തിൽ എത്തിച്ചേർന്നു. എന്റെ മകനെ കൊല്ലാൻ ദൈവമാണ് പറഞ്ഞത്. അതിന് സംശയമില്ല. മോറിയാ ദേശത്തുനിന്ന് ഞാൻ തിരിച്ചുപോരുമ്പോൾ അങ്ങോട്ടു പോയപോലെ തന്നെ എന്റെ മകനെയും കൂട്ടിക്കൊണ്ട് ഞാൻ പോരും. എന്റെ ദൈവം സർവ്വവല്ലഭനാണ്, സർവ്വശക്തനാണ്. എന്റെ മകനെ ഞാൻ കൊന്നാലും അവനെ ദഹിപ്പിക്കുന്ന ചാരത്തിൽനിന്ന് ഒരു യിസ്ഹാക്കിനെ ദൈവം ഉയിർത്തെഴുന്നേൽപ്പിച്ച് തരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇതാണ് വിശ്വാസം. അബ്രാഹാമിന് ഒരു സംശയവുമില്ല. അബ്രാഹാം അതിരാവിലെ ഭാര്യ സാറയോട് പറഞ്ഞു: ഞങ്ങൾ യാഗം കഴിക്കാൻ പോവുകയാണ്. യാഗം കഴിച്ചിട്ട് ഞങ്ങൾ രണ്ടുപേരും മടങ്ങി വരും. അബ്രാഹാമിന് ഒരു സംശയവുമില്ല. ദൈവം പറഞ്ഞതനുസരിച്ച് മകനെ യാഗം കഴിച്ചാൽ ആ യാഗാഗ്നിയിലെ ചാരത്തിൽനിന്ന് എന്റെ മകനെ ഉയിർത്തെഴുന്നേൽപ്പിക്കും എന്നുള്ള ഉറപ്പ്!

ദൈവത്തിലുള്ള വിശ്വാസം, ദൈവത്തിന്റെ വചനത്തിലുള്ള വിശ്വാസം. അബ്രാഹാം മകനെയും കൂട്ടിക്കൊണ്ട് യാത്ര പുറപ്പെട്ടു. മൂന്ന് ദിവസത്തെ വഴി യാത്രചെയ്ത് അവർ മോറിയാദേശത്ത് എത്തി. അവിടെയുള്ള മലയിലാണ് ദൈവം യാഗം കഴിക്കാൻ പറഞ്ഞത്.

അബ്രാഹാമും മകൻ യിസ്ഹാക്കും മല കയറുകയാണ്. ഇടയ്ക്ക് മകൻ അപ്പനോട് ചോദിച്ചു: “വിറകുണ്ട്, തീയുണ്ട്, കത്തിയുമുണ്ട് പക്ഷേ, യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?” അത് ചോദിച്ചപ്പോൾ അബ്രാഹാം ഒന്നു ഞെട്ടി, ഇത്രയും മാത്രം പറഞ്ഞു: “മോനേ, ദൈവം കരുതിക്കൊള്ളും.”

'യഹോവ യിരേ.'

പിന്നെ യിസ്ഹാക്കിന് സംശയമില്ല. അപ്പൻ കൂടാരത്തിനകത്തിരുന്ന് പ്രാർത്ഥിക്കുന്നതും കണ്ണുനീരോടെ പ്രാർത്ഥിച്ചതിനു ശേഷം ഇറങ്ങി വരുന്നതുമെല്ലാം ഈ മോൻ കണ്ടിട്ടുണ്ട്. അപ്പൻ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുന്നത് ഈ മകൻ കണ്ടിട്ടുണ്ട്. നല്ല ഉറപ്പാണ്, ദൈവം കരുതിക്കൊള്ളും.

അങ്ങ് മോറിയാമലയുടെ മുകളിലെത്തി. കല്ലുകളെല്ലാം ചേർത്തുവച്ചു. എല്ലാം ഒരുക്കി. വിറകെടുത്തുവച്ചു. കൈയിൽ കരുതിയിരുന്ന തീ എടുത്തു. കത്തിയെടുത്തു. അബ്രാഹാം മോനെ അടുത്തേക്ക് വിളിച്ചു. അവന്റെ നെറുകയിൽ ഉമ്മവച്ചിട്ട് പറഞ്ഞു: മകനേ, നിന്നെയാണ് യാഗം കഴിക്കാൻ നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത്! ഉടനെ അവൻ കൈനീട്ടിക്കൊടുത്തു. കൈരണ്ടും കെട്ടി. കാലും കെട്ടി. താൻ ഓമനിച്ച് വളർത്തുന്ന ഓമന പൈതലിനെ അബ്രാഹാം വിറകിനുമീതെ കിടത്തി!

അബ്രാഹാമിന്റെ ഹൃദയം നല്ല ഉറപ്പോടുകൂടിയാണിരിക്കുന്നത്. എന്റെ മകനെ ഇവിടെ കൊന്നാൽ അവനെ കത്തിക്കുന്ന ചാരത്തിൽനിന്ന് ദൈവം അവനെ ഉയിർത്തെഴുന്നേൽപ്പിക്കും. നല്ല ഉറപ്പോടുകൂടിയാണ് അബ്രാഹാം കത്തിയെടുത്തത്.

വേലക്കാരോട് അബ്രാഹാം പറഞ്ഞത്: "ഞാനും മോനും യാഗം കഴിച്ചിട്ട് മടങ്ങി വരാം" എന്നാണ്. എന്തൊരു വിശ്വാസം! വിശ്വാസത്തിന്റെ ദാർഢ്യമാണ് വാസ്തവത്തിൽ വിജയത്തിന്റെ ചിഹ്നം; വിജയത്തിനുള്ള ഒരേയൊരു പോംവഴി. കല്പിക്കുന്നത് ദൈവമാണോ, അത് ഏറ്റവും നല്ലതിനാണ്. അവിശ്വാസമാണ് പലരേയും നശിപ്പിക്കുന്നത്. സാത്താൻ പല ദുരാലോചനകളും തരും.

അബ്രാഹാമിന് ഒരു സംശയവും തോന്നിയില്ല. കത്തിയെടുത്ത് വെട്ടാൻ തുടങ്ങുമ്പോഴേക്കും പെട്ടെന്നൊരു

ശബ്ദം: “അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെമേൽ കൈ വയ്ക്കരുത്.” അബ്രാഹാം ഞെട്ടലോടെ നോക്കി. ദൈവം പറഞ്ഞു: “നീ എന്നെ അനുസരിച്ചതുകൊണ്ട് ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു.”

അബ്രാഹാം ശാന്തമായി തലതാഴ്ത്തി, വീണ്ടും തലപൊക്കിനോക്കി. അത് അല്പം ഗൗരവമുള്ള നോട്ടമാണ്. കർത്താവേ, യാഗപീഠം ഒരുക്കിയിട്ടുണ്ട്. വിറക് അടുക്കിയിട്ടുണ്ട്. നീ പറഞ്ഞതനുസരിച്ചാണ് ഇത്രയൊക്കെ ചെയ്തത്. ഇനി ഞാൻ പറയുന്നത് നീ ഒന്നനുസരിക്കണം. ഒരു ആട്ടിൻ കുട്ടിയെ നീ തരണം.

അബ്രാഹാം യിസ്ഹാക്കിന്റെ ചുമലിൽ വിറകുകെട്ട് വച്ച് മലകയറുമ്പോൾ ആ മലയുടെ അപ്പുറത്തെ വശത്തുനിന്ന് ഒരു ആട്ടുകൊറ്റൻ കയറി വരുന്നുണ്ടായിരുന്നു. അബ്രാഹാം യാഗപീഠം ഒരുക്കിയതിന്റെ അടുത്ത് കൊമ്പ് കാട്ടിൽ കുരുങ്ങി ഒരു ആട്ടുകൊറ്റൻ അവിടെ കിടക്കുന്നു.

നിത്യനായ ദൈവം provide ചെയ്യുന്നവനാണ്. എല്ലാം നൽകുന്നവനാണ്. നിങ്ങൾക്ക് ദൈവത്തിന്റെ വചനം അനുസരിക്കാൻ സാധിക്കുമോ? എന്നാൽ നിങ്ങൾ ജയിച്ചു. ദൈവത്തിന്റെ വചനം കിട്ടിയിട്ട് അനുസരിച്ചില്ലെങ്കിലോ പരാജയമായി. അബ്രാഹാമിന് ഭാഗ്യവശാൽ ദൈവത്തിന്റെ വചനം കിട്ടി.

നിത്യനായ ദൈവം എല്ലാം മുൻകൂട്ടി കരുതിയിരുന്നു. നമ്മുടെ ജീവിതത്തിൽ നിരാശകളുണ്ട്. കഷ്ടപ്പാടുകളുണ്ട്. ഭാരത്തോടെ ആകുലപ്പെട്ട് കരയുന്നുണ്ട്. ഉള്ളം ഞരങ്ങുന്നുണ്ട്. പക്ഷേ സ്വർഗ്ഗത്തിലെ ദൈവം പരിഹാരം കണ്ടിരിക്കുന്നു. ദൈവസന്നിധിയിൽ പരിഹാരമുണ്ട്.

എല്ലാം ദൈവം ഒരുക്കിയിട്ടുണ്ട്. ആട്ടുകൊറ്റൻ അപ്പുറത്തുകൂടെ കയറിക്കയറി വരുന്നു. എല്ലാം ദൈവത്തിന്റെ നിശ്ചയമാണ്. യിസ്ഹാക്കിനെ യാഗം കഴിക്കേണ്ടിടത്ത്

ആട്ടുകൊറ്റനെ യാഗം കഴിക്കാൻ സാധിക്കും എന്ന് ദൈവം കാണുന്നുണ്ട്. അതുകൊണ്ട് ഒരു ആട്ടുകൊറ്റനെ ദൈവം ഒരുക്കിക്കൊണ്ട് വന്നിരിക്കുകയാണ്. അത് ദൈവത്തിന്റെ പരിപാടിയാണ്.

വിശ്വാസം പരീക്ഷിക്കപ്പെട്ടപ്പോൾ അബ്രാഹാം ചഞ്ചല പ്പെട്ടില്ല. അബ്രാഹാം തളർന്നില്ല. അൽപ്പംപോലും വിഷമിച്ചില്ല. അബ്രാഹാം യാഗം കഴിക്കാൻ തയ്യാറായി. അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ ആട്ടുകൊറ്റനെ കണ്ടു. ദൈവത്തിന്റെ provision, മുൻകരുതൽ കണ്ടു.

1. ദൈവത്തിന്റെ promise കാണാൻ തലപൊക്കി നോക്കി.
2. ദൈവത്തിനായി ജീവിതം dedicate ചെയ്യാൻ തലപൊക്കി നോക്കി.
3. ദൈവത്തിന്റെ provision കാണാൻ തലപൊക്കി നോക്കി.

നമുക്കുവേണ്ടി കരുതാൻ ഒരു നല്ല ദൈവമുണ്ട്. അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്നതിനുമുമ്പേ നമ്മെ അറിഞ്ഞവൻ. ഈ നിത്യനായ ദൈവം നമ്മുടെ ഓരോ ചുവടു വയ്പ്പും അറിയുന്നു.

ഓരോ നിമിഷവും അവൻ നമ്മെ കാണുന്നു. അവന്റെ സ്നേഹം നമ്മെ വശീകരിച്ച് നിരന്തരം നയിച്ചുകൊണ്ടിരിക്കുന്നു. ദൈവം നമ്മെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. അബ്രാഹാമിനെ നടത്തിയ ദൈവം നമ്മെ നടത്താൻ തന്റെ കരം നീട്ടുകയാണ്. നിങ്ങൾക്ക് വിശ്വസിക്കാമോ?

ജീവനുള്ള ദൈവത്തിന്റെ വചനമനുസരിച്ച് നിങ്ങൾ കീഴ്പ്പെട്ടിരുന്നാൽ നിങ്ങൾക്കുവേണ്ടി ദൈവം എല്ലാം provide ചെയ്തിട്ടുണ്ട്. എല്ലാം കരുതിയിട്ടുണ്ട്. വേദപുസ്തകം പറയുന്നു: “അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടു കൊൾവിൻ.”

എന്തുമാത്രം ചിന്താകുലങ്ങളായിരുന്നു എനിക്ക്? നിരാശയായിരുന്നു, അപകർഷതാബോധമായിരുന്നു. 10-ാം ക്ലാസ് പാസ്സായി, പഠിത്തം മുടങ്ങി. ഞാൻ തളർന്നുപോയി. പഠിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു, സാധിച്ചില്ല. എനിക്ക് ഒരു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചു. അപ്പന്റെ കാലത്ത് നല്ല പ്രതാപമായിരുന്നു. ഐശ്വര്യമുള്ള ഒരു കുടുംബം. 33-ാമത്തെ വയസ്സിൽ അപ്പൻ ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടു. ഞാൻ നിരാശനായിരുന്നു. എന്റെ മുഖം വാടിപ്പോയിരുന്നു.

എനിക്ക് ഭാവിയെക്കുറിച്ച് പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. എന്തെങ്കിലും രോഗം വന്ന് മരിച്ചുപോയെങ്കിൽ എന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. കാരണം എനിക്ക് ഒരു പ്രതീക്ഷയുമില്ല. മനസ്സ് വാടിപ്പോയ ഒരു മനുഷ്യൻ. ആരും തിരിഞ്ഞു നോക്കാത്ത, ദു:ഖം തളംകെട്ടിയ ഒരു വീട്. അമ്മ കരയും, പെങ്ങൾ കരയും, ഞാനും കരയും.

എന്നാൽ 17-ാമത്തെ വയസ്സിൽ ഞങ്ങളുടെ ഇടവകപ്പള്ളിയിൽ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഒരത്ഭുതം സംഭവിച്ചു. യേശുക്രിസ്തു ഹൃദയത്തിലേക്ക് എഴുന്നള്ളി വന്നു. വചനത്തിന്റെ തീജ്ജ്വാല എന്നെ ജ്വലിപ്പിച്ചു. കർത്താവിന്റെ കൃപ എന്നെ തൊട്ടു. നിരാശപൂണ്ടിരിക്കുന്ന എന്റെ ഹൃദയത്തിലേക്ക് സമാധാനം ഇരച്ചുകയറി വന്നു.

ദൈവം provide ചെയ്യുന്നവനാണ്. ദൈവം ആകുലം മാറ്റുന്നവനാണ്. ഏതെങ്കിലും കാര്യത്തിൽ ആകുലപ്പെട്ടിരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ വിശ്വസിക്കൂ, നിങ്ങളുടെ ആകുലം മാറ്റാൻ കർത്താവായ യേശുക്രിസ്തുവിന് കഴിയും. നിങ്ങൾ ഉള്ളുതുറന്ന് പറഞ്ഞാൽ മതി.

കർത്താവേ, ഞാൻ ഭാരപ്പെടുന്ന ഒരു മനുഷ്യനാണ്. നുകം ചുമക്കുന്ന മനുഷ്യനാണ്. അനേകം ചുമടുകൾ ചുമക്കുന്ന മനുഷ്യനാണ്. പല കാര്യങ്ങളിൽ ഞാൻ ബന്ധനസ്ഥനാണ്. പാപത്തിന്റെ ബന്ധനം എനിക്കുണ്ട്. ജീവിതത്തിൽ

അനേകമനേകം പ്രയാസങ്ങളും വിഷമതകളും എന്നെ വലയം ചെയ്യുന്നുണ്ട്. നാഥാ, നിന്റെ തൃക്കരം നീട്ടി നീ എന്നെ തൊടണമേ എന്നു പറയുമ്പോൾ യേശുക്രിസ്തുവിന്റെ കരം വന്ന് നിങ്ങളുടെ ഹൃദയത്തിൽ തൊടും. നിങ്ങൾ ഏങ്ങലടിച്ച് കരയാൻ തുടങ്ങും.

അന്ന് ആ പള്ളിയിലിരുന്ന് വചനം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ ഏങ്ങലടിച്ച് കരഞ്ഞു. അത് ഒരു വലിയ അനുഭവമായിരുന്നു. ഏതോ ഒരു ശാന്തി എന്റെ ഹൃദയത്തിലേക്ക് കടന്നുവരുന്നത് ഞാൻ അനുഭവിച്ചു. ഏതോ ഒരു സമാധാനം! ഞാൻ എപ്പോഴോ പറഞ്ഞു: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

പ്രിയപ്പെട്ടവരേ, അന്ന് ഈ ജീവിതം യേശുവിന്റെ കരങ്ങളിലായി. ഈ ജീവിതം യേശു ഏറ്റെടുത്തു. എനിക്കൊരു സമാധാനം കിട്ടി.

സ്നേഹിതാ, നീ സമാധാനമില്ലാതെയാണ് ഇരിക്കുന്നതെങ്കിൽ ദൈവത്തോട് പറയൂ, ആ സ്വർഗ്ഗീയശാന്തി എന്റെ മേലൊന്നു പകരണമേ എന്ന്. മകളേ, നീയിന്ന് വേദനിച്ചു വിഷമിച്ചാണ് ഇരിക്കുന്നതെങ്കിൽ നീ ദൈവത്തോടു പറയൂ, ആ സ്വർഗ്ഗീയസമാധാനം എന്റെമേൽ പകരണമേ എന്ന്.

യേശുക്രിസ്തു എന്റെ ജീവന്റെ ജീവനാണ്. യേശുക്രിസ്തു എന്റെ സ്വത്താണ്. യേശുക്രിസ്തു എന്റെ കൃപയുടെ നിറവാണ്. യേശുക്രിസ്തു ആദിയും അന്തവും ഇല്ലാത്തവനാണ്. യേശുക്രിസ്തു ജീവനുള്ള ദൈവമാണ്. യേശുക്രിസ്തു പാപിയെ രക്ഷിക്കുന്നവനാണ്. യേശുക്രിസ്തു കണ്ണുനീർ തൂകുന്നവന്റെ കണ്ണുനീർ തുടച്ചുമാറ്റുന്നവനാണ്.

യേശുക്രിസ്തു കടബാദ്ധ്യതകൾ നീക്കുന്നവനാണ്. നിങ്ങളുടെ മുഖത്തിന്റെ ശോഭ വർദ്ധിപ്പിക്കുന്നവനാണ്. യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ ആവേശം പകരുന്നവനാണ്. നിങ്ങൾക്ക് ശോഭനമായ ഭാവി തരുന്നവനാണ്.

വിശ്വസിക്കൂ പ്രിയപ്പെട്ടവരേ, യേശു നിങ്ങളുടെ അരികത്തുണ്ട്.

നിങ്ങളെ തൊടുവാൻ, നിങ്ങളെ അനുഗ്രഹിക്കാൻ, ഭാരങ്ങൾ ഏറ്റെടുക്കുവാൻ, നിന്റെ പ്രശ്നങ്ങളെല്ലാം ഏറ്റെടുക്കുവാൻ യേശുവിതാ കാത്ത് നിൽക്കുകയാണ്. മോനേ, നീ ഒന്ന് സമ്മതിച്ചാൽ മതി. കർത്താവേ, എന്റെ ഹൃദയം ഞാനിതാ തുറന്നു തരുന്നു. എന്റെ ഭാവി നിന്നെ ഞാൻ ഏല്പിക്കുന്നു.

എനിക്ക് സ്വന്തം പരിപാടിയില്ല. സ്വന്തം ജീവിതമില്ല. എന്റെ ഭാവി മുഴുവൻ നിന്റെ കരങ്ങളിൽ തരുന്നു. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

നിങ്ങളാരെല്ലാം ഭാരപ്പെട്ട് മനസ്സ് വാടിയിരിക്കുന്നുണ്ട്. പലപല കാര്യങ്ങളായിരിക്കാം. മക്കളെക്കുറിച്ചുള്ള പ്രയാസങ്ങളായിരിക്കാം. മക്കളുടെ രോഗമായിരിക്കാം. ഭർത്താവിന്റെ രോഗമായിരിക്കാം. ഭാര്യയുടെ ഏതെങ്കിലും ദു:സ്വഭാവമായിരിക്കാം. ഓരോ തരത്തിൽ മനസ്സ് കലങ്ങിയിരിക്കുന്നു.

എന്നാൽ പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയത്തിന്റെ കലക്കം മാറ്റാൻ യേശുക്രിസ്തു ജീവിക്കുന്നുണ്ട്. നിങ്ങൾ വിശ്വസിക്കുമെങ്കിൽ നിങ്ങളുടെ അരികത്ത് യേശുക്രിസ്തു നിൽക്കുന്നത് നിങ്ങൾക്കനുഭവിക്കാം. യേശുക്രിസ്തുവിന്റെ തൃക്കരം നിങ്ങളുടെ തലമേൽ വയ്ക്കുന്നത്, നിങ്ങളുടെ രോഗത്തിന്മേൽ യേശുക്രിസ്തു കരം വയ്ക്കുന്നത് നിങ്ങൾക്കനുഭവിക്കാം.

ഭാര്യ മരിച്ചുപോയതുകൊണ്ട് ദു:ഖിച്ചിരിക്കുന്ന ഭർത്താക്കന്മാരുണ്ട്. ഭർത്താവ് നേരത്തേ മരിച്ചുപോയതുകൊണ്ട് ഏകാകിയായി കരയുന്ന ഭാര്യമാരുണ്ട്. മക്കളില്ലാത്തതുകൊണ്ട് വേദനിക്കുന്ന ആളുകളുണ്ട്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരകനാണ് കർത്താവായ യേശുക്രിസ്തു.

അനേകരിന്ന് സാമ്പത്തികമായ ഞെരുക്കത്തിൽ

വലയുന്നവരാണ്. പൈസയില്ല. വാങ്ങിച്ച പൈസ തിരിച്ചു കൊടുക്കാൻ മാർഗ്ഗം കാണുന്നില്ല. ഒരു ആഭിജാത്യവും പേരുമെല്ലാം ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം പോയി. മനസ്സു വേദനിച്ചു വിഷമിക്കുന്നു. എന്തുചെയ്യും?

നിങ്ങൾ കർത്താവിന്റെ പാദത്തിൽ ചെന്ന് മുട്ടുമടക്കൂ. കർത്താവിനോട് പറയൂ: ഈ കാര്യത്തിൽ നീ എനിക്കൊരു പരിഹാരം തന്നേ പറ്റൂ. ഞാൻ നിന്റെ വകയാണെന്ന് സമർപ്പിച്ച തല്ലേ. എന്റെ ഭാവി നിന്നെ ഏൽപിച്ചതല്ലേ? ഈ കാര്യത്തിൽ നിന്റെ കരം ഒന്ന് നീട്ടണം. എന്നെ നീയൊന്ന് തൊടണം.

കർത്താവേ, എന്റെ ജീവിതത്തിൽ ഇത്രയും കാലം വന്നു പോയ പാപങ്ങളെല്ലാം നീയൊന്ന് ക്ഷമിച്ചുതരണം. എല്ലാ പാപവും കഴുകിത്തരണം. ഒന്ന് ഞാൻ നിന്നോട് പറയാം. മേലിൽ ഒരു പാപവും വരാതെ എന്നെത്തന്നെ സൂക്ഷിച്ചു കൊള്ളാം. ഇപ്പോൾ നീ മനസ്സലിഞ്ഞ് നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്ന് വയ്ക്കണമേ.

അപ്പോൾ യേശു നിങ്ങളെ തൊടും. നിങ്ങളുടെ കണ്ണുനീര് തുടക്കും. യേശു നിങ്ങളുടെ തലമേൽ തലോടിത്തരും. എന്റെ യേശു നല്ലവനാണ്. പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥന കേൾക്കു ന്നവനാണ്. അവൻ മനസ്സിലെ ഭാരങ്ങൾ മാറ്റുന്നവനാണ്.

ദൈവത്തിന്റെ കരുതൽ കാണാൻ തലപൊക്കി നോക്കുക. തലപൊക്കി നോക്കാൻ ദൈവം ആജ്ഞാപിക്കുന്നു. നീ ഇനിയും നിരാശപ്പെട്ട് തലതാഴ്ത്തി ഇരിക്കണ്ട.

# നാല്

*"തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 49 : 18*

*"നീ തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 60 : 4*

തല താണിരിക്കണ്ട. നീ ഇനിയും അപകർഷതാബോധത്തോടെ ഇരിക്കണ്ട. നീ ഇനിയും മനസ്സ് വാടി ഇരിക്കണ്ട. ഇനിയും നീ ഭാരപ്പെട്ട് ഇരിക്കണ്ട. മ്ലാനവദനനായി ഇരിക്കണ്ട. തലപൊക്കുക. ചുറ്റും നോക്കുക.

തലപൊക്കി നോക്കാനാണ് ദൈവം പറയുന്നത്. നിങ്ങളുടെ പലരുടേയും മനസ്സ് മ്ലാനമായിട്ടിരിക്കുകയാണ്. ഉള്ള് ചഞ്ചലപ്പെട്ടിരിക്കുകയാണ്. ഹൃദയം വിഷാദിച്ചിരിക്കുകയാണ്. പലകാരണങ്ങളാൽ തല താണിരിക്കുകയാണ്. നിങ്ങൾക്ക് എന്തിലെല്ലാമാണ് അപകർഷതാബോധം? മറ്റുള്ളവർക്കുള്ള വിദ്യാഭ്യാസം എനിക്കില്ലല്ലോ. മറ്റു ചിലർക്കുള്ളതുപോലെയുള്ള സമാധാനമായ ഒരു കുടുംബജീവിതം എനിക്കില്ലല്ലോ എന്നിങ്ങനെയുള്ള അനേകമനേകം കാര്യങ്ങളിൽ തല താണിരിക്കുകയാണ്.

ദൈവം പറയുന്നു: തലപൊക്കി നോക്കുക എന്ന്. ഏതെല്ലാം കാര്യത്തിൽ നിങ്ങൾക്ക് അപകർഷതയുണ്ടോ, ഏതെല്ലാം കാര്യത്തിൽ നിങ്ങൾക്ക് ക്ഷീണമുണ്ടോ എല്ലാം മാറ്റിത്തരാൻ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു.

നിങ്ങൾ എത്ര താണ നിലവാരത്തിലാണെങ്കിലും പ്രതീക്ഷ

നശിച്ചുപോയതാണെങ്കിലും വിശ്വസിക്കൂ, ഇന്നത്തെ ഈ അവസ്ഥ മാറും. ഇന്നത്തെ സ്ഥിതിവിശേഷം മാറും. ഇന്നത്തെ ദു:ഖകരമായ അവസ്ഥകൾ മാറും. നമുക്കൊരു നല്ല കാലം ലഭിക്കും.

> *“അനന്തരം യാക്കോബ് തലപൊക്കി നോക്കി, ഏശാവും അവനോടുകൂടെ നാനൂറ് ആളും വരുന്നതു കണ്ടു; തന്റെ മക്കളെ ലേയയുടെ അടുക്കലും റാഹേലിന്റെ അടുക്കലും രണ്ടു ദാസിമാരുടെ അടുക്കലും വിഭാഗിച്ചു നിർത്തി. അവൻ ദാസിമാരെയും അവരുടെ മക്കളെയും മുമ്പായും ലേയയെയും അവളുടെ മക്കളെയും പിന്നാലെയും റാഹേലിനെയും യോസേഫിനെയും ഒടുക്കമായും നിർത്തി. അവൻ അവർക്കു മുമ്പായി കടന്നു ഏഴുപ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചു കൊണ്ട് തന്റെ സഹോദരനോട് അടുത്തുചെന്നു. ഏശാവ് ഓടിവന്നു അവനെ എതിരേറ്റു, ആലിംഗനം ചെയ്തു; അവന്റെ കഴുത്തിൽ വീണ് അവനെ ചുംബിച്ചു, രണ്ടുപേരും കരഞ്ഞു. പിന്നെ അവൻ തലപൊക്കി സ്ത്രീകളെയും കുഞ്ഞുങ്ങളെയും കണ്ടു: നിന്നോടുകൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന്: ദൈവം അടിയന് നൽകിയിരിക്കുന്ന മക്കൾ എന്ന് അവൻ പറഞ്ഞു.” ഉല്പത്തി 33 : 1 – 5*

വളരെ ഹൃദയസ്പർശിയായ ഒരു രംഗമാണിത്. സഹോദരന്മാർ 20 വർഷത്തിന് ശേഷമാണ് കണ്ടുമുട്ടുന്നത്. 20 വർഷം മുമ്പ് ഏശാവിനെ ഭയന്ന് മരണഭീതിയോടു കൂടി വീടുവിട്ട് ഓടിയവനാണ് യാക്കോബ്. അന്ന് ഏകനായി ഓടിപ്പോയ യാക്കോബ്, ഇപ്പോൾ രണ്ട് ഭാര്യമാർ, മക്കൾ, ദാസിമാർ, വേലക്കാർ, ആടുമാടുകൾ ഇങ്ങനെ ഒരു വലിയ

സംഘമായിത്തീർന്നിരിക്കുന്നു.

പക്ഷേ, ഏശാവ് വരുന്നു എന്ന് കേട്ടപ്പോൾത്തന്നെ യാക്കോബിന് വളരെ പേടിയായി. 20 കൊല്ലംമുമ്പ് എന്നെ കൊല്ലുമെന്ന് പറഞ്ഞ എന്റെ സഹോദരൻ ഇപ്പോൾ വഴിമദ്ധ്യത്തിൽ വച്ച് എന്നെയും എന്റെ കൂട്ടത്തിലുള്ള സകലരെയും നശിപ്പിക്കാനാണല്ലോ വരുന്നതെന്ന് യാക്കോബ് ഓർത്തു. ശരിക്കും മരണഭയത്തോടുകൂടി യാക്കോബ് മുന്നോട്ടു നീങ്ങുകയാണ്.

ഏശാവ് 400 ആളുകളുമായിട്ടാണ് വരുന്നത് എന്നാണ് കേട്ടത്. യാക്കോബ് ഭയന്ന് തലപൊക്കി നോക്കി. ഏശാവും 400 ആളുകളും വരുന്നു. യാക്കോബ് ശരിക്കും പേടിച്ചുപോയി. ജീവിതമിതാ തീരാൻ പോവുകയാണ്.

എന്നാൽ വളരെ ബുദ്ധിമാനാണ് യാക്കോബ്. സൂത്ര ശാലിയാണ്. നല്ലതുപോലെ ചിന്തിച്ചാണ് യാക്കോബ് എല്ലാം ചെയ്തത്. കൊല്ലുകയാണെങ്കിൽ ആദ്യം വന്ന് ദാസിമാരെ കൊല്ലട്ടെ. പിന്നെയും കൊല്ലുകയാണെങ്കിൽ ലേയയെയും മക്കളെയും കൊല്ലട്ടെ. പിന്നെയും കൊല്ലുകയാണെങ്കിൽ റാഹേലിനെയും മകനെയും കൊല്ലട്ടെ. വളരെ കരുതിക്കൂട്ടിയാണ് യാക്കോബ് നിൽക്കുന്നത്. അവന്റെ ബുദ്ധിയൊന്നും ജയിക്കാൻ പോകുന്നില്ല എന്ന് അവന്റെ കഴിഞ്ഞകാല അനുഭവങ്ങളിൽ അവനറിയാം.

ഇവിടെ താണേപറ്റൂ. യാക്കോബ് നിലംവരെ കുനിഞ്ഞ് ഏഴ് പ്രാവശ്യം സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഏശാവിന്റെ മുമ്പിലേക്ക് ചെന്നു. ഇവിടെ നാം കാണുന്നത് തലപൊക്കി നോക്കിയപ്പോൾ conciliation – അനുരഞ്ജനം!

അകന്നുപോയവർ തമ്മിൽ അടുക്കുന്നു. ഒരു ന്യായവും പറയുന്നില്ല. തെറ്റ് പറ്റിപ്പോയി എന്നുള്ള നല്ല ബോധത്തോടെ, ഞാൻ എന്റെ സഹോദരനെ ചതിച്ചിട്ടാണല്ലോ പോന്നത്

എന്നുള്ള പരാജയബോധത്തോടെ യാക്കോബ് നിലംവരെ കുനിഞ്ഞ് സാഷ്ടാംഗം വീണു.

അനുരഞ്ജനം വേണമെങ്കിൽ ന്യായം പറയാൻ ഉണ്ടാകരുത്. അകന്നിരിക്കുന്ന ആരോടെങ്കിലും അടുക്കണമെന്നുണ്ടെങ്കിൽ ഒരു അവകാശവാദവും പാടില്ല. ഒരു ന്യായവും പാടില്ല. നാം എളിമയോടുകൂടി ചെല്ലുക.

ഇന്ന് സഹോദരങ്ങൾ തമ്മിൽ ആന്തരികമായ ഒരു സ്വരച്ചേർച്ചയുണ്ടോ? ആന്തരികമായ oneness ഉണ്ടോ? ഒരു അപ്പന്റേയും അമ്മയുടേയും മക്കൾ, ഏശാവും യാക്കോബും. പക്ഷേ, അവർ രണ്ടുപേരും കടുത്ത ശത്രുതയിലായിപ്പോയി. 20 കൊല്ലം ശത്രുത മനസ്സിൽ വച്ചുകൊണ്ടിരുന്നു. എത്ര ദയനീയമായ അവസ്ഥ!

ഒരു പ്രശ്നം വന്നാൽ അടുത്ത ദിവസം തന്നെ അത് തീർക്കേണ്ടതാണ്. പക്ഷേ, സാധിച്ചില്ല. ഹൃദയത്തിൽ കാലുഷ്യം വച്ചുകൊണ്ടിരിക്കുന്നു. ഏശാവിന് കലശലായ വൈരാഗ്യം. യാക്കോബിന് ഭയം. ജ്യേഷ്ഠന്റെ മുമ്പിലേക്ക് ചെല്ലാൻ യാക്കോബിന് ധൈര്യമില്ല. ആ സ്ഥിതിയിൽ 20 കൊല്ലം കഴിഞ്ഞു. ഇപ്പോൾ ഏശാവ് വരുന്നത് കേട്ട് യാക്കോബ് പേടിച്ചുപോയി. യാക്കോബ് ഓർത്തു: തന്റെ ഭാവി തീർന്നു. പ്രതീക്ഷകൾ നശിച്ചു. അങ്ങനെ ഏശാവിന്റെ അരികിലേക്ക് യാക്കോബ് വളരെ വിനയത്തോടെ ചെന്ന് കാൽക്കൽ കുമ്പിട്ടു.

ആരോടെങ്കിലും അകൽച്ചയുണ്ടെങ്കിൽ ആ ആൾ ഇങ്ങോട്ടു വരട്ടെ, എന്നോട് വന്ന് മാപ്പ് ചോദിക്കട്ടെ എന്ന് വിചാരിക്കരുത്. പക്ഷേ, നമുക്ക് എന്തെല്ലാം ന്യായമുണ്ടെങ്കിലും ആർക്കെങ്കിലും നിങ്ങളോട് എന്തെങ്കിലും വൈരാഗ്യമുണ്ടെന്ന് തോന്നിയാൽ നിങ്ങൾ ആദ്യം ചെന്ന് അവരോട് നിരന്നുകൊൾക. പിന്നെ നിന്റെ വഴിപാട് കഴിക്ക.

ഇത് ദൈവത്തിന്റെ വചനമാണ്. ഒരു കാരണവശാലും നമ്മുടെ ജീവിതത്തിൽ ആരോടും ഒരകൽച്ച വച്ചുകൊണ്ടിരിക്കരുത്. ആത്മീയജീവിതം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ഈ ലോകത്തിൽ ആരോടും നമ്മുടെ ഹൃദയത്തിൽ അല്പംപോലും ഈർഷ്യയോ മുഷിച്ചിലോ പരിഭവമോ വച്ചുകൊണ്ടിരിക്കരുത്,

മരണം കഴിഞ്ഞ് നിത്യതയിലേക്ക് പോകുമ്പോൾ പിന്നെ നിലവിളിച്ചിട്ട് കാര്യമില്ല. നിരാശപ്പെട്ടിട്ട് കാര്യമില്ല. ഓർത്തു കൊള്ളണം. ആരോടും വൈരാഗ്യം ഉണ്ടായിരിക്കരുത്. ആഭ്യന്തര യുദ്ധം കഴിഞ്ഞ് എബ്രാഹാംലിങ്കൻ പ്രസിഡന്റായി സ്ഥാന മേൽക്കാൻ പോവുകയാണ്. അന്നത്തെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

With malice towards none<br>
And with charity for all

ആരോടും പരിഭവമില്ല. എല്ലാവരോടും സ്നേഹം മാത്രം. ഹൃദയം നിറഞ്ഞ സ്നേഹം മാത്രം. എബ്രാഹാം ലിങ്കന്റെ പ്രസംഗം ലോകത്തെമ്പാടും മുഴങ്ങിയ, മനുഷ്യഹൃദയത്തെ സ്വാധീനം ചെയ്ത പ്രസംഗമായിരുന്നു.

പ്രിയപ്പെട്ടവരേ, സാധിക്കുമോ നിങ്ങൾക്ക്? മരണം അടുത്തുവരുമ്പോൾ പലരും നമ്മുടെ മുമ്പിൽവന്ന് നിൽക്കുന്നത് നമുക്ക് മനസ്സിലാകും. നാം ക്ഷമിച്ചിട്ടില്ലാത്തവർ, നമുക്ക് ഇഷ്ടക്കുറവുണ്ടായിരുന്നവർ, നമ്മോട് ഇഷ്ടക്കുറവ് ഉണ്ടായിരുന്നവർ അവരെല്ലാം വന്ന് അണിനിരക്കുന്നതെല്ലാം നാം കണ്ടുകൊണ്ടിരിക്കും.

കണ്ണുമടച്ച്, ആളറിയാതെ കിടക്കുകയായിരിക്കും. പക്ഷേ, അപ്പോഴാണ് ഇതെല്ലാം വന്ന് അണിനിരക്കുന്നത്. ആരോടെല്ലാം പിണക്കമുണ്ടോ, അവരെല്ലാം വന്ന് നിൽക്കുന്നു. അയ്യോ, ഞാൻ ഇവരോടെല്ലാം നിരപ്പായില്ലല്ലോ. ഉടനെ ദു:ഖമായി. പക്ഷേ അപ്പോൾ ചിന്തിച്ചിട്ട് ഫലമില്ല. എല്ലാം തീർന്നു.

പിന്നെ ചിന്തിക്കാനോ തിരുത്താനോ വകയില്ല. തിരുത്താൻ യാതൊരു കാരണവശാലും സാദ്ധ്യതയില്ലാത്ത സമയത്ത് മരിക്കാൻ കിടക്കുമ്പോൾ ഹൃദയത്തിൽ നിരാശ നിറഞ്ഞുവരും. നഷ്ടപ്പെട്ടുപോയല്ലോ എന്ന്.

നാം ചെയ്ത പാപങ്ങളെല്ലാം വന്ന് അണിനിരക്കും. ഓർമ്മയില്ലാതെ കിടന്ന പാപങ്ങൾ പോലും അപ്പോൾ ഓർമ്മയിൽ വരും. നമ്മുടെ പാപങ്ങൾ നമ്മുടെ നേരെ തുറിച്ചു നോക്കുന്നതുപോലെ നമുക്ക് തോന്നും. പ്രിയപ്പെട്ടവരേ, നാമെല്ലാം ഒരു ദിവസം മരണം എന്ന കടത്ത് കടക്കേണ്ടതല്ലേ?

ഏതു നിമിഷവും മരിച്ചുപോകാം എന്നുള്ള ഒരു ചിന്ത നമുക്കുണ്ടോ? അതിന് പ്രത്യേക കാരണമൊന്നും വേണ്ട. നമ്മുടെ ഓരോരുത്തരുടേയും സ്ഥിതി ഇതാണ്. വല്ല ശവസംസ്കാരശുശ്രൂഷയിലും പങ്കെടുക്കുമ്പോൾ ഹൃദയത്തിൽ നമുക്ക് ദു:ഖം വരും. ഞാനും ഒരു ദിവസം ഇങ്ങനെ കിടക്കുമല്ലോ, ഞാനും ഒരു ദിവസം മരണത്തെ നേരിടുമല്ലോ എന്നൊക്കെ ഒരു ചിന്ത വരും. പക്ഷേ, അതുകഴിഞ്ഞ് അതെല്ലാം മാഞ്ഞുമാഞ്ഞു പോയി. പിന്നെയും പഴയതു പോലെ തന്നെ. സ്നേഹക്കുറവും നീരസവും വഴക്കും പിണക്കവും! നിങ്ങളുടെ സ്വന്തം വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ ഒരു മനസ്സുണ്ടോ? ഭാര്യയും ഭർത്താവും ഏകഹൃദയമാണോ? Harmony ഉണ്ടോ?

അപ്പനും മക്കളും തമ്മിൽ, അമ്മയും മരുമകളും തമ്മിൽ. ചിന്തിച്ചുനോക്കൂ. നാം കൂട്ടായ്മയിൽ വരുന്നുണ്ട്, വചനം കേൾക്കുന്നുണ്ട്, വളരെ നല്ലത്. പക്ഷേ, കേട്ടു പോയിട്ട് ആർക്കെങ്കിലും നിങ്ങളോട് എന്തെങ്കിലും ഉണ്ടെന്ന് തോന്നിയാൽ നിങ്ങൾ പോയി നിരപ്പായിട്ടുണ്ടോ? ആരോടും പകയില്ലാതിരിക്കാൻ സാധിച്ചിട്ടുണ്ടോ? നാം ചിന്തിക്കണം: കർത്താവേ, അവിടുന്നെല്ലാം കാണുന്നുണ്ടല്ലോ. എന്റെ ഹൃദയത്തിൽ ആരോടെങ്കിലും നീരസമുണ്ടോ?

ആരോടെങ്കിലും മുൻവിധിയുണ്ടോ? ആരോടെങ്കിലും എനിക്ക് കയ്പുണ്ടോ? ആരോടെങ്കിലും വഴക്കുണ്ടോ? ചിന്തിക്കണം. അവിടെ full stop ഇടണം. ഇനിയില്ല. എല്ലാ വേദനയും സഹിച്ച്, എല്ലാ പരിഹാസവുമേറ്റ്, എല്ലാ നിന്ദയും സഹിച്ച്, കുരിശിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്ന കർത്താവ് വേദനകൊണ്ട് പുളഞ്ഞു കിടക്കുമ്പോഴും പറയുന്നു: "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ" എന്ന്.

നിങ്ങൾ ചിന്തിക്കണം: കർത്താവേ, എന്നോട് ചെയ്ത തെറ്റ് ആരോടെങ്കിലും ഞാൻ ക്ഷമിക്കാതെ കിടപ്പുണ്ടോ? ഉള്ളിൽ എപ്പോഴും ഒരു നീറ്റൽ. എന്നാലും എന്നോടത് ചെയ്തില്ലേ? എന്നോട് അങ്ങനെ പറഞ്ഞില്ലേ? എന്ന് ആരെക്കുറിച്ചെങ്കിലും നിങ്ങളുടെ ഹൃദയത്തിലുണ്ടോ? എന്നാൽ ഞാൻ സ്നേഹത്തോടെ പറയാം. കണ്ണുമടച്ച് ക്ഷമിക്കുക. വീണ്ടും വീണ്ടും പ്രാർത്ഥനാമുറിയിലിരുന്ന് നിങ്ങൾ പറയണം, കർത്താവേ, ഞാൻ ക്ഷമിച്ചിരിക്കുന്നു. ഞാൻ പോയി അദ്ദേഹവുമായി നിരപ്പാകും.

ഇത് നമ്മുടെ വീടുകളിൽ തുടങ്ങട്ടെ. നമ്മുടെ വീട്ടിൽ സ്നേഹത്തിന്റെ അനുരഞ്ജനം നടക്കട്ടെ. എന്തൊരു സമാധാനമാണ് അപ്പോൾ! ഉള്ളിൽ നിന്ന് കറകളെല്ലാം കഴുകിക്കളയുമ്പോഴുള്ള സമാധാനം. ആരോടും പരിഭവമില്ലാതിരിക്കുമ്പോഴുള്ള സമാധാനം.

ആരോടും പിണക്കമില്ലാതിരിക്കുമ്പോഴുണ്ടാകുന്ന സമാധാനം. ആർക്കും എതിരായി ഒന്നും ചെയ്യാനില്ല, ഒന്നും പറയാനുമില്ല. ഹൃദയം തകർന്ന് ഉള്ളുരുകി സ്നേഹത്താൽ ബന്ധിക്കപ്പെട്ട അനുഭവം.

അനുരഞ്ജനത്തിനുള്ള ഒരു നല്ല സമയമാണിത്. നിങ്ങൾ ഹൃദയത്തിൽ പുകഞ്ഞ്, മനസ്സ് വേദനിച്ചുകൊണ്ട്

കർത്താവിനോട് പറയണം: കർത്താവേ, എന്റെ ഹൃദയം നേരുള്ളതല്ല. എന്റെ ഹൃദയത്തിൽ അഴുക്കുണ്ട്. എന്റെ ഹൃദയത്തിൽ വൈരാഗ്യമുണ്ട്. എന്റെ ഹൃദയത്തിൽ പകയുണ്ട്. ഞാൻ ചിലരോട് ക്ഷമിച്ചിട്ടില്ല. എന്റെ ഹൃദയത്തിൽ ചില പരുഷതകളുണ്ട്.

ആർക്കെങ്കിലും എന്തെങ്കിലും കൊടുത്ത് തീർക്കാനുണ്ടോ? ഒട്ടും വൈകരുത്. നിങ്ങളുടെ കൈയിൽ കൊടുക്കാൻ മാർഗ്ഗമില്ലെങ്കിൽ നിങ്ങൾ ചെന്ന് പറയണം: ക്ഷമിക്കണം, ഞാൻ വിചാരിച്ച സമയത്ത് തരാൻ പറ്റിയില്ല. ഞാൻ എത്രയും വേഗം തന്നുകൊള്ളാം. അങ്ങനെ നിങ്ങളുടെ ജീവിതത്തിൽ ഒരു തിരുത്തിക്കുറിക്കുന്ന അനുഭവം വരണം. ജീവിതമാകെ തിരുത്തി സുന്ദരമാക്കി എടുക്കണം. കറയില്ലാതാക്കി എടുക്കണം.

ഏശാവ് 400 ആളുകളുമായി വരുമ്പോൾ യാക്കോബ് സാഷ്ടാംഗം വീണ് നമസ്കരിച്ചു. പിന്നെ പറയുന്ന വാക്കുകളൊക്കെ കേട്ടാൽ നാം അത്ഭുതപ്പെടും. ആരോടും പിണക്കമില്ലാതെ ജീവിക്കുവാൻ, ആരോടും ഇഷ്ടക്കുറവില്ലാതെ ജീവിക്കുവാൻ തീരുമാനം എടുക്കൂ. സ്വർഗ്ഗത്തിലെ ദൈവം കാണുമ്പോൾ ഹൃദയം സ്വച്ഛവും നിർമ്മലവും ആയിരിക്കണം.

ഹൃദയം കാണുന്ന ദൈവം കാണുമ്പോൾ ഒരു പരാതിയോ പരിഭവമോ നീരസമോ കയ്പ്പോ ഈർഷ്യയോ മുഷിച്ചിലോ എന്റെ ഹൃദയത്തിൽ ഉണ്ടാവുകയില്ല എന്നുള്ള അനുഭവത്തിൽ നിങ്ങൾ ജീവിക്കണം.

Pleasant mind and pleasant face! എപ്പോഴും സന്തോഷമുള്ള ഹൃദയവും സന്തോഷമുള്ള മുഖവും!

ഇന്ന് നിങ്ങൾ ദൈവത്തോട് പറയൂ: ഇത്രയും കാലം പാഴായിപ്പോയി. കർത്താവേ വേണ്ടായിരുന്നു. ഞാൻ ക്ഷമിക്കേണ്ടതായിരുന്നു. ലജ്ജകൂടാതെ മാപ്പ് ചോദിക്കേണ്ട

തായിരുന്നു. തെറ്റ് പറ്റിപ്പോയി കർത്താവേ. ഇന്ന് ഞാൻ പുതിയ തീരുമാനമെടുക്കുന്നു.

ആരോടും ഈൗർഷ്യയില്ലാതിരിക്കും എന്ന് മാത്രമല്ല, ഞാൻ പോയി മുൻകൈയെടുത്ത് സ്നേഹമാകും. ഞാൻ പോയി ഐക്യമാകും. ഞാൻ ക്ഷമ ചോദിക്കും. ഒരു പക്ഷേ നിങ്ങൾക്ക് വലിയ തെറ്റ് വന്നില്ലായിരിക്കും. മറ്റേ ആൾക്കായിരിക്കും തെറ്റ് പറ്റിയത്. പക്ഷേ പോയി ക്ഷമ ചോദിക്കും.

ഇങ്ങനെ നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിങ്ങൾ തീരുമാനം എടുക്കുമെങ്കിൽ കർത്താവിന്റെ തിരുമുഖം നിങ്ങളുടെ നേരെ തിരിയും. നിങ്ങൾക്ക് അനുഗ്രഹം സമൃദ്ധിയായി ലഭിക്കും. നാളുകൾ നാളുകൾ ജാഗരിച്ചിട്ടും കിട്ടാത്ത ആത്മീയ അനുഗ്രഹം ഒറ്റനിമിഷം കൊണ്ട് നിങ്ങൾക്ക് കിട്ടും. ആത്മീയമായ ശക്തി നിങ്ങൾക്ക് കിട്ടും. നിങ്ങളുടെ ജീവിതം ഭാസുരമായിത്തീരും.

> *“അനന്തരം യാക്കോബ് തലപൊക്കി നോക്കി, ഏശാവും അവനോടുകൂടെ നാനൂറ് ആളും വരുന്നതു കണ്ടു; തന്റെ മക്കളെ ലേയയുടെ അടുക്കലും റാഹേലിന്റെ അടുക്കലും രണ്ടു ദാസിമാരുടെ അടുക്കലും വിഭാഗിച്ചു നിർത്തി. അവൻ ദാസിമാരെയും അവരുടെ മക്കളെയും മുമ്പായും ലേയയെയും അവളുടെ മക്കളെയും പിന്നാലെയും റാഹേലിനെയും യോസേഫിനെയും ഒടുക്കമായും നിർത്തി. അവൻ അവക്കു മുമ്പായി കടന്നു ഏഴുപ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചു കൊണ്ട് തന്റെ സഹോദരനോട് അടുത്തുചെന്നു. ഏശാവ് ഓടിവന്നു അവനെ എതിരേറ്റു, ആലിംഗനം ചെയ്തു; അവന്റെ കഴുത്തിൽ വീണ് അവനെ ചുംബിച്ചു, രണ്ടുപേരും കരഞ്ഞു. പിന്നെ അവൻ തലപൊക്കി സ്ത്രീകളെയും കുഞ്ഞു*

*ങ്ങളെയും കണ്ടു: നിന്നോടുകൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന്: ദൈവം അടിയന് നൽകിയിരിക്കുന്ന മക്കൾ എന്ന് അവൻ പറഞ്ഞു."*

*ഉല്പത്തി 33 : 1 – 5*

യാക്കോബ് തല പൊക്കി നോക്കി. ഏശാവ് വരുന്നത് കണ്ടു. ഇപ്പോൾ ഏശാവ് തലപൊക്കി നോക്കി. സാഷ്ടാംഗം നമസ്കാരം കഴിഞ്ഞു. പരസ്പരം ആലിംഗനം ചെയ്തു. സ്നേഹമായി. ഒരുമനസ്സായി. ഹൃദയം സന്തോഷിച്ചു. തലപൊക്കിനോക്കി, സഹോദരനായ യാക്കോബിന്റെ ഭാര്യമാരെയും മക്കളെയും വേലക്കാരെയും എല്ലാം കണ്ടു.

*"നിന്നോടുകൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന്: ദൈവം അടിയന് നൽകിയിരിക്കുന്ന മക്കൾ എന്ന് അവൻ പറഞ്ഞു. അപ്പോൾ ദാസിമാരും മക്കളും അടുത്തുവന്നു നമസ്കരിച്ചു; ലേയയും മക്കളും അടുത്തുവന്നു നമസ്കരിച്ചു; ഒടുവിൽ യോസേഫും റാഹേലും അടുത്തുവന്നു നമസ്കരിച്ചു."* *ഉല്പത്തി 33 : 5 – 7*

ചേട്ടന്റെ അടുക്കൽ അനിയൻ യാക്കോബ് പറയുകയാണ്: ദൈവം അടിയന് തന്നിരിക്കുന്ന മക്കൾ. യഥാർത്ഥമായ വിനയം യാക്കോബിന് വരികയാണ്. അപ്പന് പാപക്ഷമ കിട്ടിയപ്പോൾ മക്കൾക്കും മാറ്റം വന്നു. യാക്കോബ് നമസ്കരിക്കുന്നത് ഈ മക്കൾ കണ്ടുകൊണ്ട് നിൽക്കുകയാണ്.

അപ്പന്റെ ഉള്ള് തകർന്നത് കണ്ടപ്പോൾ മക്കളുടെ ഹൃദയം തകർന്നു. അവരും വന്ന് ഏശാവിന്റെ കാൽക്കൽ വീണ് നമസ്കരിച്ചു. എന്തൊരു സ്വർഗ്ഗീയ സമാധാനത്തിന്റെ നിമിഷങ്ങൾ! എന്തൊരു ആനന്ദത്തിന്റെ നിമിഷങ്ങൾ! എന്തൊരു ശാന്തി!

പേടിച്ച് ഭയന്ന് മരണഭീതിയോടെ വന്ന യാക്കോബ്

ഏശാവുമായി നിരപ്പിലാകുന്നു. കഴിഞ്ഞ 20 കൊല്ലം റാഹേലിന് വേണ്ടിയും ലേയയ്ക്ക് വേണ്ടിയും പിന്നീട് ആടുമാടുകൾക്കു വേണ്ടിയെല്ലാം കഴിഞ്ഞ കാലങ്ങൾ. അന്നെല്ലാം ഉള്ളിലൊരു പുഴുക്കടിയുണ്ട്. എന്റെ ചേട്ടൻ എന്നെ കാണുമ്പോൾ കൊല്ലുമല്ലോ. ആടുകളെ നോക്കി ക്കൊണ്ട് മലഞ്ചെരുവിലൂടെ നടക്കുമ്പോഴും യാക്കോബിന്റെ ഉള്ളിലൊരു ഞെട്ടൽ. എന്നാലും ചേട്ടനോട് നിരപ്പാകാതെ യാണല്ലോ ഞാൻ വന്നിരിക്കുന്നത്.

ഈ നീറ്റൽ ഉണ്ടാകുന്നത് നല്ലതാണ്. അയ്യോ, ചിലരോടെനിക്ക് ഇപ്പോഴും ഉള്ളിൽ ഒരു ഈർഷ്യ ഉണ്ടല്ലോ. ചിലരോടെല്ലാം എന്റെ മനസ്സിൽ ഒരു മുൻവിധിയുണ്ടല്ലോ. ആ ഒരു നീറ്റൽ നാം തിരിച്ചറിയണം. സുബോധം കിട്ടുമ്പോൾ ആദ്യം വരുന്നത് എളിമയാണ്. നിഷ്കളങ്കമായ സ്നേഹമാണ്. ശരിയായ ആത്മീയ സുബോധം കിട്ടുകയാണെങ്കിൽ തീർച്ച യായും നിരപ്പാകും.

അനേകമനേകം അനുഭവങ്ങൾ ഞാൻ ഓർക്കുകയാണ്. 1973 മെയ് മാസം 10-ാം തീയതി ഒരു പള്ളിയിൽ പ്രസംഗിച്ചതിനു ശേഷം ഞാൻ വീട്ടിൽ വന്നു. വീട്ടിൽ എല്ലാവരും ഉറങ്ങിയതിനു ശേഷം ഞാൻ എഴുന്നേറ്റിരുന്നു. എന്റെ ജീവിതമാകെ ശോധന ചെയ്തു.

ആരോടെല്ലാമാണ് എനിക്ക് ഇഷ്ടക്കുറവുള്ളത്? ആരോടെല്ലാമാണ് എനിക്ക് പരാതിയുള്ളത്? ഓരോന്നോരോ ന്നായി കണ്ടുപിടിച്ചു. ആരോടെല്ലാമാണ് മാപ്പ് ചോദിക്കേണ്ടത്? ആർക്കെല്ലാമാണ് കൊടുത്തു തീർക്കേണ്ടത്? ഞാൻ കുറേനേരം തനിയേ ഇരുന്ന് കരഞ്ഞു. വേറെ ആരും അറിഞ്ഞില്ല.

ഞാൻ പറഞ്ഞു: കർത്താവേ ഒരു ആറ്റം പോലും, ഒരു അണുപോലും ഒരു കറയും എന്റെ ജീവിതത്തിൽ ഉണ്ടായിരി ക്കരുത്. നാഥാ, നിന്റെ തിരുമാറിൽ നിന്നൊഴുകിയ

തിരുരക്തത്താൽ നീ എന്നെ കഴുകണമേ. എന്നെ മുഴുവനായി കഴുകണമേ. പ്രാർത്ഥിച്ചു.

അപ്പോഴാണ് ചില തീരുമാനങ്ങൾ എടുത്തത്. ഒരു മുസ്ലീം സഹോദരന്റെ പശു ഞങ്ങളുടെ പാടത്തെ നെല്ല് കുറേ തിന്നു. നല്ല തഴച്ചുവളർന്നിരുന്ന നെല്ല്. അദ്ദേഹം മന:പ്പൂർവ്വമല്ല അത് ചെയ്തത്. എനിക്ക് അദ്ദേഹത്തോട് നല്ല നീരസമുണ്ടായി. പിന്നെ കണ്ടത്തിന്റെ വരമ്പത്തുകൂടി പോകുമ്പോൾ അദ്ദേഹം നേരെ വരുന്നുണ്ടെങ്കിൽ ഞാൻ മാറിക്കടന്നുപോകും.

അദ്ദേഹത്തെ മുഖത്തോടുമുഖം കാണാൻ എനിക്ക് ഇഷ്ടമില്ല. ഉള്ളിൽ പരിഭവം. ആ രാത്രി, ആഴത്തിൽ എന്നെ കഴുകാൻ തീരുമാനം എടുത്ത ആ നല്ലസമയം ഞാൻ തീരുമാനിച്ചു അദ്ദേഹത്തോട് പോയി മാപ്പ് ചോദിക്കുമെന്ന്. തീരുമാനമെടുത്തതിനുശേഷം എത്രയും പെട്ടെന്ന് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് ക്ഷമ ചോദിച്ചു.

അദ്ദേഹം അത്ഭുതപ്പെട്ടു. എന്താണ് ഇങ്ങനെ പറയുന്നതെന്ന്. ഞാൻ വഴക്കായിട്ടൊന്നും അദ്ദേഹത്തോട് പറഞ്ഞില്ലായിരുന്നു. ആത്മീയജീവിതത്തിൽ മുന്നോട്ട് പോകാൻ ദൈവം എനിക്കുതന്ന ഒരു ഭാഗ്യം അതായിരുന്നു. അതുപോലെ ചിലരോടെല്ലാം എനിക്കുണ്ടായിരുന്ന നീരസങ്ങൾ കഴുകിക്കളഞ്ഞു.

കൊടുത്തു തീർക്കാനുണ്ടായിരുന്ന രൂപ കൊടുത്തു തീർക്കുമെന്ന് തീരുമാനിച്ചു. വടവുകോട് സ്കൂളിലെ ഹെഡ്മാസ്റ്റർ മത്തായിസാറിന് ഞാൻ കുറച്ചു രൂപ കൊടുക്കാനുണ്ടായിരുന്നു. ആ രൂപ സാറിന്റെ അടുക്കൽ പോയി കൊടുത്ത് മാപ്പ് ചോദിക്കുമെന്ന് തീരുമാനിച്ചു. ലൈബ്രറിയിലെ പുസ്തകങ്ങൾ തിരിച്ചുകൊടുക്കുമെന്ന് തീരുമാനിച്ചു. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കാനെടുത്തതായിരുന്നു.

പിന്നെ തിരിച്ചുകൊടുത്തില്ല. അത് തിരിച്ച് കൊടുത്ത് മാപ്പ്

ചോദിക്കുമെന്ന് തീരുമാനിച്ചു. കോളേജിൽ ഞാൻ ജോലിയിൽ പ്രവേശിച്ച് 9 കൊല്ലം കഴിഞ്ഞ് ഞാൻ അതെല്ലാം തിരികെ കൊണ്ടുപോയി കൊടുക്കാൻ തീരുമാനിച്ചു.

സാറും അത്ഭുതപ്പെട്ടു. അതുകൊണ്ട് ഒരു ഗുണമുണ്ടായി. എന്റെ അപ്പന്റെ സ്ഥാനത്ത് സാറ് ഇവിടെ വന്നുതാമസിച്ചു. സാറ് മരിക്കുന്നത് ഈ വീട്ടിൽ കിടന്നായിരുന്നു. സാറ് ആത്മീയനായി. ഞാൻ എളിമപ്പെട്ടു അതുകൊണ്ട് അദ്ദേഹം മാനസാന്തരപ്പെട്ടു.

ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങൾ എളിമപ്പെട്ടാൽ അത്ഭുതങ്ങൾ നടക്കും. ഏശാവ് തലപൊക്കി നോക്കി, വലിയകൂട്ടത്തെ കണ്ടു.

> *"നിന്നോടുകൂടെയുള്ള ഇവർ ആർ എന്നു ചോദിച്ചതിന്: ദൈവം അടിയനു നൽകിയിരിക്കുന്ന മക്കൾ എന്ന് അവൻ പറഞ്ഞു." ഉല്പത്തി 33 : 5*

എന്തൊരു വിനയം! ജീവിതത്തിൽ വിജയം നേടണമോ, വിനയം വേണം. ജീവിതത്തിൽ വളർച്ച വേണമോ, വിനയം വേണം. പ്രശംസിക്കാൻ ഒന്നുമില്ല എന്നുള്ള തിരിച്ചറിവ്. ഒന്നിലും ആശ്രയിക്കാനില്ല, ഒന്നിലും സന്തോഷിക്കാനില്ല എന്നുള്ള തിരിച്ചറിവ്.

ആകെ സന്തോഷിക്കാം, യേശു എന്റെ കൂടെ എന്നുള്ളതിൽ. എനിക്കോ എന്റെ കർത്താവിന്റെ ക്രൂശിലല്ലാതെ പ്രശംസി ക്കാൻ ഇടവരരുത്. ഒന്നിലും അഭിമാനിക്കാനില്ല. നിങ്ങളുടെ പൂർവ്വികന്മാരിൽ അഭിമാനിക്കാനില്ല. പിതാക്കന്മാരിൽ അഭിമാനിക്കാനില്ല. പൂർവ്വിക കുടുംബപാരമ്പര്യത്തിൽ അഭിമാനിക്കാനില്ല. നിങ്ങളുടെ സൗന്ദര്യത്തിൽ അഭിമാനിക്കാനില്ല.

നിങ്ങളുടെ ബുദ്ധിയിലും ആരോഗ്യത്തിലും അഭിമാനി ക്കാനില്ല. ഒന്നിലും അഭിമാനിക്കാനില്ല. എല്ലാം നിമിഷനേരം കൊണ്ട് നമ്മെവിട്ട് പറന്നുപോകും. എല്ലാവരും മാറും, എല്ലാം

മാറും. മാറാത്തവൻ യേശുമാത്രം. ആരെല്ലാം നമ്മെ തെറ്റിദ്ധരിച്ചാലും ശരിയായി ധരിക്കുന്ന ഒരാളുണ്ട്. ആരെല്ലാം നമ്മെ പകച്ചാലും നമ്മെ സ്നേഹിക്കുന്ന ഒരാളുണ്ട്. കർത്താവായ യേശുക്രിസ്തു!

നിങ്ങൾ യേശുവുമായിട്ട് ഒരു സജീവമായ സ്നേഹ ബന്ധത്തിലേക്ക് വരൂ.

എന്റെ ചങ്കിലെ ചോരകൊണ്ട് ഞാൻ നിന്നെ കഴുകി യെടുക്കാം. മോനേ, നിന്നെ കഴുകാനല്ലേ ഞാൻ രക്തം ചിന്തിയത്? മോളേ, നിന്റെ പാപങ്ങളെല്ലാം കഴുകി വെടിപ്പാക്കാനല്ലേ ഞാൻ രക്തം ചിന്തിയത്? കുഞ്ഞേ, നീ എന്തിന് അനാഥനെപ്പോലെ ഇരിക്കുന്നു?

നിനക്ക് ഞാൻ തുണയായിട്ടുണ്ടല്ലോ. നിനക്ക് ഞാൻ സഹായിയായിട്ടുണ്ടല്ലോ. നിന്റെ വേദന കാണാൻ ഞാനുണ്ടല്ലോ. നിന്നെ ആശ്വസിപ്പിക്കാൻ ഞാനുണ്ടല്ലോ. യേശുക്രിസ്തു നമ്മെ വിളിച്ച് ചേർത്തണയ്ക്കുകയാണ് ആ ചുടുചോരയിൽ ക്കൂടി നമുക്ക് സ്നേഹം തരാൻ. യേശുക്രിസ്തു ആരേയും ദ്വേഷിക്കുന്നില്ല. ആരേയും അകറ്റി നിർത്തുന്നില്ല. യേശുക്രിസ്തു എല്ലാവരേയും അനുഗ്രഹിക്കുകയാണ്.

ക്രിസ്തു ഉണ്ടെങ്കിൽ ഏറ്റവും വലിയ സമ്പത്താണ്. എന്തെല്ലാം നഷ്ടപ്പെട്ടാലും യേശു നഷ്ടപ്പെടരുത്. ഓരോ നിമിഷവും എന്റെ യേശു എന്നുള്ളത് ഹൃദയത്തിൽ നിറഞ്ഞുനിൽക്കണം. ആരെല്ലാം പരിഹസിച്ചുകൊള്ളട്ടെ.

യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി നിങ്ങളുടെ ആയുസ്സ് വേർതിരിച്ചാൽ അനന്തസൗഭാഗ്യങ്ങൾ നിങ്ങൾക്ക് ലഭിക്കും. അത്ഭുതകരമായ സമാധാനം നിങ്ങൾക്ക് ലഭിക്കും. കർത്താവ് നിങ്ങളെ തന്റെ അരികിൽ ചേർത്ത് നിർത്തും. നാം യാത്രചെയ്യുമ്പോൾ യേശുക്രിസ്തു നമ്മുടെ കൂടെയുണ്ടായി രിക്കും. ഉറങ്ങാൻ കിടക്കുമ്പോൾ അവൻ നമ്മെ തലോടി

ക്കൊണ്ടിരിക്കും.

നാം ഭാരമേറിയ അവസരങ്ങൾ നേരിടുമ്പോൾ, പ്രതിസന്ധികളെ നേരിടുമ്പോൾ, പ്രശ്നങ്ങളുടെ മുമ്പിൽ പതറിനിൽക്കുമ്പോൾ അവൻ വന്ന് നമുക്കുവേണ്ടി സംസാരിക്കും; നമുക്കുവേണ്ടി പ്രവർത്തിക്കും. സർവ്വ ശക്തനായ യേശുക്രിസ്തു നിങ്ങളുടെ കൂടെയുണ്ട് എന്നുള്ള ഉറപ്പ് നിങ്ങൾക്ക് ലഭിക്കും.

അതിന് ഒറ്റയ്ക്കൊരു കാര്യം നിങ്ങൾ ചെയ്താൽ മതി. യേശുവുമായി നിങ്ങൾ നിരപ്പാവുക. മനുഷ്യരുമായി നിരപ്പാവുക. അനുരഞ്ജനം ലഭിക്കുന്നത് ഒരു മഹാഭാഗ്യമാണ്.

ഏശാവും യാക്കോബും അനുരഞ്ജനപ്പെട്ടു. ഐക്യമായി. ചേട്ടനും അനുജനും ഒന്നായിത്തീർന്നു വലിയ സന്തോഷം. പിന്നെ നാം കാണുന്നത് ഈ ചേട്ടനും അനുജനും കൂടി അപ്പന്റെ ശവസംസ്ക്കാരം നടത്തുന്നതാണ്.

20 കൊല്ലം കഴിഞ്ഞ് യാക്കോബ് വന്നപ്പോഴേക്കും റിബെക്ക മരിച്ചു പോയിരുന്നു. യാക്കോബിന് അമ്മയെ കാണാൻ പറ്റിയില്ല. 20 കൊല്ലം മുമ്പ് യാക്കോബിനെ പറഞ്ഞു വിട്ടിട്ട് ആ അമ്മ എന്തുമാത്രം കരഞ്ഞുകാണും? നിങ്ങൾക്കിതെല്ലാം ഭാവനയിൽ കാണാവുന്നതാണ്. 20 കൊല്ലം കഴിഞ്ഞ് വന്നപ്പോൾ യാക്കോബിന് അമ്മയെ കാണാൻ കഴിഞ്ഞില്ല. അമ്മ അപ്പുറം കടന്നുപോയിക്കഴിഞ്ഞു.

ജീവിതം അങ്ങനെയാണല്ലോ. വേർപാടിന്റെ ദു:ഖം! നാമെല്ലാം ഒരു ദിവസം കടന്നുപോകും. ഇത് എപ്പോഴും മനസ്സിലുണ്ടായിരിക്കണം. എന്തെല്ലാം നഷ്ടപ്പെട്ടാലും എന്റെ കർത്താവിന്റെ തിരുമുഖം എനിക്ക് നഷ്ടപ്പെടരുത്. യേശു എന്റെ നേരെ കുനിഞ്ഞ് നോക്കുന്നത് എനിക്ക് കാണണം. യേശു ഇരുകരവും നീട്ടി എന്നെ സ്വീകരിക്കുന്നത് എനിക്ക് കാണണം.

‘നല്ലവനും വിശ്വസ്തനുമായ ദാസനേ’ എന്നുള്ള അവന്റെ ഇമ്പസ്വരം കേൾക്കാൻ എനിക്ക് ഭാഗ്യം ലഭിക്കണം. ഈ ഒരുറപ്പ് നിങ്ങൾക്കുണ്ടായിരിക്കണം. Ever be with Jesus. നിങ്ങളുടെ ജോലിസ്ഥലത്തിരിക്കുമ്പോൾ ദൈവത്തോടു കൂടെ. നിങ്ങൾ യാത്ര ചെയ്യുമ്പോൾ യേശുവിന്റെ കൂടെ. നിങ്ങൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നോ അവിടെയെല്ലാം യേശുവിന്റെ കൂടെ.

വെറുതെ ആഗ്രഹിച്ചാൽ പോരാ. അതിന് തടസ്സമായി നിൽക്കുന്നതെല്ലാം നാം മാറ്റണം; ഒട്ടും വൈകരുത്. ഓരോ ദിവസവും തിരുവചനം പറയാൻ നിൽക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട്. എന്റെ ഒടുവിലത്തെ പ്രസംഗമാണോ ഇത്?

ഏതെങ്കിലും സംഭവം നടന്നുകഴിയുമ്പോൾ ഞാൻ ചിന്തിക്കും: ഇതിന് വേണ്ടിക്കൂടിയായിരിക്കും എന്റെ ആയുസ്സ് നീട്ടിത്തന്നത്. ഹൃദയസ്പർശിയായ പല രംഗങ്ങളും എന്റെ ജീവിതത്തിലുണ്ട്. എന്റെ കൊച്ചുമകൾ ഹർഷയുടെ കുഞ്ഞിന്റെ മാമോദീസാസമയത്ത് രാവിലെ പള്ളിയിൽ പോകാൻ തുടങ്ങുമ്പോൾ ഞാൻ കർത്താവിനോട് പറഞ്ഞു: കർത്താവേ, നീ ഇതിനും വേണ്ടിക്കൂടിയാണോ എന്റെ ആയുസ്സ് നീട്ടിത്തന്നത്?

ഓരോരോ കടമ്പകൾ കടക്കുമ്പോഴും നീ എനിക്ക് ആയുസ്സ് നീട്ടിത്തന്നല്ലോ. തീർന്ന ജീവിതം നീ പുതുക്കിത്തന്നല്ലോ.

സഹോദരങ്ങളേ, നിങ്ങൾ അധൈര്യപ്പെട്ടുപോകരുത്. ഭീരുക്കളായിത്തീരരുത്. നല്ല ധൈര്യമുള്ള, പ്രത്യാശയുള്ള, നല്ല പ്രസന്നതയുള്ള ജീവിതം നിങ്ങൾക്ക് നയിക്കാം.

തലപൊക്കി നോക്കുക, അനുരഞ്ജനത്തിന്.

തലപൊക്കി നോക്കുക, വാഗ്ദത്തം ലഭിക്കുന്നതിനു വേണ്ടി.

തലപൊക്കി നോക്കുക, സമർപ്പണം എടുക്കുന്നതിനു വേണ്ടി.

തലപൊക്കി നോക്കുക, ദൈവത്തിന്റെ കരുതൽ കാണുവാൻ.

നിങ്ങൾ കർത്താവിനോട് പറയൂ: കർത്താവേ, ഞാൻ തീരുമാനിക്കുന്നു. ഞാൻ ആരുമായിട്ടും പിണങ്ങിയിരിക്കില്ല. ഉള്ളിൽപ്പോലും ഈർഷ്യ ഉണ്ടായിരിക്കുകയില്ല യാക്കോബ് കരുവേലകത്തിന്റെ കീഴിൽ എല്ലാം കുഴിച്ചിട്ടപോലെ ഞാനും കുരിശിൻ ചുവട്ടിൽ എല്ലാം കുഴിച്ചിടുന്നു. വഴക്കും പിണക്കവും ഇഷ്ടക്കുറവും മുഷിച്ചിലും പരാതിയും പരിഭവവും എല്ലാം ഞാനിതാ കുഴിച്ചു മൂടുന്നു.

യേശുവിന്റെ കരങ്ങളിലേക്ക് ജീവിതം കൊടുക്കൂ. യേശുവിനോട് വാക്ക് പറയൂ: കർത്താവേ, ഇനിമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. സ്നേഹം മാത്രമുള്ള മനുഷ്യനായി ജീവിക്കും. യേശുവിന്റെ സ്വഭാവമുള്ള ഒരു മനുഷ്യനായി ഞാൻ ജീവിക്കും. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ നിസ്സാരജീവിതം നിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുന്നു. ഇന്നുമുതൽ ഞാൻ നിന്റെ വക.

# അഞ്ച്

*"തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 49 : 18*

*"നീ തല പൊക്കി ചുറ്റും നോക്കുക."*

*യെശയ്യാവ് 60 : 4*

നൂറ്റാണ്ടുകൾക്കു മുമ്പ് പരിശുദ്ധാത്മാവ് എഴുതിയ ആ വാക്യം ഇന്നും എത്രമാത്രം പ്രസക്തമാണ്! പല കാര്യങ്ങളിൽ അപകർഷതാബോധം കൊണ്ട് തല താഴ്ത്തിയിരിക്കുകയാണ് അനേകരും. വേണ്ടത്ര വിദ്യാഭ്യാസം കിട്ടിയില്ല, പൈസയില്ല, നല്ലൊരു വീടില്ല. അപകർഷതാബോധം!

വിവാഹം നടന്നിട്ടില്ല. വിവാഹം കഴിഞ്ഞു പക്ഷേ, കുഞ്ഞിനെ കിട്ടിയില്ല, ഒരു ജോലിയില്ല. ഇങ്ങനെ ഏതെങ്കിലും കാര്യത്തിൽ തളർച്ച പറ്റി മനസ്സ് ആടിയുലഞ്ഞ് വിഷമിച്ചിരിക്കുന്നവരോട് കർത്താവ് പറയുന്നു: നീ തല പൊക്കി ചുറ്റും നോക്കുക.

*"ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്: തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും."*

*ഉല്പത്തി 13 : 14, 15*

അബ്രാഹാം പുറപ്പെട്ടപ്പോൾ കൂടെ പുറപ്പെട്ടതാണ്

സഹോദരപുത്രനായ ലോത്ത്. ഐക്യമുള്ള യാത്രയായിരുന്നു. എന്നാൽ അവരുടെ വേലക്കാർ തമ്മിൽ ഇഷ്ടക്കുറവായി. അത് കുഴപ്പമാണെന്ന് അബ്രാഹാമിന് മനസ്സിലായി. അതിനെത്തുടർന്ന് ഇരുവരും തമ്മിൽ വേർപിരിഞ്ഞു.

നീരോട്ടമുള്ള സ്ഥലങ്ങൾ ലോത്ത് തിരഞ്ഞെടുത്തു. അബ്രാഹാം തല താഴ്ത്തി ഇരിക്കുകയാണ്. സഹോദര പുത്രനായ ലോത്ത് എടുത്തതിനുശേഷവും ചുറ്റുപാടും ഒത്തിരി സ്ഥലങ്ങളുണ്ട്. എന്തിനാണ് എനിക്ക് ഈ സ്ഥലങ്ങൾ?

എനിക്ക് വേറെ അവകാശി ഇല്ലല്ലോ. എനിക്ക് വാഗ്ദത്തം കിട്ടിയിട്ടുണ്ട്. പക്ഷേ, സന്തതിയെ ലഭിച്ചില്ലല്ലോ. അബ്രാഹാം നിരാശയോടെ പ്രതീക്ഷകളറ്റ് വിഷമിച്ചിരിക്കുകയാണ്. അങ്ങനെയിരുന്നപ്പോൾ ദൈവം അബ്രാഹാമിനോട് പറഞ്ഞു: നീ തലപൊക്കി നോക്കുക. ഈ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിയ്ക്കും തരും.

അബ്രാഹാം ഒന്നു ഞെട്ടി. അപ്പോൾ എനിക്ക് മകനുണ്ടാകുമെന്നോ? തലപൊക്കി നോക്കിയാൽ ദൈവത്തിന്റെ വാഗ്ദത്തം ലഭിക്കും.

ജീവിതത്തിൽ മുരടിച്ച അനുഭവങ്ങളുമായി മ്ലാനതയോടെ ഇരിക്കുന്നവരോട് ദൈവം പറയുന്നു: നിനക്ക് ഒരു നല്ലകാലമുണ്ട്. നീ ഇന്ന് എന്താണോ നിനക്കില്ല എന്നോർത്ത് വിലപിക്കുന്നത്, ജീവനുള്ള ദൈവം അത് നിനക്ക് തരും. ആശാവഹമായ വാക്കാണത്.

സന്തതി ഉണ്ടാകും എന്ന വാഗ്ദത്തം അബ്രാഹാമിന് ലഭിച്ചു. എന്നാൽ നീണ്ട ഇരുപത്തിനാല് വർഷങ്ങൾ കഴിഞ്ഞു. വാഗ്ദത്തം നിറവേറിയില്ല. അപ്പോഴാണ് അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ ദൈവം വന്നത്.

*“അനന്തരം യഹോവ അവന്നു മമ്രേയുടെ തോപ്പിൽ*
*വെച്ചു പ്രത്യക്ഷനായി; വെയിലുറച്ചപ്പോൾ അവൻ*

*കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു. അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നതു കണ്ടു."*

*ഉല്പത്തി 18 : 1, 2*

അബ്രാഹാം കൂടാരവാതിൽക്കൽ നിരാശയോടെ തല താഴ്ത്തി ഇരിക്കുകയാണ്. സാറയും നിരാശയിലിരിക്കുകയാണ്. പെട്ടെന്ന് അബ്രാഹാം തല പൊക്കി നോക്കി മൂന്ന് പുരുഷന്മാർ വന്ന് നിൽക്കുന്നത് കണ്ടു. അബ്രാഹാമിനു മനസ്സിലായി രണ്ട് ദൈവദൂതന്മാരും കർത്താവായ യേശുക്രിസ്തുവും കൂടി വന്നിരിക്കുകയാണ്.

ഒരു പാവപ്പെട്ട മനുഷ്യന്റെ അരികിലേക്ക് ജീവനുള്ള ദൈവം ഇറങ്ങി വന്നിരിക്കുന്നു. ദൈവത്തിനു സ്തോത്രം. നിങ്ങൾ ഏങ്ങലടിക്കുന്ന സമയങ്ങളിൽ, വിതുമ്പുന്ന സമയങ്ങളിൽ കർത്താവായ യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് ഇറങ്ങിവരുന്നത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത് തരാം എന്നാണ് കർത്താവ് പറയുന്നത്.

അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ മൂന്ന് പുരുഷന്മാരെ കണ്ടു. അബ്രാഹാമിന് മനസ്സിലായി. ഈ വന്നിരിക്കുന്നവർ സാധാരണക്കാരല്ല.

യേശുക്രിസ്തുവും ദൂതന്മാരും വന്നത് അബ്രാഹാമിൽ നിന്ന് എന്തെങ്കിലും മേടിയ്ക്കാനല്ല. അവർ വന്നത് അബ്രാഹാമിന് വാഗ്ദത്തം നിറവേറ്റിക്കൊടുക്കാനാണ്. സഹോദരങ്ങളേ, നമ്മുടെ ദൈവം വാക്കുമാറാത്തവനാണ്. അവൻ എന്നെങ്കിലും ഒരിക്കൽ നിങ്ങളോട് ഒരു വാക്ക് പറഞ്ഞിട്ടുണ്ടോ? നിങ്ങൾ വിശ്വസിക്കൂ. അവൻ അത് നിവർത്തിക്കുകതന്നെ ചെയ്യും. നിങ്ങളനേകംപേർ ദൈവത്തിൽ നിന്നും വാഗ്ദത്തം കിട്ടിയിട്ടുള്ളവരാണ്. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് തരുന്ന അരുളപ്പാടുകൾ കിട്ടിയിട്ടുണ്ട്.

വാഗ്ദത്തം തന്നവൻ, വാക്കു പറഞ്ഞാൽ മാറാത്തവനാണ്. അവൻ വിശ്വസ്തനാണ്.

അവർ വൃക്ഷത്തിൻ കീഴിൽ ഇരിക്കുകയാണ്. അബ്രാഹാം അകത്തു ചെന്ന് സാറയോട് പറഞ്ഞു: വേഗം മൂന്നിടങ്ങഴി മാവു കുഴച്ച് അപ്പമുണ്ടാക്കുക. ഒരു മുറി അപ്പം കൊണ്ടുവരാം എന്നുപറഞ്ഞ അബ്രാഹാം പറയുന്നു, മൂന്നിടങ്ങഴി മാവ് കുഴച്ച് അപ്പമുണ്ടാക്കുക. വേലക്കാരോട് പറഞ്ഞു: കാളക്കുട്ടിയെ പിടിച്ച് അതിനെ പാകം ചെയ്യുക. ഇതെല്ലാം അബ്രാഹാം വൃക്ഷത്തിൻകീഴിൽ അവരുടെ മുന്നിൽ കൊണ്ടുവന്ന് വെച്ചു.

തലപൊക്കി നോക്കിയപ്പോൾ സമർപ്പണം, dedication.

നാം ഇന്ന് പല കാര്യങ്ങളിലും തല താഴ്ത്തി ഇരിക്കുകയാണ്. നാം ഒന്ന് തലപൊക്കി നോക്കിയാൽ കർത്താവിന്റെ പാദത്തിൽ എല്ലാം സമർപ്പിക്കാൻ സാധിക്കും. അത് ജീവിതത്തിന്റെ അനുഭവമായി മാറണം. നമുക്കൊരു സമർപ്പണം വേണം. എന്നെന്നേയ്ക്കുമായി ജീവിതം കർത്താവിനു കൈമാറണം. എന്റെ ഈ ജീവിതത്തിൽ എനിക്ക് അവകാശമില്ല എന്ന് നിങ്ങൾ തന്നെ സ്വയം സമ്മതിക്കണം.

ഇതൊക്കെ പറയാൻ എളുപ്പമാണ്. ഒരു ‘test case’ വരുമ്പോഴാണ് നമ്മുടെ സമർപ്പണം ഒന്നുമായിട്ടില്ല എന്ന് നമുക്ക് മസ്സിലാകുന്നത്. എന്നെ മുഴുവനായി യേശുവിന് കൊടുത്തു എന്നുള്ള ഒരു ഉറപ്പ് നിങ്ങൾക്കുതന്നെ വേണം. പിന്നെ ഒന്നും പേടിയ്ക്കാനില്ല. എപ്പോൾ മരണം വന്നാലെന്താണ്? ഞാൻ എന്നെത്തന്നെ യേശുവിന് കൊടുത്തതല്ലേ?

ഈ മുഴുവൻ ആയുസ്സും യേശുവിന് കൊടുത്തതല്ലേ? ജീവിതം യേശുവിന് കൊടുത്തു എന്നുള്ള ഒരുറപ്പുണ്ടെങ്കിൽ നിങ്ങൾക്ക് ധൈര്യത്തോടെ മുന്നോട്ടു പോകാം.

അബ്രാഹാം ഇതെല്ലാം അതിഥികൾക്ക് കൊടുത്തു

കഴിഞ്ഞപ്പോൾ യേശുക്രിസ്തു അബ്രാഹാമിനോട് പറയുകയാണ്: ഒരാണ്ടു കഴിയുമ്പോൾ നിനക്ക് ഒരു മകനുണ്ടാകും. കഴിഞ്ഞ ഇരുപത്തിനാലു കൊല്ലമായി കാത്തിരിക്കുന്ന സംഭവം നടക്കാൻ പോകുകയാണ്. സാറ വാതിലിന്റെ മറവിൽ നിന്നു കൊണ്ട് ഇത് കേൾക്കുന്നുണ്ട്. ഇതു കേട്ടപ്പോൾ സാറ ഉള്ളുകൊണ്ട് ചിരിച്ചു.

> *"അവർ അവനോട്: നിന്റെ ഭാര്യ സാറാ എവിടെ എന്ന് ചോദിച്ചതിന്നു: കൂടാരത്തിൽ ഉണ്ട് എന്ന് അവൻ പറഞ്ഞു. ഒരു ആണ്ട് കഴിഞ്ഞിട്ട് ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറെക്ക് ഒരു മകൻ ഉണ്ടാകും എന്ന് അവൻ പറഞ്ഞു. സാറാ കൂടാരവാതിൽക്കൽ അവന്റെ പിൻവശത്ത് കേട്ടുകൊണ്ട് നിന്നു. എന്നാൽ അബ്രാഹാമും സാറയും വയസ്സുചെന്ന് വൃദ്ധരായിരുന്നു. സ്ത്രീകൾക്കുള്ള പതിവ് സാറെക്കു നിന്നുപോയിരുന്നു. ആകയാൽ സാറാ ഉള്ളുകൊണ്ട് ചിരിച്ചു: വൃദ്ധയായിരിക്കുന്ന എനിക്ക് സുഖഭോഗമുണ്ടാകുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു എന്ന് പറഞ്ഞു."*
>
> *ഉല്പത്തി 18 : 9 – 12*

സാറ ഉള്ളുകൊണ്ട് ചിരിച്ചു. ഒരു കുഞ്ഞുണ്ടാകാനുള്ള യാതൊരു സാദ്ധ്യതയും ഇല്ല. ഈ വാർദ്ധക്യത്തിലാണോ ഒരു കുഞ്ഞുണ്ടാകുന്നത്? സാറയ്ക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

ജീവനുള്ള ദൈവം നിങ്ങളുടെ ജീവിതത്തിൽ കടന്നു വന്ന് ചില കാര്യങ്ങൾ ചെയ്യാൻ തുടങ്ങുമ്പോൾ അത്ഭുതങ്ങളായിരിക്കും. എങ്ങനെ ഈ മഹാപർവ്വതം മാറിപ്പോകും എന്ന് നിങ്ങൾ ചിന്തിക്കും. ഇന്ന് നിങ്ങളുടെ പലരുടേയും ജീവിതത്തിൽ ഒരു പ്രതീക്ഷയുമില്ലാത്ത ചില കാര്യങ്ങളുണ്ട്.

എനിക്കൊരു വിവാഹം ഉണ്ടാകുമോ? എനിക്കൊരു കുഞ്ഞുണ്ടാകുമോ? എനിക്ക് ഈ പരീക്ഷ ജയിക്കാൻ സാധിക്കുമോ? ഭൗതികമായ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

ആത്മീയമായ കാര്യങ്ങളിലേക്ക് വരുമ്പോൾ കാര്യങ്ങൾ കുറച്ചുകൂടി ഗൗരവമാണ്. എന്റെ കോപം മാറുമോ? ഒരു ചെറുപ്പക്കാരൻ എന്നോടു പറഞ്ഞു: ഞാൻ എത്ര ശ്രമിച്ചിട്ടും എന്റെ കോപം മാറുന്നില്ല. ഞാൻ തീരുമാനമൊക്കെ എടുത്തു. പക്ഷേ, ഞാൻ പെട്ടെന്ന് കോപിച്ചു പോകുന്നു. ഞാൻ എന്തു ചെയ്യും?

ഞാൻ ഒരു കഥ പറഞ്ഞു കൊടുത്തു. ഒരു സന്യാസി ഉണ്ടായിരുന്നു. സന്യാസിയുടെ അടുക്കൽ ഒരു ചെറുപ്പക്കാരൻ ചെന്നുപറഞ്ഞു: ഗുരോ, എനിക്ക് ഭയങ്കര കോപം. എന്റെ കോപം മാറുന്നില്ല. സന്യാസി പറഞ്ഞു: നീ ഒരു കാര്യം ചെയ്യൂ. രണ്ടാഴ്ച ഉപവാസം എടുത്ത് പ്രാർത്ഥിച്ചിട്ട് വരിക. അപ്പോൾ കോപം മാറിക്കൊള്ളും. രണ്ടാഴ്ച കഴിഞ്ഞ് അവൻ വന്നു പറഞ്ഞു: ഗുരോ, എന്റെ കോപം മാറുന്നില്ല. എത്ര ശ്രമിച്ചിട്ടും മാറുന്നില്ല. സന്യാസി വീണ്ടും പറഞ്ഞു: രണ്ടാഴ്ച വീണ്ടും ഉപവാസമെടുത്ത് പ്രാർത്ഥിക്കൂ. ഇവൻ പ്രാർത്ഥിച്ച് ഉപവാസമെടുത്തൊക്കെ ഇരുന്നു.

വീണ്ടും അവൻ ഗുരുവിന്റെ അടുക്കൽ വന്ന് പറഞ്ഞു: ഗുരോ, എന്റെ കോപം മാറുന്നില്ലല്ലോ. ഞാൻ എന്തു ചെയ്യും? സന്യാസി വീണ്ടും ആ ചെറുപ്പക്കാരനോട് പറഞ്ഞു: നീ ഒരു ഇരുപത്തൊന്ന് ദിവസം ഉപവാസം എടുത്തിട്ട് വരിക. ഇരുപത്തൊന്ന് ദിവസം കഴിഞ്ഞ് അവൻ വന്നു: ഗുരോ, അങ്ങ് പറഞ്ഞതുപോലെ ഞാൻ ഉപവാസമൊക്കെ എടുത്തു. പക്ഷേ, കോപം മാറുന്നില്ല. എന്തു ചെയ്യണമെന്ന് എനിക്ക് അറിയാൻ പാടില്ല. അദ്ദേഹം അക്ഷോഭ്യനായി ഇരിക്കുകയാണ്. ചെറുപ്പ ക്കാരൻ സന്യാസിയോട് ചോദിച്ചു: അങ്ങേയ്ക്കൊന്നും പറയാനില്ലേ? സന്യാസി ഒന്നും മിണ്ടുന്നില്ല.

ആ ചെറുപ്പക്കാരന് പെട്ടെന്ന് ദേഷ്യം വന്നു. അവൻ ഉച്ചത്തിൽ ഈ സന്യാസിയെ ആക്ഷേപിക്കാൻ തുടങ്ങി. ചീത്തവാക്കുകൾ പറയാൻ തുടങ്ങി. നൊമ്പരപ്പെടുത്തുന്ന വാക്കുകൾ പറയാൻ തുടങ്ങി. ഇതെല്ലാം കേട്ടിട്ടും ഗുരു അക്ഷോഭ്യനായി ഇരിക്കുകയാണ്. അദ്ദേഹം ഒന്നും മിണ്ടുന്നില്ല. ചെറുപ്പക്കാരന് അത്ഭുതം തോന്നി. അദ്ദേഹം ഗുരുവിനോട് ചോദിച്ചു: "ഗുരോ, ഞാൻ ഇത്രയും അങ്ങയോട് കോപിച്ചിട്ടും അങ്ങൊന്നും മിണ്ടുന്നില്ലല്ലോ.'' ''നീ പറഞ്ഞതൊന്നും ഞാൻ സ്വീകരിച്ചില്ല." ഗുരു പറഞ്ഞു: നിന്റെ കൈയിലുണ്ടായിരുന്ന നൂറ് രൂപ എന്റെ നേരെ വച്ചു നീട്ടി. ആ രൂപ ഞാൻ വാങ്ങിയില്ല. അന്നേരം ആ രൂപ ആരുടെ കൈയിലാണ്?

അത് നിന്റെ കൈയിൽ തന്നെ എന്നതുപോലെ നീ കോപിച്ചുപറഞ്ഞ വാക്കുകളൊന്നും ഞാൻ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് അതെല്ലാം നിന്റെ കൈയിൽ തന്നെ ഇരിക്കുന്നു. നിന്റേതാണത്. എന്റെ കൈയിൽ ഞാൻ വാങ്ങിയിട്ടില്ല.

ഈ ഉദാഹരണകഥ ഞാൻ ആ ചെറുപ്പക്കാരന് പറഞ്ഞുകൊടുത്തു. അതുകൊണ്ട് ജീവിതത്തിൽ നാം തോറ്റുകൊണ്ടിരിക്കുന്ന പാപങ്ങളിൽ ജയിക്കാനാഗ്രഹിക്കുന്നു എങ്കിൽ കർത്താവിന്റെ കൃപയ്ക്കുവേണ്ടി യാചിച്ചേ പറ്റൂ. മുട്ടിപ്പായി പ്രാർത്ഥിക്കണം. മാറാതെ ഞാൻ അടങ്ങുകയില്ല എന്നുള്ള വാശിയോടെ നാം പ്രാർത്ഥിക്കണം. ഇത് നീ എനിക്ക് മാറ്റിത്തരണമെന്ന് വാശിയെടുത്ത് പ്രാർത്ഥിക്കണം. ദൈവസന്നിധിയിൽ നിന്ന് അനുഗ്രഹങ്ങളും ജയജീവിതവും പിടിച്ച് വാങ്ങണം.

സാറാ വിചാരിച്ചു: ഇനി എനിക്ക് ഒരു കുഞ്ഞുണ്ടാകുമോ? ആ പ്രതീക്ഷ എല്ലാം പോയല്ലോ? പക്ഷേ, ദൈവം വന്നത് അബ്രാഹാമിന്റെ സമർപ്പണം വാങ്ങാനാണ്. തലപൊക്കി നോക്കി, സമർപ്പണം ലഭിച്ചു. സമർപ്പണം കഴിഞ്ഞപ്പോൾ അടുത്ത് തന്നെ അതിന്റെ പ്രതിഫലം ഉണ്ടായി. സാറാ

ഗർഭിണിയായി യിസ്ഹാക്കിനെ പ്രസവിച്ചു.

നിങ്ങൾക്കിന്ന് പറയാൻ പറ്റുമോ? ഞാനും എനിക്കുള്ളതെല്ലാം എന്റെ യേശുവിന്റേതാണ് എന്ന്? അത് നമ്മുടെ ജീവിതത്തിൽ അനുഭവമാകണം. എന്റേതെല്ലാം ഞാൻ എന്റെ യേശുവിന് കൈമാറിയിരിക്കുന്നു. എന്റെ കഷ്ടതകൾ, എന്റെ ദുരിതങ്ങൾ, എന്റെ പണത്തിന്റെ ഞെരുക്കങ്ങൾ, കടബാദ്ധ്യതകൾ, എന്റെ രോഗങ്ങൾ, അത്യാപത്തുകൾ, കുടുംബത്തിലെ അലോഹ്യങ്ങൾ എല്ലാമുള്ള ഒരു ആളത്വം. നീ എനിക്ക് തന്ന ആരോഗ്യം. നീ എനിക്ക് തന്ന വിദ്യാഭ്യാസം, നീ എനിക്ക് തന്ന കുടുംബം. കർത്താവേ, എല്ലാം ഞാൻ നിന്റെ പാദപീഠത്തിൽ സമർപ്പിക്കുകയാണ്. അങ്ങനെ എന്നെങ്കിലും നിങ്ങൾക്ക് പറയാൻ സാധിച്ചിട്ടുണ്ടോ? ഉള്ളത്തിൽ നിന്ന് അങ്ങനെ പറയാൻ സാധിച്ചിട്ടുണ്ടോ? അപ്പോൾ കാണാം ഈ പർവ്വതം മാറിപ്പോകുന്നത്. വൻമലകൾ മാറിപ്പോകുന്നത്.

എനിക്ക് അനുഭവങ്ങൾ ലഭിച്ചിട്ടുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ജീവനുള്ള ദൈവം ഭാഗ്യവശാൽ ഞാൻ ചോദിച്ചിട്ടുള്ള കാര്യങ്ങൾ തന്നിട്ടുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ദൈവം നല്ലവനാണ്. നിങ്ങളെല്ലാവരും ഈ അനുഭവത്തിലേക്ക് വരണമെന്ന് ഞാൻ ആശിക്കുന്നു.

തികഞ്ഞവനായി എന്നൊന്നും എനിക്ക് തോന്നിയിട്ടില്ല. എന്നാലും ഭാഗ്യവശാൽ ഈ സമർപ്പണത്തിന്റെ വഴിയിലേക്ക് കർത്താവ് എന്നെ കൊണ്ടുവന്നു. നിങ്ങളിൽ പലരും സമർപ്പണം എടുത്തവരാണ്. പക്ഷേ, ആ സമർപ്പണം അപൂർണ്ണമാണ്. പൂർണ്ണമായ ഒരു സമർപ്പണം ആയില്ല.

മുഴുവനായി യേശുവിന് വിട്ടുകൊടുക്കുക. എന്റേതില്ല കർത്താവേ, എല്ലാം നിന്റേത്. എന്റെ പാപം നിറഞ്ഞ ജീവിതം ഞാനിതാ നിനക്ക് കാഴ്ചയണയ്ക്കുന്നു. ദുഷിച്ച വികാരം നിറഞ്ഞ ജീവിതം ഞാനിതാ നിനക്ക് കാഴ്ചയണയ്ക്കുന്നു. നല്ലതൊന്നും കൊണ്ടുവരുവാൻ ഇല്ല കർത്താവേ.

ആകെയുള്ളത് എന്റെ തകർന്ന ജീവിതം മാത്രം. ആകെയുള്ളത് ക്ലേശം നിറഞ്ഞ ജീവിതം മാത്രം. കർത്താവേ, ഈ ആയുസ്സ് നിന്റെ പാദപീഠത്തിലേക്ക് ഞാൻ വയ്ക്കുകയാണ്. അബ്രാഹാം യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ ആ യാഗപീഠത്തിൽ കിടത്തി വെട്ടുവാനായി കത്തി ഓങ്ങിയതുപോലെ ഇതാ ഞാൻ എല്ലാം തിരുമുമ്പാകെ വച്ചിരിക്കുകയാണ്.

എന്റേതെല്ലാം തീർന്നു. എന്റെ പ്രതീക്ഷകളെല്ലാം തീർന്നു. എന്റെ ആശകളും ആഗ്രഹങ്ങളും എല്ലാം തീർന്നു. എല്ലാം വച്ചിരിക്കുന്നു. അങ്ങനെ നിങ്ങൾ പറയുമ്പോൾ യേശുവിന്റെ ആണിപ്പാടുള്ള കരം നീണ്ടു വരും. അന്ന് യിസ്ഹാക്കിനെ ഉയിർപ്പിച്ചതുപോലെ ദൈവം നിങ്ങളുടെ ആഗ്രഹം സാധിപ്പിച്ചു തരും.

നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ അവൻ നിനക്കു തരും. നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, ആഗ്രഹങ്ങൾ ചിലതെല്ലാമുണ്ട്; തരുമെന്നാണല്ലോ നീ പറഞ്ഞത്: ഇങ്ങനെ നിങ്ങൾ ചോദിച്ചു ചോദിച്ചു വാങ്ങണം. ഇപ്പോൾ ആഗ്രഹങ്ങൾ സാധിക്കുമെന്ന് പ്രതീക്ഷിക്കാൻ യാതൊരു വകയുമില്ല. പക്ഷേ, ദൈവത്തിന്റെ ആത്മാവ് പറയുന്നു:

അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

> *“യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.” സങ്കീർത്തനങ്ങൾ 37 : 3 – 5*

ഹൃദയത്തിലെ ആഗ്രഹങ്ങളെ തരും. തലപൊക്കി നോക്കിയാൽ വാഗ്ദത്തങ്ങളെ ലഭിക്കും. തല പൊക്കി നോക്കിയാൽ സമർപ്പണം ലഭിക്കും. ഇന്ന് നിങ്ങൾ

ദൈവത്തോട് പറയണം. ഞാൻ ഇന്ന് എന്നെ മുഴുവനായി വിട്ട് തരുന്നു. എനിക്ക് സ്വന്തം ഭാവിയില്ല. സ്വന്തം ആയുസ്സില്ല, സ്വന്തം ആരോഗ്യമില്ല. എനിക്ക് എന്റേതായി ഒന്നുമില്ല. എല്ലാം യേശുവിന് കൊടുത്തിരിക്കുന്നു.

എനിക്ക് യേശു തന്നതോ അവന്റെ തിരുരക്തം. അവന്റെ ദിവ്യജീവൻ, അവന്റെ ദിവ്യസ്നേഹം. അതാണ് എനിക്ക് തന്നത്. വിശ്വസിക്കൂ പ്രിയപ്പെട്ടവരേ. ലോകം എന്തും പറഞ്ഞുകൊള്ളട്ടെ. ആരും കളിയാക്കിക്കൊള്ളട്ടെ. പേടിക്കേണ്ട.

ഒരു കാര്യം മാത്രം മതി. എന്റേതെല്ലാം ഞാൻ യേശുവിനെ ഏൽപ്പിച്ചു എന്നുള്ള ഒരു ഉറപ്പ് നിങ്ങൾക്കുണ്ടായിരിക്കണം. ആ ഉറപ്പനുസരിച്ച് നിങ്ങൾ ജീവിക്കുന്നുവെങ്കിൽ തീർച്ചയായും കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ നിങ്ങൾ സ്വീകരിക്കപ്പെടും, സംശയിക്കേണ്ട.

യേശുവിന് ഞാൻ എല്ലാം കൊടുത്തു എന്നുള്ള ഉറപ്പ് നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങളുടെ ഭാരവും നിങ്ങളുടെ പാപവും എല്ലാം യേശുവിനെ ഏൽപ്പിച്ചു എന്നുള്ള ഉറപ്പ് നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങളുടെ ആശയും ആഗ്രഹങ്ങളും യേശുവിനെ ഏൽപ്പിച്ചു എന്നുള്ള ഉറപ്പ് നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ ഒന്നും ഭാരപ്പെടേണ്ട.

എപ്പോൾ മരിച്ചാലും ദൈവരാജ്യത്തിൽ ചെല്ലും. ഇന്ന് ഈ ഉറപ്പ് നിങ്ങൾ സമ്പാദിക്കണം. നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, ഇന്ന് ആ ഉറപ്പ് എനിക്ക് തരണമേ. നിങ്ങൾ ഇന്ന് ആ സമർപ്പണത്തിലേക്ക് വരിക. മുഴുവനായി അർപ്പിക്കുക.

*"അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുന്നത് കണ്ടു." ഉല്പത്തി 22 : 13*

അബ്രാഹാം തലപൊക്കി നോക്കി. ഏതോ കുറ്റിക്കാടുകൾ ഇളകുന്ന ശബ്ദം കേൾക്കുന്നു. നോക്കിയപ്പോൾ ഒരു ആട്ടുകൊറ്റൻ. ആട്ടുകൊറ്റന്റെ കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുകയാണ്. അബ്രാഹാം ചെന്ന് ആട്ടുകൊറ്റനെ പിടിച്ച് യാഗം കഴിച്ചു.

യിസ്ഹാക്കിനെ അർപ്പിക്കാൻ തയ്യാറാക്കിയ യാഗപീഠത്തിന്മേൽ, ആ വിറകിന്മീതെ ആട്ടുകൊറ്റനെ യാഗം കഴിച്ചു. ദൈവത്തിന്റെ കരുതൽ! ദൈവത്തിന്റെ കൽപ്പനയനുസരിച്ച് അബ്രാഹാം യിസ്ഹാക്കിനെ യാഗം കഴിക്കാൻ തീരുമാനിച്ചു. സഹോദരങ്ങളേ, ദൈവം നിങ്ങളോട് എന്തെങ്കിലും പറഞ്ഞാൽ മടിക്കണ്ട. അതിന്റെ ഭവിഷ്യത്ത് എന്ത് എന്ന് ഓർക്കണ്ട.

സുവിശേഷവേലയ്ക്കുവേണ്ടി പോകാൻ പറയുകയാണോ? മോളേ, നീ മടിക്കണ്ട. അതിന്റെ പരിണിതഫലമെന്താണെന്ന് നീ ചിന്തിക്കണ്ട. ആക്ഷേപങ്ങൾ വന്നു എന്ന് വരും. നിങ്ങളെ പലരും കളിയാക്കി എന്നുവരും. നിങ്ങൾക്ക് ദുരിതങ്ങളും കഷ്ടപ്പാടുകളും വന്നു എന്നുവരും. ഒട്ടും പേടിക്കണ്ട. ജീവനുള്ള ദൈവമാണ് നിങ്ങളെ പുറപ്പെടുവിച്ചതെങ്കിൽ നിങ്ങളെ നടത്താൻ അവൻ ശക്തനാണ്. നിങ്ങൾ വിശ്വസിക്കൂ.

ഇന്ന് നിങ്ങളിലാർക്ക് കർത്താവിനുവേണ്ടി എരിഞ്ഞടങ്ങാൻ താത്പര്യം വരുന്നുണ്ട്? ഈ തലമുറയിൽ യേശുവിന്റെ സാക്ഷിയായി നിൽപ്പാൻ താത്പര്യം തോന്നുന്നുണ്ട്? എന്റെ ആയുസ്സ് മുഴുവൻ യേശുവിനുവേണ്ടി ചിലവഴിക്കാൻ ഞാൻ തയ്യാറാണ്.

1973-ലാണ് ഇവിടെ വലിയ ഉണർവ്വുണ്ടായത്. പരിശുദ്ധനായ ഒരു ദൈവപുരുഷൻ ഇവിടെ കടന്നുവന്നു. ഞങ്ങൾ അദ്ദേഹത്തെ പപ്പ എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹം ഇവിടെ വന്ന് കർത്താവിന്റെ നാമത്തിൽ അനുഗൃഹീതമായ സ്തുതി

മുഴക്കി. ആ സ്തുതിയിൽക്കൂടി പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് ഇറങ്ങിവന്നു. ഈ പ്രദേശം മുഴുവൻ മാലാഖമാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. എണ്ണിയാൽ തീരാത്തൊരു പുരുഷാരം നിൽക്കുന്നു. അത് ഇവിടെ മാത്രമല്ല അടുത്ത പറമ്പിലെല്ലാം പുരുഷാരം നിറഞ്ഞു നിൽക്കുന്നു എന്ന് പറഞ്ഞു.

എനിക്കൊന്നും മനസ്സിലായില്ല. അന്ന് ഏതാണ്ട് ഇരുപത്തിരണ്ടു പേരോ മറ്റോ ഉള്ളൂ. അത്രയും പേരേ അന്ന് ആത്മീയമായ കൂട്ടായ്മയിലുള്ളു. അന്ന് ജീവനുള്ള ദൈവം ഞങ്ങൾ ഓരോരുത്തരോടും പറഞ്ഞു, നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ എന്ന്. ഞാൻ സമർപ്പിച്ചു. ദൈവത്തിന്റെ ആത്മാവ് ആ ദൈവപുരുഷനിൽക്കൂടി പറഞ്ഞു, സ്വയം കൂടി സമർപ്പിക്കുക.

'Ego' കൂടി സമർപ്പിക്കുക. ഞാൻ പറഞ്ഞു: കർത്താവേ, എന്റെ സ്വയം കൂടി ഞാൻ സമർപ്പിക്കുന്നു. ഓരോരുത്തരും അങ്ങനെ സമർപ്പിച്ചു. പരിശുദ്ധാത്മാവ് തീപോലെ ഞങ്ങളുടെ മേൽ ഇറങ്ങി. ഞങ്ങൾക്ക് ആത്മാവിൽ ജീവൻ കിട്ടി. കർത്താവിന്റെ ആത്മാവ് തീയായി ഞങ്ങളുടെമേൽ ഇറങ്ങി. തീജ്ജ്വാല ഞങ്ങളുടെ സിരാകേന്ദ്രങ്ങളിലെല്ലാം തിങ്ങിനിറഞ്ഞു!

തീജ്ജ്വാല ഞങ്ങളുടെ ശരീരകോശങ്ങളിൽ നിറഞ്ഞു! എന്തൊരു അനുഭവമായിരുന്നു! അന്ന് ആ അനുഗൃഹീതമായ അനുഭവത്തിൽ ഞാൻ എല്ലാം മറന്നു. പിന്നീട് ഏതാനും നാളുകൾ കഴിഞ്ഞ് ഞാൻ തീരുമാനിച്ചു, കോളേജിലെ ജോലി ഉപേക്ഷിച്ച് കർത്താവിന്റെ വേലയ്ക്കായി ഇറങ്ങാം എന്ന്.

ഞാൻ പപ്പയോട് പറഞ്ഞു: എനിക്കിങ്ങനെ ഒരു ആഗ്രഹം തോന്നുന്നുണ്ട്. ഞാൻ മുഴുവൻ സമയവും ദൈവത്തിന്റെ വേലയ്ക്കായി ഇറങ്ങാം. പപ്പ പറഞ്ഞു: ഇപ്പോൾ യോഹന്നാൻ സാറിന് അതിന്റെ സമയമായിട്ടില്ല. അതിന് സമയമാകുമ്പോൾ കർത്താവ് അതിന് വഴികൾ തെളിച്ചുതരും.

ഇപ്പോൾ ജോലി ഉപേക്ഷിക്കേണ്ട. അന്ന് ഒരു വാക്ക് കിട്ടിയിരുന്നെങ്കിൽ ഞാൻ കോളേജിലെ ജോലി രാജി വച്ചേനെ. ഇന്ന് അതെല്ലാമോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വിശദാംശങ്ങളിൽ കർത്താവ് എന്നെ നടത്തി.

ഇന്ന് ഞാൻ സമാധാനത്തോടെ ഇവിടെ ഇരിക്കുന്നു. എന്തുകൊണ്ട്? കരുണയുള്ള കർത്താവ് തന്റെ ആത്മാവ് എന്റെമേൽ പകർന്നു. പരിശുദ്ധാത്മാവ് എന്റെമേൽ വന്നു. പരിശുദ്ധാത്മാവ് വന്നപ്പോൾ ഞാൻ ഞാനല്ലാതായി മാറി. പൂർവ്വികന്മാരിൽ നിന്ന് വന്ന എല്ലാ ശാപങ്ങളും എല്ലാ ദോഷങ്ങളും കർത്താവ് കത്തിച്ചുകളഞ്ഞു.

സിരകളിലൂടെ തീ കത്തിയപ്പോൾ, രക്തധമനിയിലൂടെ തീ കത്തിയപ്പോൾ എല്ലാ ശാപങ്ങളും കത്തിപ്പോയി. സഹോദരങ്ങളേ, നിങ്ങളുടെ ഓരോരുത്തരുടേയും ജീവിതത്തിൽ നിന്ന് ബാധകൾ മാറണമെങ്കിൽ ഒരു കാര്യം ചെയ്താൽ മാത്രം മതി. ക്രിസ്തുവിനായി നിങ്ങളെത്തന്നെ സമർപ്പിച്ച് കൊടുക്കൂ. എല്ലാം ആ തിരുരക്തത്താൽ കഴുകിത്തരും. സ്വർഗ്ഗീയ അഗ്നിയാൽ എല്ലാം ശുദ്ധീകരിച്ച് തരും.

ഏല്പിച്ചു കൊടുത്തു നോക്കൂ. വിട്ടുകൊടുത്തു നോക്കൂ. എല്ലാ ശാപങ്ങളും മാറും. നിങ്ങളുടെ പലരുടേയും ജീവിതത്തിൽ ഒരു കരേറ്റം കിട്ടുന്നില്ല. മുന്നോട്ടുപോകാൻ പറ്റുന്നില്ല. ആഗ്രഹിക്കുന്നതൊന്നും സാധിക്കുന്നില്ല. മനസ്സ് മടുത്തുപോകുന്നു. ഓരോ തരത്തിലുള്ള പ്രശ്നങ്ങളിൽപ്പെട്ട് നിങ്ങൾ അഴലുന്നു. ഇത് ശാപത്തിന്റെ ഫലങ്ങളാണ്.

പൂർവ്വികന്മാരുടെ കാലംമുതലുള്ള ചില ശാപങ്ങൾ നിങ്ങളുടെ തലമേൽ ഇരിക്കുകയാണ്. എന്നാൽ യേശു ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിന്റെ തീ നിങ്ങളുടെ സിരകളിൽക്കൂടി ഒഴുകുമ്പോൾ ആ ശാപങ്ങളെല്ലാം കത്തിപ്പോകും. പിന്നെ അത് നിങ്ങളുടെ മുകളിലേക്ക് പകരുകയില്ല.

ശാപഗ്രസ്തമായ ഒരു ഭവനമായിരുന്നു ഞങ്ങളുടേത്. അഞ്ചുമരണങ്ങൾ നടന്ന വീട്. എന്നാൽ കരുണയുള്ള കർത്താവിന് എന്നോട് മനസ്സലിവ് തോന്നി. ഞാൻ കാത്തിരുന്ന് പ്രാർത്ഥിച്ചതല്ല. ഞാൻ ദൈവത്തെ അപേക്ഷിച്ച് വിളിച്ചതല്ല.

പള്ളിയാരാധനകളുണ്ട്. ബുധൻ, വെള്ളി നോമ്പുകളുണ്ട്. അതുകൊണ്ട് ഞാൻ നല്ലവനാണെന്ന് ധരിച്ചിരുന്നു. എനിക്ക് കുഴപ്പമൊന്നുമില്ല എന്ന് ഞാൻ വിചാരിച്ചിരുന്നു. പക്ഷേ, അന്ന് എന്റെ രക്തത്തിൽ ശാപമുണ്ടായിരുന്നു.

പൂർവ്വികന്മാരിൽ നിന്ന് വന്ന് ശാപം, എന്റെ സ്വഭാവത്തിൽ നിന്ന് വന്ന ശാപം. ചീത്ത ചിന്തകൾ, ആരോടൊക്കെയോ ചില വൈരാഗ്യങ്ങൾ, ചില ഇഷ്ടക്കേടുകൾ, ചില മുഷിച്ചിലുകൾ; ഇതെല്ലാം ശാപമായി എന്റെ രക്തത്തിൽ കിടക്കുകയായിരുന്നു. ആ ശാപഗ്രസ്തമായ രക്തത്തിൽ കൂടെ തീ ഒഴുകുകയാണ്.

ഈ തീ ഒഴുകിയപ്പോൾ ശാപങ്ങളെല്ലാം കത്തിപ്പോകാൻ തുടങ്ങി. എല്ലാം കത്തിച്ച് കത്തിച്ച് ദൈവം എനിക്ക് ശാപമോചനം തന്നു. പാപമോചനം തന്നു. പാപക്ഷമ തന്നു. ഇന്ന് എനിക്ക് ഒറ്റയ്ക്കൊരു ആഗ്രഹമേ ഉള്ളു. എന്റെ കർത്താവേ, എന്റെ ജീവിതം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുന്നതിന് മുമ്പ് നീ എന്നെക്കുറിച്ച് കണ്ടിരിക്കുന്ന വേല മുഴുവൻ തികയ്ക്കണം. വിശുദ്ധിയെ തികയ്ക്കണം. നീ എനിക്കു തന്ന നന്മകളോർത്ത് സ്തുതിക്കാൻ കൃപ തരണം. എനിക്ക് സ്തുതിയെ തികയ്ക്കണം.

വിശുദ്ധിയെ തികയ്ക്കണം. വേല തികയ്ക്കണം, സ്തുതിയെ തികയ്ക്കണം. എനിക്ക് വേറെ ഒന്നും വേണ്ട കർത്താവേ. മതി. ഇന്ന് അതാണ് എന്റെ പ്രാർത്ഥനാവിഷയം.

സഹോദരങ്ങളേ, നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്തുനോക്ക്. കാണാം നിങ്ങളുടെ ജീവിതം അഭിവൃദ്ധിപ്പെടുന്നത്. നിങ്ങളുടെ എല്ലാ ബന്ധനവും

അഴിഞ്ഞുപോകുന്നത്. പൈശാചികന്റെ എല്ലാ തന്ത്രങ്ങളും മാറിപ്പോകുന്നത്. എല്ലാം നിങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും.

തലപൊക്കി നോക്കിയപ്പോൾ ദൈവത്തിന്റെ കരുതൽ കണ്ടു. ഒരു ആട്ടുകൊറ്റൻ അവിടെ കിടക്കുന്നത് കണ്ടു. ഒന്ന്: Promise, രണ്ട്: Dedication, മൂന്ന്: Provision ദൈവത്തിന്റെ കരുതൽ.

*“അനന്തരം യാക്കോബ് തലപൊക്കി നോക്കി, ഏശാവും അവനോടു കൂടെ നാനൂറ് ആളും വരുന്നത് കണ്ടു.” ഉല്പത്തി 33 : 1*

ഇരുപത് കൊല്ലം മുമ്പ് സ്വന്തം സഹോദരനെ പേടിച്ചാണ് യാക്കോബ് ഓടിപ്പോയത്. അമ്മ യാക്കോബിന് തുരുത്തിയിലെ വെള്ളവും ഏതാനും അപ്പവും കൊടുത്തുവിട്ടു. മരുഭൂമിയിൽക്കൂടി യാക്കോബ് നടന്ന് പോകുകയാണ്. യാക്കോബ് നടന്ന് നടന്ന് ലാബാന്റെ ഭവനത്തിൽ എത്തി. ഇരുപത് കൊല്ലം കഴിഞ്ഞു.

അമ്മാവന്റെ ഭവനത്തിൽ വച്ച് ഭാര്യമാരെ കിട്ടി. ദാസീദാസന്മാരെ കിട്ടി. ആടുമാടുകളെ കിട്ടി. എല്ലാമായിട്ട് യാക്കോബ് തിരികെ പോരുകയാണ്. അപ്പന്റെ വീട്ടിലേക്ക് തിരികെ പോകുകയാണ്. യാക്കോബ് അറിഞ്ഞില്ല അപ്പോഴേയ്ക്കും അമ്മ മരിച്ചുപോയിരുന്നു എന്ന്. യാക്കോബ് തിരികെ പോകുകയാണ്.

അപ്പോഴാണ് യാക്കോബ് അറിഞ്ഞത്, ഏശാവ് നാനൂറ് ആളുകളുമായി വരുന്നു, എന്തു ചെയ്യും? ഏശാവിനെ ഭയന്നാണല്ലോ യാക്കോബ് അന്ന് ഓടിപ്പോയത്. ഏശാവ് തന്നെ കൊല്ലുമെന്ന് യാക്കോബ് ഭയന്നുപോയി. യാക്കോബ് പല തന്ത്രങ്ങളും മെനഞ്ഞ് പ്ലാൻ തയ്യാറാക്കി.

*‘‘തന്റെ മക്കളെ ലേയയുടെ അടുക്കലും*

*റാഹേലിന്റെ അടുക്കലും രണ്ടു ദാസിമാരുടെ അടുക്കലും വിഭാഗിച്ചു നിർത്തി. അവൻ ദാസിമാരെയും അവരുടെ മക്കളെയും മുമ്പായും ലേയയെയും അവളുടെ മക്കളെയും പിന്നാലെയും റാഹേലിനെയും യോസേഫിനെയും ഒടുക്കമായും നിർത്തി. അവൻ അവർക്കു മുമ്പായി കടന്ന് ഏഴുപ്രാവശ്യം സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ട് തന്റെ സഹോദരനോട് അടുത്തു ചെന്നു."*

*ഉല്പത്തി 33 : 1 – 3*

യാക്കോബ് എളിമപ്പെട്ടുകൊണ്ട് സഹോദരന്റെ അടുക്കലേയ്ക്ക് ചെന്നു. സഹോദരൻ തന്നെ കൊല്ലുമെന്ന് യാക്കോബ് ഭയന്നിരുന്നു. എന്റെ ഭാര്യമാരെയും മക്കളെയും കൊല്ലും. തീർന്നു എന്റെ ഭാവി.

ഏഴുപ്രാവശ്യം സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ട് യാക്കോബ് ജ്യേഷ്ഠനായ ഏശാവിന്റെ അരികിലേക്ക് ചെന്നു. എളിമപ്പെട്ടുകൊണ്ട്, വിനയപ്പെട്ടുകൊണ്ട് യാക്കോബ് ചെല്ലുക യാണ്. സ്വർഗ്ഗത്തിലെ ദൈവം എല്ലാം കാണുന്നുണ്ടായിരുന്നു. പാരിൽ പരദേശിയായ യാക്കോബിന്റെ കാര്യം അറിഞ്ഞ ദൈവം യാക്കോബിനെ രക്ഷിയ്ക്കാൻ തീരുമാനിച്ചിരുന്നു.

*"ഏശാവ് ഓടിവന്ന് അവനെ എതിരേറ്റ് ആലിംഗനം ചെയ്തു."* *ഉല്പത്തി 33 : 4*

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ആരോടെങ്കിലും അകൽച്ച യുണ്ടെങ്കിൽ അവരോട് നിരപ്പാകാൻ പോകുമ്പോൾ നിങ്ങൾ പ്രാർത്ഥിച്ചിട്ട് പോകണം: കർത്താവേ, നീ എന്റെ കൂടെ പോരണമേ. ഞാൻ മാപ്പ് ചോദിക്കാൻ പോകുകയാണ്. ഞാൻ മോഷ്ടിച്ച വസ്തുക്കൾ തിരിച്ച് കൊടുക്കാൻ പോകുകയാണ്. നീ എന്നോടുകൂടെ ഇരിക്കണമേ. നീ എന്നെ സഹായിക്കണമേ. നീ എന്നെ വിട്ട് പോകരുതേ. ഞാൻ ക്ഷമ ചോദിക്കാൻ നിൽക്കുമ്പോൾ ശത്രു എന്നെ ഉപദ്രവിക്കാൻ ഇടയാകാതെ നീ

എന്നെ കാത്തുകൊള്ളണേ. ഇങ്ങനെ നാം പ്രാർത്ഥിക്കണം.

എല്ലാം ദൈവം മനോഹരമായി നടത്തി. അവിടെ ജ്യേഷ്ഠനും അനുജനും കൂടി അനുരഞ്ജനം നടന്നു. ഇരുപത് കൊല്ലം മുമ്പ് കൊല്ലുമെന്ന് പേടിച്ച് ഓടിപ്പോയ യാക്കോബിന് ഇപ്പോൾ സഹോദരനെ സ്നേഹത്തോടെ കിട്ടി. ഏശാവ് യാക്കോബിനെ സന്തോഷത്തോടെ സ്വീകരിച്ചു. അനുരഞ്ജനം വന്നു.

നിങ്ങൾക്ക് ആരോടെങ്കിലും അകൽച്ചയുണ്ടെങ്കിൽ ഇന്ന് മാറ്റിക്കൊൾക. നാളേയ്ക്ക് മാറ്റിവയ്ക്കരുത്. എല്ലാം ഹൃദയത്തിൽ നിന്ന് മാറ്റിക്കൊള്ളുക. മാപ്പ് ചോദിക്കേണ്ടതാണെങ്കിൽ മാപ്പ് ചോദിക്കണം. നേരിട്ട് ഒരാളോട് വൈരാഗ്യത്തോടെ സംസാരിച്ചെങ്കിൽ അത് മാപ്പ് ചോദിക്കണം.

എന്നാൽ നിങ്ങളുടെ ഉള്ളിൽക്കൂടി ഒരു ഇഷ്ടക്കുറവ് വന്നെങ്കിൽ അതാരോടും മാപ്പ് ചോദിക്കാൻ പോകണ്ട. അത് മനുഷ്യരോട് പറയണ്ട, ദൈവത്തോട് പറഞ്ഞാൽ മതി. നിങ്ങളുടെ ജീവിതത്തിൽ ആരോടെങ്കിലും അകൽച്ചയുണ്ടെങ്കിൽ അനുരഞ്ജനപ്പെട്ടുകൊൾക.

അമ്മായിഅമ്മയെ വേദനിപ്പിച്ചെങ്കിൽ അമ്മയുടെ അടുക്കൽ ചെന്ന് മാപ്പ് ചോദിച്ചുകൊൾക. എന്റെ അമ്മ അല്പം കോപിക്കുന്ന ആളായിരുന്നു. അപ്പൻ നേരത്തേ മരിച്ചു. മുപ്പതാമത്തെ വയസ്സിൽ അമ്മ വിധവയായതുകൊണ്ട് അതിന്റെ വേദനയും നിരാശയും എല്ലാം ബാധിച്ച് മനസ്സ് മരവിച്ചുപോയിരുന്നു. അതുകൊണ്ട് ഞാൻ വിവാഹം കഴിച്ച് ആലീസ് വന്നപ്പോൾ അമ്മയ്ക്ക് എപ്പോഴും ദേഷ്യം.

അത് ആലീസിനോടുള്ള ദേഷ്യമാണെന്ന് ആലീസിന് തോന്നിപ്പോയി. ആലീസിനോടുള്ള ദേഷ്യമല്ലായിരുന്നു വാസ്തവത്തിൽ. അമ്മയുടെ സ്വഭാവത്തിലെ ദേഷ്യമായിരുന്നു. ഉള്ളംകൊണ്ട് രണ്ടുപേരും തമ്മിൽ അകന്നു. പക്ഷേ, ഞങ്ങളുടെ വിവാഹം കഴിഞ്ഞ് പതിമൂന്ന് കൊല്ലം കഴിഞ്ഞാണ്

ആലീസ് അമ്മയുടെ കാലുപിടിച്ച് മാപ്പു ചോദിച്ചു.

ആലീസ് അമ്മയോട് ധിക്കാരമായി ഒന്നും പറഞ്ഞിട്ടില്ല. ധിക്കാരമായി ഒന്നും ചെയ്തിട്ടില്ല. വിനയപ്പെട്ട് നിന്നിട്ടേ ഉള്ളു. എങ്കിലും അമ്മയോട് ഉള്ളിൽ കലശലായ ഇഷ്ടക്കുറവുണ്ടായിരുന്നു. മാപ്പ് ചോദിച്ചു നിരപ്പായി. കുടുംബം അനുഗ്രഹിക്കപ്പെട്ടു. ഞാൻ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇത് പറയുന്നത്.

നിങ്ങൾ ഭാര്യയും ഭർത്താവും തമ്മിൽ പിണങ്ങി ഇരിക്കുന്നവരുണ്ടോ? വിവാഹമോചനം ആയാലോ എന്ന് ചിന്തിക്കുന്നവരുണ്ടോ? വിവാഹമോചനം എന്നുള്ള കാര്യം പോലും ചിന്തയിൽ വരരുത്. അത് അപകടമാണ്. സ്നേഹമാകുക. എനിക്ക് തെറ്റില്ല, മറ്റേ ആൾക്കാണ് തെറ്റ് എന്ന് ചിന്തിക്കരുത്. എന്റെ തെറ്റാണ് ഞാൻ ചിന്തിക്കേണ്ടത്. ഒരു ന്യായീകരണവും പറയരുത്.

ചെന്ന് ഇണങ്ങിക്കൊൾക. ഒട്ടും വൈകരുത്. കോഴിക്കോടടുത്ത് താമരശ്ശേരിയിൽ ഒരു പള്ളിയിൽ ഞാൻ പ്രസംഗിക്കാൻ പോയി. പ്രസംഗം കഴിഞ്ഞപ്പോൾ ഒരു അമ്മയും മകളും എന്നെ കാണാൻ വന്നു. അമ്മ കണ്ണീരോടെ പറഞ്ഞു: ഇവൾ ഭർത്താവിന്റെ കൂടെയല്ല, വീട്ടിലേക്ക് പോന്നിരിക്കുകയാണ്. വലിയ വഴക്കൊന്നുമല്ല. ചെറിയൊരു വാശി. വാശി പിടിച്ച് അവൾ വീട്ടിലേക്ക് വന്നു.

അദ്ദേഹം വന്ന് കൂട്ടിക്കൊണ്ടുപോകുമെന്ന് അവൾ വിചാരിച്ചു. അദ്ദേഹം വന്നില്ല. അവളും പോയില്ല. കാര്യങ്ങളെല്ലാം അവതാളത്തിലായി. അവർ രണ്ടും രണ്ടിടത്തായി. ഇനി ആ ബന്ധം മുന്നോട്ടുപോകുകയില്ല. ആ പാവം സ്ത്രീ ഏങ്ങലടിച്ചു കരഞ്ഞു. ഞാൻ പറഞ്ഞു: ഇവിടെ വാശി പിടിയ്ക്കേണ്ട. ലജ്ജിക്കേണ്ട. വിനയത്തോടെ ഭർത്താവിന്റെ വീട്ടിലേയ്ക്ക് ചെല്ല്, അങ്ങോട്ട് ചെന്ന് മാപ്പു ചോദിക്ക്. പെട്ടെന്നുള്ള കോപംകൊണ്ട് ഞാൻ പോയതാണ്, എന്നോട് ക്ഷമിക്കണം എന്ന് ഭർത്താവിനോട് പറയൂ.

എത്രയോപേർ ഇതുപോലെ അകന്നുപോയവർ അടുക്കുന്ന അനുഭവം. ഒരു കാരണവശാലും ആരോടും നീരസം പാടില്ല. വഴക്ക് പാടില്ല. എല്ലാം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. ദൈവത്തോട് പറഞ്ഞ് നിങ്ങൾ നിരപ്പാകൂ.

നിങ്ങൾ തലപൊക്കി നോക്കുക. തലപൊക്കി നോക്കിയാൽ ക്രൂശിന്മേൽ കിടക്കുന്ന യേശുവിനെ കാണാം. ആ യേശുവിനെ നിങ്ങൾ കാണുക. കർത്താവ് നിങ്ങൾക്ക് ശോഭനമായ കാലം തരും. ഭാവി മനോഹരമാക്കിത്തരും. നിങ്ങളുടെ തലമുറകൾ അനുഗ്രഹിക്കപ്പെടും.

# ആറ്

1. തലപൊക്കി നോക്കിയാൽ സമർപ്പണം ലഭിക്കും.
2. തലപൊക്കി നോക്കിയാൽ വാഗ്ദത്തം ലഭിക്കും.
3. തലപൊക്കി നോക്കിയാൽ ദൈവത്തിന്റെ കരുതൽ കാണാം.
4. തലപൊക്കി നോക്കിയാൽ അനുരഞ്ജനം ഉണ്ടാകും.

വ്യക്തിപരമായി എന്നോട് പലരും സംസാരിക്കാറുണ്ട്; എഴുത്ത് അയയ്ക്കാറുണ്ട്. എല്ലാവരും ദു:ഖം അനുഭവിക്കുന്നവരാണ്. സമാധാനം എങ്ങുമില്ല. ഓരോ തരത്തിലുള്ള ദുരിതങ്ങളിൽ കൂടിയാണ് ഓരോരുത്തരും കടന്നുപോകുന്നത്.

എനിക്ക് തന്നത്താൻ പരിഹരിക്കാൻ സാദ്ധ്യമല്ല എന്ന് തോന്നാവുന്ന അനേകമനേകം പ്രശ്നങ്ങൾ. ഞാൻ എന്തുചെയ്യും എന്നോർത്ത് നിലവിളിക്കുന്ന പ്രശ്നങ്ങൾ. എല്ലാം ഉണ്ട് എന്ന് കരുതുന്നവർക്കും ഉള്ളിൽ നീറ്റലാണ്. ഒരു പ്രശ്നവും ഇല്ല എന്ന് നാം കരുതുന്നവർക്കും നല്ല നീറ്റലാണ്.

പല തരത്തിലുള്ള ആകുലങ്ങൾ, ആവലാതികൾ, സങ്കടങ്ങൾ! ദുരിതം പിടിച്ച ഒരു ജീവിതം! യാതനാഭരിതമായ ജീവിതത്തിൽക്കൂടിയാണ് ഓരോ മനുഷ്യനും കടന്നുപോകുന്നത്. അതുകൊണ്ട് പലപ്പോഴും നമ്മുടെ തല താണുപോകും. പലപ്പോഴും നമുക്ക് മ്ലാനത വരും. പ്രത്യേകിച്ച് ഒരു വിഷയമില്ലെങ്കിലും നമുക്ക് മ്ലാനത വരും.

എല്ലാം സുഖസമൃദ്ധിയാണ് എന്ന് നാം കരുതുന്ന

വ്യക്തിയിലും ചില ദുരിതങ്ങൾ, ചില പ്രശ്നങ്ങൾ, ചില യാതനകളുണ്ട്. തല താണുപോയിരിക്കുക യാണ്.

അപകർഷതാബോധം! എന്തോ ചില അസംതൃപ്തികൾ! എനിക്ക് കിട്ടേണ്ടത് കിട്ടിയില്ല എന്നൊരു തോന്നൽ. എവിടെയോ ചില പോരായ്മകൾ. ആകെ ഒരു ആധി. ഇങ്ങനെ വലയുന്ന മനുഷ്യരോട് ദൈവത്തിന്റെ വചനം പറയുന്നത് നിങ്ങൾ തലപൊക്കി നോക്കുക എന്നാണ്.

നീ തലതാഴ്ത്തി ഇരിക്കേണ്ട, യാതനയിൽ വിഷമിച്ച് വലഞ്ഞ് കഴിയേണ്ട എന്നാണ് ദൈവം പറയുന്നത്. ഇത് വായിക്കുമ്പോൾ നമുക്ക് തോന്നും ഇതൊരു ആശ്വാസവാക്കാണ് പക്ഷേ, എന്റെ പ്രശ്നം മാറാൻ പോകുന്നില്ലല്ലോ.

ഒരു പ്രശ്നവുമില്ലെന്ന് നാം ചിന്തിക്കുന്ന ആളുകൾക്കും പ്രശ്നങ്ങളുണ്ട്. ഇത് മനുഷ്യസമൂഹത്തിന്റെ ഒരു പ്രത്യേക അനുഭവമാണ്. ദുരിതപൂരിതമായ ജീവിതം! യാതനാഭരിതമായ ജീവിതം! വലഞ്ഞുപോകുന്ന ജീവിതം!

ലക്ഷ്യബോധമില്ലാത്ത ജീവിതം! അവിടെയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പറയുന്നത്, തലപൊക്കി നോക്കുക എന്ന്. തലപൊക്കി നോക്കിയാൽ നമുക്ക് ദൈവത്തിന്റെ വാഗ്ദത്തം കിട്ടും. Promise! തലപൊക്കി നോക്കിയാൽ ദൈവത്തിന്റെ കരുതൽ കാണാം.

*"ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്തുവരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോട് പറയുന്നു."*

*യോഹന്നാൻ 4 : 35*

നിങ്ങൾ പറയുന്നു: ബദ്ധപ്പെട്ടു കൊയ്യേണ്ട ആവശ്യമില്ല. ഇനി നാലുമാസമുണ്ട്. എന്നാൽ കർത്താവ് പറയുന്നു: നിങ്ങൾ

തലപൊക്കി നോക്കിയാൽ വയലേലകൾ കൊയ്ത്തിനു പാകമായി കിടക്കുന്നത് കാണാം. വയലിൽ നെല്ല് വിളഞ്ഞ് കിടക്കുന്നത് നിങ്ങൾക്ക് കാണാം.

കർത്താവ് ഇതു പറയുമ്പോൾ ഗെരിസീം മലയിലേക്ക് നോക്കുയാണ്. അങ്ങോട്ട് നോക്കുമ്പോൾ നിരനിരയായി ആളുകൾ നടന്നുവരുന്നു. ശമര്യയിലെ വലിയ കൂട്ടം ജനങ്ങൾ മലയിറങ്ങി നടന്നുവരുന്നു. കർത്താവ് ഇത് പറഞ്ഞിട്ട് ആ മലയിലേക്ക് നോക്കി, ഇനിയും വൈകരുത് എന്ന് പറയുകയാണ്. അതിന്റെ പിന്നിലുള്ള പശ്ചാത്തലം എന്താണ്?

കർത്താവ് സുഖാർ കിണറ്ററികിൽ വന്ന് ശമര്യാസ്ത്രീ യോട് സംസാരിച്ചു. ഒരു സെക്കന്റും കർത്താവ് വെറുതേ കളഞ്ഞില്ല. എല്ലാം വിലപ്പെട്ട സമയമായിരുന്നു. നട്ടുച്ചനേരത്ത് വെയിലേറ്റ് വാടിത്തളർന്ന് കർത്താവും ശിഷ്യന്മാരും ആ കിണറ്റിന്റെ അരികിൽ വന്നു.

ശിഷ്യന്മാർ ആഹാരം കൊള്ളാനായിട്ട് പട്ടണത്തിലേക്ക് പോയി. കർത്താവ് അവിടെ ഏകനായി നിൽക്കുകയാണ്. അപ്പോഴാണ് ഒരു സ്ത്രീ വെള്ളം കോരുവാൻ വന്നത്. അവൾ അപ്പോൾ വരുവാൻ കാരണമുണ്ട്. ആളുകൾ കൂടുമ്പോൾ അവൾക്ക് വരാൻ സാദ്ധ്യമല്ല.

അവളുടെ ജീവിതം താറുമാറായ ജീവിതമാണ്. ജനങ്ങളുടെ ഇടയിലേക്ക് വരാൻ പറ്റാത്തവണ്ണം ലജ്ജാകരമായ ഒരു ഭൂതകാലമാണ് അവൾക്കുള്ളത്. അവളെക്കുറിച്ച് എല്ലാവർക്കു മറിയാം. ആളുകൾ അവളെ കാണുമ്പോൾ ഒരു കുഷ്ഠരോഗം ബാധിച്ചവളെപ്പോലെ വെറുക്കുകയാണ്. കാരണം, അവളുടെ ജീവിതം നശിച്ചുപോയ ജീവിതമാണ്.

ആ സമയത്ത് അവൾ അവിടെ വരാൻ കാരണം, ആ സമയത്ത് ആരും അവിടെ വെള്ളം കോരാൻ വരാൻ സാദ്ധ്യതയില്ല. ആ സമയം ജനത്തിരക്കില്ലാത്ത സമയമാണ്. ഇപ്പോൾ പോയാൽ പ്രശ്നം ഒന്നുമില്ലല്ലോ. ആരെയും

കാണണ്ടല്ലോ. വെള്ളം കോരിക്കൊണ്ട് വേഗം പോന്നാൽ മതിയല്ലോ.

അവൾ കൊള്ളരുതാത്ത ജീവിതം നയിച്ച സ്ത്രീയാണ്. കർത്താവ് അവളോട് പറയുന്നു: അഞ്ച് ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു, ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല.

അഞ്ചു ഭർത്താക്കന്മാർ! അഞ്ചുപേരും വിവാഹമോചനം നേടിപ്പോയി. ഇവളുടെ ജീവിതത്തിലെ കൊള്ളരുതായ്മകൾ കണ്ടായിരിക്കണം അവരെല്ലാം പോയത്. ഇപ്പോൾ അവളുടെ കൂടെയുള്ളവൻ ഭർത്താവല്ല. എന്നാൽ ഭർത്താവിനെപ്പോലെ കൂടെ താമസിക്കുന്നു.

ജീവിതം വഷളായിപ്പോയ ഒരു സ്ത്രീ. അവൾ ആ സമയത്ത് വെള്ളം കോരുവാൻ വന്നു. കർത്താവ് അവളെ ക്കണ്ടപ്പോൾ ചോദിച്ചു. എനിക്ക് കുടിപ്പാൻ തരുമോ? അവൾക്ക് അത്ഭുതം തോന്നി. എന്താണ് തന്നോടിങ്ങനെ ചോദിക്കുന്നത്? ഞാൻ ശമര്യാസ്ത്രീയല്ലേ? യഹൂദന്മാർക്ക് ശമര്യരുമായി ഒരു സമ്പർക്കവുമില്ല. കാരണം, ശമര്യർ ഒരു സങ്കരജാതിയാണ്.

യഹൂദന്മാരും ജാതികളും ഇടകലർന്നുണ്ടായതാണ് ശമര്യർ. യഹൂദന് അന്യജാതിയിലുണ്ടായവരാണ് ശമര്യർ. യഹൂദന്മാർക്ക് ശമര്യരോട് കടുത്ത വിരോധമാണ്. അവർ വെള്ളം കൊടുത്താൽ കുടിക്കില്ല. ആഹാരം കൊടുത്താൽ കഴിക്കില്ല. കണ്ടാൽ മിണ്ടുകയില്ല. യഹൂദർ ശമര്യരെ ശപിക്കപ്പെട്ട ജാതിയായി കണക്കാക്കിയിരുന്നു.

അങ്ങനെയുള്ള ഒരു ശമര്യാസ്ത്രിയോട് കർത്താവ് ചോദിച്ചു: "എനിക്ക് കുടിപ്പാൻ തരുമോ?"

വർഷങ്ങളായി ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും ഈ സ്വരം പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. "എനിക്ക് കുടിപ്പാൻ തരുമോ?" ദാഹാർത്തനായി യേശു വന്ന് നിൽക്കുകയാണ്.

യേശുവിന് മതഭേദമില്ല. യേശുവിന് ജാതിവ്യത്യാസമില്ല.

യേശുവിന് നിങ്ങളുടെ കഴിഞ്ഞകാലജീവിതം മോശമാണ് എന്നുള്ള ചിന്തയില്ല. ഒന്നും യേശു നോക്കുന്നില്ല. യേശു അവളോട് എന്റെ ദാഹം തീർക്കുമോ എന്നാണ് ചോദിക്കുന്നത്.

പ്രിയപ്പെട്ടവരേ, ആരേയും നാം അവഗണിക്കരുത്. ആരേയും നാം തുച്ഛീകരിക്കരുത്. ആരേയും നാം ചെറുതായി കാണരുത്. ആരേയും മുൻവിധിയോടെ കാണരുത്. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. ജീവിതത്തിൽ പോരായ്മ ഉള്ളവരുണ്ടാകും. ചില തെറ്റുകൾ പറ്റിയിട്ടുണ്ടാകും. പല രീതിയിൽ വീഴ്ച പറ്റിയിട്ടുള്ളവരുണ്ടാകും.

അവരെപ്പോലും യേശുക്രിസ്തുവിന്റെ ഭാവത്തോടെ വേണം നാം കാണാൻ. യേശുക്രിസ്തു എങ്ങനെയാണ് അവരെ കാണുന്നത്? യേശുക്രിസ്തു അവരെക്കാണുന്നത് സ്നേഹത്തോടെയാണ്. വാത്സല്യത്തോടെയാണ്. ആദരവോടെയാണ്. യേശു ചോദിച്ചു: “എനിക്ക് കുടിപ്പാൻ തരുമോ?” അവൾക്കൊട്ടും മനസ്സിലായില്ല.

അവൾ ചോദിച്ചു: യജമാനനേ, ഞാനൊരു ശമര്യാസ്ത്രീയല്ലേ? നീയൊരു യഹൂദനല്ലേ? ശമര്യർക്കും യഹൂദന്മാർക്കും തമ്മിൽ ബന്ധമൊന്നുമില്ലല്ലോ. നീ എന്നോട് വെള്ളം ചോദിച്ചത് എനിക്ക് അത്ഭുതം തോന്നുന്നു.

കർത്താവ് മറുപടി പറഞ്ഞു: “നിന്നോട് ചോദിക്കുന്നവൻ ആരാണെന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ നീ ഇപ്പോൾ ഇങ്ങനെ പറയില്ലായിരുന്നു. ആരുടെ മുന്നിലാണ് നീ വന്നതെന്ന് നീ അറിയുന്നില്ല. നിന്റെ ശരീരത്തിന്റെ ദാഹം മാത്രമല്ല, അന്തർദ്ദാഹം മുഴുവൻ മാറ്റാൻ കഴിവുള്ള നിത്യനായ ദൈവമാണ് നിന്റെ മുമ്പിൽ വന്നത് എന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ നീ ഇങ്ങനെ ചോദിക്കില്ലായിരുന്നു.”

കർത്താവ് അവളോട് കുടിപ്പാൻ തരുമോ എന്നാണ്

ചോദിച്ചത്. എപ്പോഴും യേശുക്രിസ്തു അടുത്തുവരുമ്പോൾ അവൻ നമ്മോട് ചോദിക്കുന്നത് കുടിപ്പാൻ തരുമോ എന്നാണ്. പക്ഷേ, ആ ചോദ്യത്തിന് പിന്നിൽ നമ്മിൽ നിന്ന് കുടിപ്പാൻ വാങ്ങാനല്ല, നമുക്ക് തരാനാണ് അവൻ വരുന്നത്.

നമ്മുടെ നിത്യമായ ദാഹം തീർക്കാൻ യേശു നമ്മുടെ മുമ്പിൽ വന്ന് നിൽക്കുന്നു. ഒരു മുഖവുരയായിട്ടാണ് എനിക്ക് കുടിപ്പാൻ തരുമോ എന്ന് ചോദിച്ചത്. ജീവനുള്ള ദൈവം നിങ്ങളെ എല്ലാവരേയും കാണുന്നുണ്ട്. നിങ്ങളെല്ലാവരും എവിടുന്നാണ് വന്നതെന്ന് കർത്താവിനറിയാം.

നിങ്ങളുടെ കഴിഞ്ഞകാലജീവിതത്തിലെ പോരായ്മകളും കെടുതികളും കർത്താവിനറിയാം. നിങ്ങൾക്കെന്താകാൻ സാധിക്കുമെന്ന് കർത്താവിനറിയാം. കർത്താവ് എല്ലാം അറിയുന്നവനാണ്. എല്ലാം കാണുന്നവനാണ്. കർത്താവ് ഇന്നത്തേത് മാത്രമല്ല കാണുന്നത്. നാം ഇന്നത്തേത് മാത്രം കാണുന്നു. കർത്താവ് നിത്യതയോളം നമ്മെ കാണുന്നു.

നാളെ എന്ത് എന്ന് കർത്താവ് കാണുന്നു. നമുക്കറിഞ്ഞുകൂടാ നാളെ എന്ത് എന്ന്. കാരണം, നാം വെറും സാധാരണ മനുഷ്യരാണ്. എന്നാൽ സ്വർഗ്ഗസ്ഥനായ ദൈവം എല്ലാം കാണുന്നു. നാം എന്തായിത്തീരാൻ പോകുന്നു എന്നതും യേശു അറിയുന്നു.

പത്രോസിനെ ആദ്യം കണ്ടുമുട്ടിയപ്പോൾ കർത്താവ് പറഞ്ഞു: “നീ ശീമോൻ ആകുന്നു, നീ പത്രോസ് ആകും.” കർത്താവ് ശീമോനെ കാണുമ്പോൾ നീ എന്താകുമെന്നാണ് പറയുന്നത്. പിന്നീട് നാം കാണുന്നത് ശീമോൻ, പത്രോസ് ആകുന്നതിനുള്ള ദൈവിക ഇടപെടലുകളാണ്. ശീമോനെ പത്രോസാക്കി എടുക്കാനുള്ള ദൈവികയത്നം!

നിങ്ങൾ വിശ്വസിക്കൂ. ക്രിസ്തുവിന് നമ്മെക്കുറിച്ചുള്ള പ്രതീക്ഷകൾ വളരെ ഉന്നതമാണ്. നമ്മുടെ കൂട്ടായ്മയെക്കുറിച്ച് കർത്താവിന് ഉന്നതമായ പ്രതീക്ഷകളുണ്ട്. നമ്മൾ ഓരോരു

ത്തരേക്കുറിച്ചും കർത്താവിന് വിലയേറിയ ആശകളുണ്ട്. നമ്മിൽ നിന്നുകൊണ്ട് ചില കാര്യങ്ങൾ ചെയ്തുതീർക്കാൻ കർത്താവിന് പരിപാടിയുണ്ട്.

എനിക്ക് പാണ്ഡിത്യമില്ല. ആത്മീയമായ അറിവില്ല. ഒത്തിരി പാപം ചെയ്തുപോയ ഒരു മനുഷ്യനാണ്. എന്നെക്കുറിച്ച് കർത്താവിന് എന്ത് പ്രതീക്ഷിയ്ക്കാനാണ്? എന്ന് ചിന്തിച്ച് നിങ്ങൾ വാടിപ്പോകരുത്.

ഞാൻ അഞ്ചാംക്ലാസ്സ് മുതൽ അഞ്ചു കിലോമീറ്റർ നടന്നു പോയാണ് പഠിച്ചത്. ഞാൻ പോകുന്ന വഴിക്ക് ഒരു പാടമുണ്ട്. അവിടെ ഒരു തോടുമുണ്ട്. തോട്ടിൽ പാലമായി ഇട്ടിരിക്കുന്നത് ഒരു തെങ്ങിൻതടിയാണ്. അമ്മ ഇവിടെ പണിയ്ക്ക് വരുന്ന വേലക്കാരനെ ആ പാലം കടത്തിവിടാൻ എന്റെ കൂടെ വിടും. ഞാൻ സ്കൂൾ വിട്ടുവരുന്ന സമയമാകുമ്പോഴേയ്ക്കും വീണ്ടും അവനെ പറഞ്ഞുവിടും.

അമ്മയ്ക്ക് എന്നെപ്പറ്റി കരുതലുണ്ട്. എനിക്ക് കേടു വരരുത്. ഞാൻ വെള്ളത്തിൽ പോകരുത്. പിന്നീട് ഞാൻ ചിന്തിച്ചു. അമ്മ അന്ന് ഒരു വേലക്കാരനെ അയച്ചു. പക്ഷേ, യേശു തന്റെ ദൂതന്മാരെ അയച്ചു. ഞാൻ ആ മാലാഖമാരെ കണ്ടില്ല. ഇന്ന് ഞാനത് മനസ്സിലാക്കുന്നു, അന്ന് ഞാനത് മനസ്സിലാക്കിയില്ല. കാരണം, അന്ന് ആത്മീയമായി അത്രയും അറിവൊന്നും ഉണ്ടായിരുന്നില്ല.

നിങ്ങൾ തിരിഞ്ഞുനോക്കൂ. നിങ്ങളുടെ ജീവിതത്തിൽ മാലാഖമാർ നിങ്ങളുടെ കൂടെനിന്ന് നടത്തിയത്. താങ്ങും തണലുമായി നിന്നത്; നിങ്ങളുടെ രോഗശയ്യയിൽ മാലാഖമാർ നിങ്ങളെ ശുശ്രൂഷിച്ചത്.

1980-ൽ എനിക്കൊരു സ്കൂട്ടർ ആക്സിഡന്റ് ഉണ്ടായി. ഒരു വലിയ ആക്സിഡന്റ് ആയിരുന്നു. എന്നാൽ അന്ന് എനിക്ക് മനസ്സിലായി, എന്നെ കാക്കുവാൻ ദൂതന്മാരെ ആക്കിയിരുന്നു എന്ന്. എനിക്ക് അപകടം വരാതെ കാക്കാൻ

ദൂതന്മാരെ ആക്കിയിരുന്നു അല്ലെങ്കിൽ അന്നവിടെ ഞാൻ തീർന്നുപോകേണ്ടതായിരുന്നു.

നിങ്ങൾ ദൈവത്തെ നോക്കാത്തപ്പോഴും നിങ്ങളെ നോക്കാൻ ദൈവം മാലാഖമാരെ ആക്കിയിട്ടുണ്ട്. ദൂതന്മാരുടെ സംഘം നമ്മെ കാവൽ ചെയ്യുന്നുണ്ട്. ഇത് സത്യമാണ്. ഞാനിത് അനുഭവിച്ചുകൊണ്ടാണ് പറയുന്നത്. നിങ്ങൾ വിശ്വസിക്കൂ, ദൈവത്തിന്റെ ദൂതന്മാർ നിങ്ങളെ കാവൽ ചെയ്ത് നിൽക്കുന്നുണ്ട്. നിങ്ങളെ കൃപയുടെ വചനത്തിലേക്ക് അടുപ്പിക്കാൻ ദൈവദൂതന്മാർ ബദ്ധപ്പെടുന്നുണ്ട്.

മാലാഖമാരുടെ സംരക്ഷണം! ദൂതന്മാരുടെ സംരക്ഷണം! ദൈവം ഈ ഭൂമിയിലെ മക്കൾക്കെല്ലാവർക്കും ദൂതന്മാരെ നിയമിച്ചാക്കിയിട്ടുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ മനുഷ്യൻ അത് അറിയുന്നില്ല. അതുകൊണ്ട് ദുരാത്മാക്കളുടെ ആലോചനയ്ക്ക് നാം വഴിപ്പെട്ടുപോകുന്നു. ഇത് സംഭവിക്കരുത്.

നമ്മെ നശിപ്പിക്കാൻ ദുരാത്മാക്കളുണ്ട്. നമ്മെ രക്ഷിക്കാൻ മാലാഖമാരുണ്ട്. മാലാഖമാരെ ദൈവം ചട്ടം കെട്ടിയിട്ടുണ്ട്. ഓരോ സംഭവത്തിൽക്കൂടിയും നമ്മെ സ്നേഹത്തോടെ തന്നിലേയ്ക്ക് അടുപ്പിക്കാനുള്ള ദൈവത്തിന്റെ കരുതൽ. നാം നിത്യനാശത്തിലേക്ക് പോകാതിരിക്കാൻ നമ്മെ വിളിച്ച് ചേർക്കുന്ന ദൈവത്തിന്റെ കരുതൽ.

നമ്മുടെ കൂട്ടായ്മയിൽ വരുന്ന രാമമംഗലത്തെ ബിജു എറണാകുളത്തേയ്ക്ക് കാറ് ഓടിച്ചുപോകുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഒരു കാറ് തകർന്ന് തരിപ്പണമായി വഴി യിൽ കിടക്കുന്നു. ഞാൻ പറഞ്ഞു: ഈ കാറിന്റെ അവസ്ഥ കണ്ടിട്ട് ഇതിൽ ആരും രക്ഷപ്പെട്ട് കാണില്ലല്ലോ.

പിന്നെയാണ് അറിഞ്ഞത്, അത് ബിജുവിന്റെ കാറാണെന്ന്. ഞെട്ടിപ്പോയി. ഭാഗ്യവശാൽ ബിജുവിന് ഒന്നും പറ്റിയില്ല, കാറിനേ പറ്റിയുള്ളൂ. അത്ഭുതം! ദൈവത്തിന്റെ ദൂതന്മാർ കൈയിൽ വഹിക്കുകയായിരുന്നു. താങ്ങുകയായിരുന്നു.

ഓരോ നിമിഷവും നമ്മെ കാക്കുവാനും താങ്ങുവാനും പരിപാലിക്കുവാനും നമ്മുടെ കാര്യം അന്വേഷിക്കുവാനും ദൈവത്തിന്റെ ദൂതന്മാരുണ്ട്. കർത്താവ് ദൂതന്മാരെ കല്പിച്ചാക്കിയിട്ടുണ്ട്.

ഇപ്പോൾ ഇന്ന് എന്താണെന്നല്ല, എന്തായിത്തീരാൻ പറ്റും എന്നാണ് കർത്താവ് കാണുന്നത്. ഈ മകൻ ഇനി എന്തായി ത്തീരും? ഈ മകൾ ഇനി എന്തായിത്തീരും? എന്തായിത്തീരണം? നാം ഓരോരുത്തരെക്കുറിച്ചും വ്യക്തമായ ആഗ്രഹം ദൈവത്തിനുണ്ട്. കർത്താവേ, നിന്റെ ആഗ്രഹത്തിന് ഞാൻ എന്നെത്തന്നെ വിട്ടുതരുന്നു. നിന്റെ ആശ നിറവേറ്റാൻ എന്റെ ഭാവി ഞാനിതാ ഏല്പിച്ചുതരുന്നു.

ഈ ജീവിതം ഞാൻ തനിയെ നയിച്ചാൽ നഷ്ടപ്പെട്ടു പോകും. തനിയെ നയിച്ചാൽ ഞാൻ വീണുപോകും. പിശാചിന്റെ കെണിയിലായിപ്പോകും. കർത്താവേ, നീ എന്നെക്കുറിച്ച് എന്തെല്ലാം ആഗ്രഹിക്കുന്നുണ്ടോ, അതിനെല്ലാം ഞാനിതാ എന്നെ താഴ്ത്തിത്തരുന്നു.

ഞാൻ സമർപ്പണം എടുത്ത ആദ്യകാലങ്ങളിൽ ഇതൊക്കെ ഞാൻ പറയാറുണ്ട്. കഴുതയെക്കൊണ്ട് കർത്താവിന് ആവശ്യമുണ്ട്. എന്നെക്കൊണ്ടും കർത്താവിന് ആവശ്യമുണ്ട്. എന്നിൽ നിന്ന് കർത്താവ് ചിലത് പ്രതീക്ഷിക്കുന്നു. അതെന്നെ ഉണർത്തിക്കൊണ്ടിരുന്നു.

നിങ്ങൾ ഹൃദയം തുറന്ന് കർത്താവിനോടു പറയണം: കർത്താവേ, എന്തെല്ലാം നീ എന്നിൽ പ്രതീക്ഷിക്കുന്നുണ്ടോ, എന്നെ ഈ ഭൂമിയിലേക്ക് അയച്ചപ്പോൾ എന്തെല്ലാം നീ എന്നിൽ ആശ വച്ചിട്ടുണ്ടോ, എല്ലാം നിറവേറ്റാൻ ഈ ആളത്വമിതാ കാഴ്ചയായി അണയ്ക്കുന്നു.

ഇനി എന്റെ വഴിയില്ല. യേശുവേ, നിന്റെ വഴി, നിന്റെ ദാഹം തീർക്കാൻ ഞാനിതാ വരുന്നു. യേശുവേ, നിന്റെ വേദന മാറ്റാൻ ഞാനിതാ വരുന്നു. ക്രൂശിന്മേൽ എനിക്കുവേണ്ടി

ദാഹിച്ച കർത്താവേ, നിന്റെ ദാഹം തീർക്കാൻ കാണിക്കയായി ഞാനിതാ എന്നെത്തന്നെ അർപ്പണം ചെയ്യുന്നു.

വിലപ്പെട്ട തീരുമാനമാണത്. ആ ഒരു തീരുമാനത്തിലേക്ക് നിങ്ങൾക്ക് വരാൻ പറ്റുമോ? എന്തൊരു മഹാഭാഗ്യം! ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. യേശുക്രിസ്തു ചോദിച്ച ചോദ്യത്തിന് അവൾ കൊടുത്ത മറുപടി കർത്താവിന് തൃപ്തികരമല്ല. നമ്മുടെ പ്രതികരണം കർത്താവിന് ചിലപ്പോൾ തൃപ്തികരമല്ല. എന്നാൽ ഇപ്പോൾ നിങ്ങൾ തിരുത്തിക്കുറിച്ചു കൊണ്ട് നിങ്ങളുടെ പ്രതികരണം കർത്താവിനെ അറിയിക്കുക.

കർത്താവേ, എന്തെല്ലാം കാര്യങ്ങൾ എന്നെക്കുറിച്ച് ഈ ഭൂമിയിൽ നിവർത്തിക്കാൻ ആഗ്രഹിക്കുന്നുണ്ടോ, എല്ലാം നിർവ്വഹിക്കാൻ എന്റെ ഈ ശരീരവും എന്റെ മനസ്സും എന്റെ ആത്മാവും എന്റെ ദേഹവും ദേഹിയും ആത്മാവും മുഴുവനായി സമർപ്പിക്കുന്നു. കർത്താവേ, ഇനി എനിക്കെന്റെ സ്വന്തം പരിപാടിയില്ല. സ്വന്തം പദ്ധതിയില്ല, സ്വന്തം പ്ലാനില്ല. അവിടുന്ന് കല്പിക്കുന്നതെന്താണെങ്കിലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. കർത്താവേ, എന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. ഇതാണ് സമർപ്പണം.

# ഏഴ്

*"ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്തുവരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോട് പറയുന്നു."*

*യോഹന്നാൻ 4 :35*

"സ്ത്രീയേ, എനിക്കു കുടിപ്പാൻ തരുമോ" എന്ന് കർത്താവ് ചോദിച്ചു. പിന്നീടൊരു സംഭാഷണമാണ്. അവൾക്കറിഞ്ഞു കൂടാ ആരാണ് തന്നോട് സംസാരിക്കുന്നത് എന്ന്. ഒരു യഹൂദറബ്ബി. അതേ അവൾ കാണുന്നുള്ളൂ. നിങ്ങളിൽ പലരും യേശുവിനെ കാണുന്നത് ഒരു നല്ല ഉപദേഷ്ടാവ്, നല്ല ഒരു മതസ്ഥാപകൻ, നല്ല തത്വജ്ഞാനി ഇങ്ങനെയെല്ലാമാണ്. എന്നാൽ എങ്ങനെയാണ് യേശുവിനെ കാണേണ്ടത്?

യേശു എന്റെ രക്ഷകൻ! യേശു എന്റെ വീണ്ടെടുപ്പുകാരൻ! യേശു എന്റെ നാഥൻ! യേശു എന്റെ യജമാനൻ! എന്റെ യേശു! ഹൃദയംഗമമായ അടുപ്പമാണിത്. സ്നേഹത്തിന്റെ ഒരു intimacy!

നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്. വേദപുസ്തകം വായിക്കുന്നുണ്ട്. കർത്താവ് നിങ്ങളുടെ അരികത്ത് വന്ന് നിങ്ങളോട് സംസാരിക്കുന്നുവെന്നോ നിങ്ങളുടെ പ്രാർത്ഥന കർത്താവ് കേൾക്കുന്നുവെന്നോ ഉള്ള വിശ്വാസത്തോടു കൂടിയാണോ നിങ്ങൾ പ്രാർത്ഥിക്കുന്നത്? എന്റെ പ്രശ്നം എന്റെ കർത്താവ് അറിയുന്നുണ്ട്. എന്റെ ഇപ്പോഴത്തെ സ്ഥിതിയല്ല, പൂർവ്വ

സ്ഥിതിയും കർത്താവ് കാണുന്നുണ്ട്. അത് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? എന്റെ യേശു ഞാൻ പ്രാർത്ഥിക്കുന്നത് കേൾക്കാൻ കാതോർത്ത് എന്റെ അരികത്ത് നിൽക്കുകയാണ്.

രാവിലെ ഒരൽപ്പസമയം ഞാൻ തനിയെ പ്രാർത്ഥിക്കാനിരിക്കും. അപ്പോൾ ഞാൻ പറയും: കർത്താവേ, ഞാൻ വൈകിപ്പോയോ? നീ വന്നിട്ട് കുറെനേരം ആയിക്കാണുമല്ലോ. കാരണം പ്രാർത്ഥിക്കാൻ പതിവുള്ള സമയത്ത് ഞാൻ ചെല്ലാത്തതുകൊണ്ട് കർത്താവ് എന്നെ കാത്തിരിക്കുകയാണ്. ഈ പാവപ്പെട്ട മനുഷ്യൻ പ്രാർത്ഥിക്കാൻ ചെല്ലുന്ന സമയം, എന്റെ ഹൃദയത്തിന്റെ നൊമ്പരങ്ങൾ പകരാൻ ഞാൻ ചെല്ലുന്ന സമയം കർത്താവ് കാത്തിരിക്കുന്നു. ഞാൻ പറയും: കർത്താവേ, ക്ഷമിക്കണേ, ഞാൻ അൽപ്പം വൈകിപ്പോയി. പതിവുള്ള സമയം തെറ്റിപ്പോയി.

നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനോടുള്ള ഈ സ്നേഹബന്ധം നിങ്ങൾക്ക് വരണം. അത് വിട്ടുപിരിയാൻ പാടില്ലാത്ത ഒരു സ്നേഹമാണ്. ആർക്കും പറിച്ചുമാറ്റാൻ കഴിയാത്ത സ്നേഹമാണ്. ആ സ്നേഹത്തിലാണ് നാം വളരുന്നത്. ആ സ്നേഹത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്തുവുമായിട്ടുള്ള intimate relationship പുലർത്താൻ സാധിക്കണം. അല്ലെങ്കിൽ നമുക്ക് ഒന്നും നേടാൻ സാധിക്കുകയില്ല.

കൂട്ടായ്മയിൽ വരും. വചനം കേൾക്കും. നിങ്ങൾ പോകും. തീരുമാനങ്ങളൊക്കെ എടുക്കും. പക്ഷേ, തീരുമാനങ്ങൾ മറന്നുപോകും. പിന്നെയും ഇങ്ങനെ വരും, പോകും. അങ്ങനെയല്ല, സജീവമായ ക്രിസ്തീയത്വം നാം പുലർത്തണം.

ക്രിസ്തു നമ്മോട് ചേർന്നു നിൽക്കുന്നത് നാം അറിയണം. നമ്മുടെ കണ്ണുനീര് തുടയ്ക്കാൻ യേശു വന്ന് നിൽക്കുന്നത് നാം അറിയണം. യേശു നമ്മെ സ്നേഹിക്കുന്നവനാണെന്ന്, നമ്മുടെ ഓരോ ചലനവും നിരീക്ഷിക്കുന്നവനാണെന്ന് നാം

അറിയണം. അയ്യോ, എന്റെ മകൻ വല്ല തെറ്റിലും അകപ്പെട്ടു പോകുമോ എന്ന് നോക്കി യേശു നിൽക്കുകയാണ്. അല്ലാതെ കുറ്റം കണ്ടുപിടിക്കാനല്ല. നമ്മെ കാക്കാൻ യേശു തന്റെ ദൂതന്മാരോട് കല്പിച്ച് അവരെ ഏല്പിച്ചിരിക്കുകയാണ്.

എപ്പോഴും എന്റെ അരികത്തുള്ള യേശു. ആ യേശുവുമായുള്ള സ്നേഹബന്ധമാണ് ക്രിസ്തീയജീവിതം. മറ്റൊന്നുമല്ല; വലിയ വേദശാസ്ത്രമായ പഠനമൊന്നും വേണ്ട. യേശു എന്റെ അരികത്തുണ്ട്, അവനെന്റെ സ്വന്തം എന്നുള്ള ബോധം. നിങ്ങൾ ഓഫീസിൽ ജോലിചെയ്യുമ്പോൾ യേശു കൂടെയുണ്ടെന്നുള്ള ഒരു ബോധം. അതിന് തടസ്സമായിട്ട് എന്തെങ്കിലും വന്നാൽ എന്താണ് കർത്താവ് എന്നിൽനിന്ന് മാറിപ്പോയത് എന്ന് ചിന്തിക്കണം. ചിന്തിക്കുമ്പോൾ കർത്താവ് വ്യക്തമായി കാണിച്ചുതരും. ഇന്ന കാര്യത്തിൽ മോനേ നിനക്ക് തെറ്റുപറ്റി. എന്റെ മനോഭാവത്തിന് വിരുദ്ധമായി നീ ഇന്നത് ചെയ്തുപോയി.

നമ്മുടെ മനോഭാവം കർത്താവ് കാണുന്നു. അത് കാണിച്ചു തരുന്നു. മനസ്സിലാക്കുന്നു. പിടിച്ചെഴുന്നേൽപ്പിക്കുന്നു. ഒരിക്കലും യേശു നമ്മെ വിട്ട് പോകുകയില്ല എന്ന് നാം വിശ്വസിക്കുക. ഒരുപക്ഷേ നമുക്കൊരു തെറ്റുപറ്റി. പക്ഷേ, യേശു കരഞ്ഞുകൊണ്ട് പുറത്തുനിൽക്കുകയാണ്. നമ്മെ ഓമനപ്പേർ ചൊല്ലി വിളിച്ചുകൊണ്ട് കർത്താവ് പുറത്ത് നിൽക്കും.

എന്തൊരു സ്നേഹമാണ് യേശുവിന്റെ സ്നേഹം! എന്തൊരു ഹൃദയലാവണ്യമാണ് ആ സ്നേഹം! ഇത് നിങ്ങൾ അനുഭവിക്കണം. ഈ ലോകത്തിലുള്ളതെല്ലാം വിട്ടു പോകില്ലേ ഒരു ദിവസം. ഇന്നെന്നപോലെ ഒരു ദിവസം ആളങ്ങു കടന്നു പോയി. പിന്നെ ഈ ഭൂമിയിലെ എല്ലാം തീരുകയാണ്.

പിന്നെ നാം വേറൊരു ലോകത്തേക്ക് പോകുകയാണ്. നമുക്ക് എത്തിച്ചേരാൻ പറ്റാത്ത ഒരു ലോകത്തേക്ക്. യേശുവുമായി സ്നേഹബന്ധം പുലർത്തുന്ന ഒരു ദൈവപൈതലിന്

അക്കരെച്ചെല്ലുമ്പോൾ പരിചയമില്ലാതെയല്ല ചെല്ലുന്നത്. നിങ്ങൾക്ക് മാലാഖമാരെ പരിചയമായിരിക്കും. വിശുദ്ധന്മാർക്ക് നിങ്ങളെ പരിചയമായിരിക്കും.

യേശുക്രിസ്തുവിനെ നിങ്ങൾക്ക് പരിചയമുണ്ടെങ്കിൽ യേശുക്രിസ്തുവിന്റെ കൂടെയുള്ള എല്ലാവരെയും നിങ്ങൾക്ക് പരിചയമുണ്ട്. ആത്മാവിന്റെ ജീവൻ പ്രാപിച്ചവർ, അങ്ങനെയുള്ള വിശുദ്ധന്മാർ എല്ലാ സഭയിലും കാണും.

അവരെല്ലാവരും സഭാഭേദം കൂടാതെ ഒരുമിച്ച് കൂടുന്നു. പരസ്പരം സ്നേഹം, പരസ്പരം ഐക്യം, ഒരു മനസ്സ്! എന്തൊരു മഹനീയമായ സമ്മേളനമാണത്! ആ സമ്മേളനത്തിനുവേണ്ടി നാം ഒരുങ്ങണം.

അങ്ങനെ ഒരു വലിയ സമ്മേളനമുണ്ട്. വിശുദ്ധന്മാരുടെ ഒരു സദസ്സ്! അതിന്റെ ഒരറ്റത്ത് ഞാനുമുണ്ട്! കർത്താവേ, ഞാൻ പ്രയോജനമില്ലാത്ത ദാസൻ എന്ന് സമ്മതിച്ച് ജീവിതം തന്നെത്താൻ സമർപ്പിച്ചിട്ടുള്ളവർ അവിടെ വന്ന് നിൽക്കുന്നു. ചേർന്ന് ദൈവത്തെ സ്തുതിക്കുന്നു.

ആ ഒരു ചിന്ത നമ്മുടെ ഹൃദയത്തിൽ വേണം. അത് എന്നാണെന്ന് നമുക്ക് അറിഞ്ഞുകൂടാ. ഞാൻ ഒരു ദിവസം ആ വിശുദ്ധന്മാരുടെ സമ്മേളനത്തിൽ ചെന്നുചേരും. ആ വിശുദ്ധന്മാരോടൊത്ത് ഞാൻ ദൈവത്തെ സ്തുതിക്കും. മദ്ധ്യാകാശത്തിലുള്ള മഹാസമ്മേളനത്തിൽ കർത്താവ് തന്റെ സ്വർഗ്ഗീയകൂടാരം വിട്ട് വെളിമ്പ്രദേശത്തേയ്ക്ക് വരികയും നാം നമ്മുടെ സ്വന്തം വീടുവിട്ട്, ഈ ഭൂമി വിട്ട് മദ്ധ്യാകാശത്തി ലേക്ക് ഉയരുകയും അങ്ങനെ മദ്ധ്യാകാശത്തുവെച്ച് സന്ധിക്കു കയും ചെയ്യുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിൽ മരിച്ചുപോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്നു. പിന്നെ ജീവനോടെ ഇരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെട്ട് ആകാശമേഘങ്ങളിൽ എടുക്കപ്പെടുന്നു.

സ്വന്തം കൂടാരത്തിൽ നിന്ന് വെളിപ്രദേശത്തേക്ക് ഇറങ്ങി റിബേക്ക വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരുന്ന യിസ്ഹാക്കിനെപ്പോലെ യേശുക്രിസ്തു മദ്ധ്യാകാശത്തിൽ വന്ന് തന്റെ മണവാട്ടിയെ കാത്തു നിൽക്കുന്നു. മണവാട്ടിസഭ ഈ ഭൂമിയിൽ നിന്ന് ഉയർന്ന് മദ്ധ്യാകാശത്തിൽ യേശുക്രിസ്തുവുമായി സമ്മേളിക്കുന്നു. മണവാളനും മണവാട്ടിയുമൊരുമിച്ച് സ്വർഗ്ഗീയഭവനത്തിലേക്ക് പോകുന്നു.

ഇതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്. ഈയൊരു പ്രത്യാശ നിങ്ങൾക്കുവേണം. എന്ന് കടന്നു പോയാലും യേശുവിന്റെ ഗംഭീരനാദവും പ്രധാനദൂതന്റെ ശബ്ദവും ദൈവത്തിന്റെ കാഹളവും ഞാൻ കേൾക്കും. അപ്പോൾ ഞാൻ ഉയിർത്തെഴുന്നേൽക്കും.

ഞാൻ മരിച്ച് കിടക്കുന്ന ഈ ശവക്കുഴി, അത് തുറക്കും. വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ ഇരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. ഞാനും പറക്കും. ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്ത വിശുദ്ധന്മാർ അവിടെ കാണും. അപ്പോൾ പരസ്പരം അറിയുന്നു.

ഈ ഭൂമിയിൽ വച്ച് സ്വർഗ്ഗത്തിന്റെ ഒരു 'foretaste'– മുൻകൂട്ടി ഉള്ള ഒരു രുചി – നമുക്ക് കിട്ടണം. ഈ ഭൂമിയിൽ വച്ച് നമുക്കതു ലഭിക്കുമെങ്കിൽ നാം ഭാഗ്യശാലികളാണ്.

> *"യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്ന് പരീശന്മാർ കേട്ടു എന്ന് കർത്താവ് അറിഞ്ഞപ്പോൾ – ശിഷ്യന്മാർ അല്ലാതെ, യേശു തന്നെ സ്നാനം കഴിപ്പിച്ചില്ലതാനും –അവൻ യഹൂദ്യദേശം വിട്ടു പിന്നെയും ഗലീലയ്ക്കു യാത്രയായി. അവൻ ശമര്യയിൽക്കൂടി കടന്നുപോകേണ്ടി വന്നു. അങ്ങനെ അവൻ സുഖാർ എന്നൊരു ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത*

*നിലത്തിന്നരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു. യേശു വഴി നടന്നു ക്ഷീണിച്ചിട്ട് ഉറവിന്നരികെ ഇരുന്നു; അപ്പോൾ ഏകദേശം ആറാം മണിനേരം ആയിരുന്നു. ഒരു ശമര്യാസ്ത്രീ വെള്ളം കോരുവാൻ വന്നു; യേശു അവളോട്: എനിക്ക് കുടിപ്പാൻ തരുമോ എന്നു ചോദിച്ചു. അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു. ശമര്യാസ്ത്രീ അവനോട്: നീ യഹൂദൻ ആയിരിക്കെ ശമര്യാക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു. യഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല – അതിന്നു യേശു: നീ ദൈവത്തിന്റെ ദാനവും നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോട് ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു. സ്ത്രീ അവനോട്: യജമാനനേ, നിനക്ക് കോരുവാൻ പാത്രം ഇല്ലല്ലോ; കിണറ് ആഴമുള്ളതാകുന്നു; പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെ നിന്ന്? നമ്മുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണറ് ഞങ്ങൾക്കു തന്നത്; അവനും അവന്റെ മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു എന്നു പറഞ്ഞു.” യോഹന്നാൻ 4 : 1 – 12*

ആ ശമര്യാസ്ത്രീ വേണ്ടാത്ത ജീവിതം നയിച്ചവളാണെങ്കിലും പിതാക്കന്മാരെക്കുറിച്ച് ബഹുമാനമാണ്. ഇന്നും അങ്ങനെയാണല്ലോ. പാപത്തിൽ ജീവിക്കുന്നവനാണെങ്കിലും ഗീവറുഗ്ഗീസ് സഹദാ, പത്രോസ്, പൗലോസ് ശ്ലീഹന്മാർ, വിശുദ്ധ കന്യകമറിയാം ഇങ്ങനെയുള്ളവരെയൊക്കെ നല്ല പരിചയമാണ്.

അവരുടെ പെരുന്നാൾ ആഘോഷിക്കും. പള്ളികളിൽ പോത്തിനെ വെട്ടി സദ്യ നടത്തും. എത്ര ദയനീയമാണ് ഇന്നത്തെ ചിത്രം! ഒരു വീട്ടിൽ ഇരുപത് കോഴിക്കുഞ്ഞ് ഉണ്ടായി. നേർച്ച നേരുന്നു, ഒരു കോഴിക്കുഞ്ഞിനെ പള്ളിയ്ക്ക് കൊടുക്കാം. എന്തിന്? ബാക്കി പത്തൊൻപത് കോഴിക്കുഞ്ഞുങ്ങളെയും കർത്താവ് നോക്കിത്തരണം.

കർത്താവിന്റെ ജോലി കോഴി നോക്കിത്തരിക എന്നുള്ളതാണോ? എത്ര ദയനീയമായ സ്ഥിതിവിശേഷങ്ങൾ! എല്ലായിടത്തുമുണ്ട് ഇതുപോലെയുള്ള ചില അന്ധവിശ്വാസങ്ങൾ! അബദ്ധാചാരങ്ങൾ! ജീവനുള്ള ദൈവത്തെ പരിചയമില്ല. ആത്മീയം എന്താണെന്ന് അറിഞ്ഞുകൂടാ.

കുറെ ചടങ്ങുകൾ ആചരിക്കുന്നു. ഗംഭീരമായ റാസ. എല്ലാവരുടേയും കൈയിൽ മെഴുകുതിരി. എന്നാൽ എന്താണ് റാസയെന്ന് ആരെങ്കിലും അറിയുന്നുണ്ടോ? ആരും ചിന്തിക്കുന്നില്ല. എത്ര ദയനീയം! ഇന്ന് സമൂഹം ഏറ്റവും അധ:പതിച്ച് പോയിരിക്കുന്നു. പെരുന്നാൾ കഴിക്കരുതെന്ന് ഞാൻ പറയുകയില്ല.

“നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ” എന്നാണ് കർത്താവിന്റെ വചനം പറയുന്നത്.

പത്രോസ്ശ്ലീഹായെ ഓർക്കണം. പൗലോസ്ശ്ലീഹായെ ഓർക്കണം. വിശുദ്ധ കന്യകമാതാവിനെ ഓർക്കണം. ഒരു സംശയവുമില്ല. അനുസ്മരണമാണ്, ഒരിക്കലും ആരാധനയല്ല. ആരാധനയാകരുത്. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കണം.

പെരുന്നാളാഘോഷിച്ചു. വിശ്വാസം അനുകരിക്കുന്നുണ്ടോ? പെരുന്നാൾ ദിവസം പള്ളിയിൽ പോത്തുവെട്ടും മേളവും

നാടകവും എല്ലാം. ഇതുപോലെയുള്ള അധ:പതനത്തിലേക്ക് സഭ നീങ്ങുന്നു. അവിടെയാണ് നാം അതിൽനിന്ന് വ്യത്യസ്തമായി നിൽക്കുന്നത്. അതുകൊണ്ടാണ് നമ്മോട് എല്ലാവർക്കും ശത്രുത്വം.

പല ഉന്നതന്മാർക്കും നമ്മെ ഇഷ്ടമില്ലാത്തതിന് കാരണം നമ്മുടെ ചിന്താഗതി ഇന്നത്തെ ഈ മലീമസമായ ചിന്താഗതിയിൽ നിന്നും വ്യത്യസ്തമാണ് എന്നതാണ്. ആചാരങ്ങളെല്ലാം താഴെ വയ്ക്കുന്നു. സജീവമായ അനുഭവം കിട്ടുന്നു.

ശമര്യാസ്ത്രീ യക്കോബിന്റെ കാര്യമൊക്കെ പറയുന്നു. പിതാക്കന്മാരെ അവൾക്ക് വലിയ വിശ്വാസമാണ്.

> *"യേശു അവളോട്: ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവായിത്തീരും എന്ന് ഉത്തരം പറഞ്ഞു."*      *യോഹന്നാൻ 4 : 13, 14*

എന്ത് വെള്ളത്തിന്റെ കാര്യമാണ് കർത്താവ് പറയുന്നതെന്ന് ശമര്യസ്ത്രീയ്ക്ക് മനസ്സിലായില്ല. ആത്മീയമായ ഒരു വീക്ഷണ ഗതി അവൾക്കില്ല.

> *"സ്ത്രീ അവനോട്: യജമാനനേ, എനിക്ക് ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്ന് ആ വെള്ളം എനിക്കു തരേണം എന്നുപറഞ്ഞു. യേശു അവളോട്: പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്നുപറഞ്ഞു. എനിക്കു ഭർത്താവ് ഇല്ല എന്ന് സ്ത്രീ അവനോട് ഉത്തരം പറഞ്ഞതിന്: എനിക്ക് ഭർത്താവ് ഇല്ല എന്ന് നീ പറഞ്ഞത് ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്ക് ഉണ്ടായിരുന്നു; ഇപ്പോൾ*

*ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ എന്നു യേശു പറഞ്ഞു."*

*യോഹന്നാൻ 4 : 15 – 18*

ജീവിതത്തിന്റെ രഹസ്യവശങ്ങളിലേക്ക് കർത്താവ് വിരൽ ചൂണ്ടുകയാണ്. പരിശുദ്ധാത്മാവിന്റെ മുമ്പിൽ വരുമ്പോൾ ഹൃദയരഹസ്യങ്ങൾ വെളിപ്പെട്ടുവരും. കർത്താവ് പറഞ്ഞു: "അഞ്ച് ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോൾ ഉള്ളവനോ നിന്റെ ഭർത്താവല്ല." മറച്ചുവെച്ചിരിക്കുന്ന രഹസ്യം കർത്താവ് വെളിപ്പെടുത്തുന്നു. മനുഷ്യൻ ജീവിത രഹസ്യങ്ങൾ മറച്ചുവെക്കുന്നു.

വളരെ ഭയഭക്തിയോടെ പിതാക്കന്മാരുടെ പാരമ്പര്യം പറഞ്ഞ് കർത്താവിന്റെ മുമ്പിൽ വരുന്നു. പിതാക്കന്മാരുടെ പാരമ്പര്യം പറഞ്ഞുകൊണ്ട് കുർബ്ബാന കാണുന്നു. കുർബ്ബാന കൊള്ളുന്നു. പെരുന്നാളുകളിൽ പങ്കെടുക്കുന്നു. പ്രാർത്ഥന കളെല്ലാമുണ്ട്. എല്ലാം ഗംഭീരമാണ്.

പക്ഷേ, ഹൃദയരഹസ്യങ്ങൾ അറിയുന്ന ക്രിസ്തുവിന്റെ മുമ്പിൽ വരുമ്പോഴാണ് എല്ലാം മറനീക്കി പുറത്തുവരുന്നത്. നിങ്ങൾ വന്നിരിക്കുന്നത് ഹൃദയരഹസ്യങ്ങൾ അറിയുന്ന ക്രിസ്തുവിന്റെ തിരുമുമ്പാകെയാണ്.

ക്രിസ്തു എല്ലാം കാണുന്നു. കർത്താവിന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല. എന്റെ ചിന്തകൾ കർത്താവ് കാണുന്നു. എന്റെ മനോഭാവം കർത്താവ് കാണുന്നു. എന്റെ ഭാവനകൾ കർത്താവ് കാണുന്നു. എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. അപ്പപ്പോൾ അത് ഓർമ്മയുടെ പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കുന്നു.

അങ്ങനെ ചിന്തിക്കുമ്പോൾ ഞാൻ ഭയപ്പെടുന്നു. എന്റെ കർത്താവേ, നിന്റെ സന്നിധിയിലേക്ക് വരുമ്പോൾ ഞാൻ എന്തു പറയും? അങ്ങനെ ഞാൻ സങ്കടപ്പെടുമ്പോഴാണ് കർത്താവ് തിരുരക്തത്തിന്റെ ഒരു തുള്ളി അവിടെ ഒഴിക്കുന്നത്.

ആ തിരുരക്തം വന്ന് വീഴുന്നു. എഴുതിവച്ചതെല്ലാം മാഞ്ഞു പോകുന്നു.

നിത്യതയിലേക്ക് ചെല്ലുമ്പോൾ നിങ്ങളുടെ പേരിൽ എഴുതപ്പെട്ട പാപങ്ങളെല്ലാം മാഞ്ഞു കിട്ടിയിട്ട് വേണം നിങ്ങൾ പോകാൻ. അതിനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. നിങ്ങളുടെ പാപങ്ങളെല്ലാം കഴുകാൻ യേശുക്രിസ്തുവിന് മനസ്സാണ്. എന്തെല്ലാമുണ്ടെങ്കിലും എല്ലാം കഴുകിത്തരും. ഇന്ന് കഴുകിക്കിട്ടിയില്ലെങ്കിൽ മരണം കഴിഞ്ഞ് നാം അക്കരെ ന്യായാധിപതിയുടെ മുന്നിൽ ചെല്ലുമ്പോൾ എല്ലാം വായിച്ച് കേൾപ്പിക്കും.

ഉറക്കെ, സകലമാന മനുഷ്യരും കേൾക്കെ വായിക്കും. എന്റെ ഉള്ളിലുള്ള എല്ലാ രഹസ്യങ്ങളും അന്ന് വെളിപ്പെട്ടു വരും. ആബാലവൃദ്ധം ജനങ്ങളും അത് കേൾക്കും. അന്ന് ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് എല്ലാം മാഞ്ഞുപോയിട്ടി ല്ലെങ്കിൽ ഞാൻ ന്യായവിധിയ്ക്ക് യോഗ്യനായിത്തീരും.

ഞാൻ ശിക്ഷാവിധിയ്ക്ക് യോഗ്യനായിത്തീരും. ഞാൻ നരകത്തിലേക്ക് തള്ളപ്പെടും. ഈയൊരു ഭയം എനിക്കുണ്ട്. എന്റെ മനോഭാവത്തിൽ കളങ്കം വന്നാൽ കർത്താവ് ദു:ഖിക്കും. അത് എനിക്കറിയാം. ഇന്ന് ഈ ഭൂമിയിൽ വച്ച് എല്ലാം മാഞ്ഞു കിട്ടണം.

പ്രിയപ്പെട്ടവരേ, എല്ലാം മാഞ്ഞുകിട്ടാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? ഇന്ന് നിങ്ങൾക്ക് കർത്താവ് ഒരവസരം തരികയാണ്. മറ്റാരും അറിയാത്ത ചില പാപങ്ങൾ. എല്ലാം മാഞ്ഞ് ഒരു പുതിയ ജീവിതം കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

നിങ്ങൾക്ക് പലർക്കും നിങ്ങളുടെ സ്വന്തം ഹൃദയം മനസ്സിലാകുന്നില്ല. നിങ്ങളുടെ ചില മനോഭാവം നിങ്ങൾക്ക് മനസ്സിലാകാത്തത് മറ്റുള്ളവർക്ക് പെട്ടെന്ന് മനസ്സിലാകും. എന്നാൽ എല്ലാം കൃത്യമായി മനസ്സിലാക്കുന്ന സ്വർഗ്ഗത്തിലെ ദൈവം എല്ലാം രേഖപ്പെടുത്തിവയ്ക്കും.

ഇന്നത്തെ തന്ത്രങ്ങളും സൂത്രങ്ങളും ഉപായങ്ങളും എല്ലാം വെളിപ്പെട്ടുവരും. മനുഷ്യന്റെ മുമ്പിൽ വിളങ്ങാനുള്ള തന്ത്ര ങ്ങളുണ്ട്. കാപട്യങ്ങളുണ്ട്. ഭയാനകമാണ് മനുഷ്യഹൃദയം! എന്നാൽ ഇതെല്ലാം തുറന്നുവരുന്ന ഒരു ദിവസമുണ്ട്. അന്ന് എല്ലാവരും നോക്കിനിൽക്കെ ഓരോരുത്തരേയും പേർവിളിച്ച് അവരുടെ പുസ്തകം തുറന്ന് ആ പുസ്തകത്തിലുള്ളതെല്ലാം വായിച്ച് കേൾപ്പിക്കും.

*"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും."*

*വെളിപ്പാട് 20: 15*

ഈ മഹത്തായ വചനം നിങ്ങളുടെ ഹൃദയത്തിൽ ഇരിക്കട്ടെ. ഇന്ന് നിങ്ങൾ ഓരോരുത്തരും ഒരു പുതിയ സമർപ്പണത്തിലേക്ക് വരിക. കർത്താവേ, കഴിഞ്ഞകാല ജീവിതത്തിൽ വന്നുപോയതെല്ലാം നീ അറിയുന്നു. എന്നാൽ ഞാൻ ഒരു വാക്ക് നിന്നോട് പറയുകയാണ്: ഇനിമേൽ ഞാനൊരു പുതിയ മനുഷ്യനായിരിക്കും.

വന്നതെല്ലാം നാഥാ, നിന്റെ തിരുരക്തത്താൽ കഴുകി ത്തരണമേ. എന്നെ നീ ശുദ്ധീകരിക്കണമേ. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ കർത്താവ് നിങ്ങളുടെ പാപങ്ങളെല്ലാം ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് മായ്ച്ചുകളയും. അവിടെ തിരുരക്തം മാത്രം കാണും. ആ തിരുരക്തം കാണുമ്പോൾ ജീവനുള്ള പിതാവിന്റെ സ്നേഹം ജ്വലിയ്ക്കും. അവൻ നമ്മെ സ്വർഗ്ഗീയ സിംഹാസനത്തിലേയ്ക്ക് അണയ്ക്കും. അവൻ നമ്മെ ചേർത്തുകൊള്ളും.

# എട്ട്

*“ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്ത് വരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ ത്തന്നെ കൊയ്ത്തിന്ന് വെളുത്തിരിക്കുന്നത് കാണും എന്നു ഞാൻ നിങ്ങളോട് പറയുന്നു.”*

*യോഹന്നാൻ 4 : 35*

തലപൊക്കി നോക്കുക എന്നുള്ളതാണ് നമ്മുടെ ചിന്താവിഷയം. പലരും മനസ്സ് വിഷാദിച്ച് തല താഴ്ത്തി ഇരിക്കുകയാണ്. ഉള്ളത്തിൽ തല താഴ്ത്തിയിരിക്കുകയാണ്. മനസ്സ് മ്ലാനമായി ഇരിക്കുകയാണ്. ഓരോരുത്തരും ഓരോ അഗ്നി പർവ്വതമാണ്. പുകഞ്ഞുകൊണ്ടിരിക്കുകയാണ്, പൊട്ടിയിട്ടില്ലെന്നേയുള്ളു.

അനേകരുടെ ഹൃദയം തീ തിന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യന് സ്വസ്ഥതയില്ല. പൈസയുടെ ഞെരുക്കംകൊണ്ട് മനുഷ്യൻ തളർന്നിരിക്കുന്നു. പ്രത്യേകിച്ചും ഈ കഴിഞ്ഞ പ്രളയത്തിനുശേഷം നമ്മുടെ നാടിന്റെ നട്ടെല്ല് ഒടിഞ്ഞുപോയി.

കേരളത്തിന്റെ സാമ്പത്തിക നിലവാരം തകർന്നുപോയിരിക്കുന്നു. നമ്മിൽ പലരും സഹായം കൊടുക്കുകയുണ്ടായി. അത് നല്ലത് തന്നെ. പക്ഷേ, ആർക്കു തീർക്കാൻ പറ്റും ഈ കെടുതി? ഓരോ തരത്തിലുള്ള പ്രയാസങ്ങൾകൊണ്ട് ആളുകൾ വലയുകയാണ്. അടുത്തത് ഇനി എന്താണ് വരാൻ പോകുന്നത്?

നമുക്ക് അറിഞ്ഞുകൂടാ, ദൈവം മാത്രം അറിയുന്നു. നിങ്ങൾ ദൈവത്തോട് പറയൂ: എന്റെ കർത്താവേ, എന്റെ ഹൃദയത്തിന്റെ നീറ്റലകറ്റാൻ നീ ഒന്ന് എഴുന്നള്ളി വരണമേ.

എനിക്ക് ഒരിറ്റ് ആശ്വാസം തരണമേ. മനസ്സിനൊരു സമാധാനം തരണമേ. എന്റെ കുടുംബത്തിൽ സ്വസ്ഥത തരണമേ. കർത്താവേ, എന്റെ മക്കൾക്ക് പ്രാർത്ഥനയില്ല. ബൈബിൾ വായനയില്ല. പഠിയ്ക്കാൻ ഉത്സാഹമില്ല. അവർ വഴിതെറ്റിപ്പോകുന്നു. കർത്താവേ, ഞാൻ എന്തു വേണ്ടൂ? ബാങ്കിൽ നിന്ന് കടമെടുത്ത് പഠിയ്ക്കാൻ വിട്ടു. എന്നാൽ അവർ അഴുക്കിൽ കൂത്താടി നടക്കുന്നു. എന്റെ കർത്താവേ, എന്റെ കുടുംബം മുടിഞ്ഞല്ലോ. അനേകരുടെ മനസ്സ് നീറിക്കൊണ്ടിരിക്കുകയാണ്. കടത്തിൽ മുങ്ങിവലയുന്ന വലിയോരു കൂട്ടം ആളുകൾ! അഹോരാത്രം പണിയെടുക്കുന്നുണ്ട്. പക്ഷേ, കൈയിൽ ഒന്നും തങ്ങുന്നില്ല. ഇങ്ങനെ ഓരോ തരത്തിൽ മനുഷ്യൻ നീറുകയാണ്.

ഭർത്താവ് മരിച്ചുപോയതിൽ ദു:ഖിക്കുന്നവർ! ഒരുമിച്ച് കഴിഞ്ഞ കാലത്തെക്കുറിച്ചോർക്കുമ്പോൾ സങ്കടം വരും. അല്ലെങ്കിൽ ഭാര്യ മരിച്ചുപോയി. അതിനെക്കുറിച്ച് ഓർത്ത് വിഷമിക്കുന്ന പുരുഷന്മാർ. എന്തെല്ലാമെന്തെല്ലാം! തീർത്താൽ തീരുമോ നമ്മുടെ പ്രശ്നങ്ങൾ?

മക്കളില്ലാത്തതുകൊണ്ട് വിഷമിക്കുന്നവർ! ഉള്ള് നീറുകയാണ്. ഉള്ള് പൊള്ളുകയാണ്. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ആവശ്യങ്ങളാണുള്ളത്? എന്നാൽ ഒന്ന് ഞാൻ നിങ്ങളോട് പറയാം. യേശുക്രിസ്തുവിന്റെ വചനം കേൾക്കുമ്പോൾ ഹൃദയം തുറന്നിരുന്നാൽ നിങ്ങൾക്ക് കർത്താവ് ആശ്വാസം തരും.

നിങ്ങളുടെ വേദനയ്ക്ക് കർത്താവ് ശമനം തരും. നിങ്ങളുടെ പ്രശ്നത്തിന് കർത്താവ് പരിഹാരം തരും. നിങ്ങളുടെ രോഗത്തിന് കർത്താവ് ശമനം തരും. ക്രിസ്തു

വാക്ക് പറഞ്ഞാൽ മാറാത്തവനാണ്. കഷ്ടകാലത്ത് വിളിച്ച പേക്ഷിച്ചുകൊള്ളുക, ഞാൻ നിന്നെ വിടുവിക്കാം എന്നാണ് കർത്താവ് പറയുന്നത്.

*"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിയ്ക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വ പ്പെടുത്തുകയും ചെയ്യും."*

*സങ്കീർത്തനങ്ങൾ 50 : 15*

നാം ദൈവത്തെ സ്തുതിയ്ക്കാൻ തുടങ്ങും. അതിനുള്ള ഭാഗ്യം കർത്താവ് നമുക്ക് തരും. പ്രിയപ്പെട്ടവരേ, തലപൊക്കി നോക്കണം. തല താഴ്ത്തി ഇരിയ്ക്കരുത്. പുറമെ തല താഴ്ത്തുന്ന കാര്യമല്ല. ഉള്ളം താണിരിക്കരുത്. ഉള്ളം മ്ലാനമായിട്ടിരിക്കരുത്. ഉള്ളം വാടിയിരിക്കരുത്. ഭർത്താവിന്റെ ദു:സ്വഭാവം കൊണ്ട് മനസ്സ് വാടിയിരിക്കുന്ന സ്ത്രീകളുണ്ട്. എന്നുമെന്നും ഏതാണ്ട് നൂറിലേറെ messages എനിക്ക് 'വാട്സാപ്പിൽ' കിട്ടാറുണ്ട്. എല്ലാം കദനകഥകൾ! ദു:ഖം മാത്രം. ഓരോ പ്രശ്നവും പറഞ്ഞിട്ട് പ്രാർത്ഥിക്കണം എന്ന് പറയുന്നു. ഞാൻ എല്ലാം കൂട്ടിക്കൊണ്ട്, ചുമട് ചുമന്നുകൊണ്ട് യേശുവിന്റെ കാൽക്കൽ ചെന്ന് ആ കാൽക്കൽ എല്ലാം സമർപ്പിക്കുന്നു.

വേദനിക്കുന്ന ഒരു സമൂഹം! തളർന്നുപോയ ഒരു സമൂഹം! എന്നാൽ നിങ്ങൾ വിശ്വസിക്കൂ, യേശുക്രിസ്തു എല്ലാറ്റിലും ഉന്നതനായി ജീവിക്കുന്നു. യേശുക്രിസ്തുവിനോട് നിങ്ങൾ പ്രാർത്ഥിക്കൂ: കർത്താവേ, നീ എനിക്കൊരു സഹായം ചെയ്തേ പറ്റൂ. നീ എന്റെ ജീവിതത്തിലേക്ക് വന്നേ പറ്റൂ. എന്റെ നീറുന്ന ഹൃദയത്തിൽ തണുപ്പ് തരാൻ നീയൊന്ന് എഴുന്നള്ളി വരണമേ.

കർത്താവ് സുഖാർ ഗ്രാമത്തിലെ കിണറ്റിനരികെ വെയിലേറ്റ് വാടിത്തളർന്ന് ഇരിക്കുകയാണ്. ശിഷ്യന്മാർ കർത്താവിന് ആഹാരം കൊള്ളുവാൻ പോയിരിക്കുന്നു.

കർത്താവ് ഏകനായി ഇരിക്കുകയാണ്. അങ്ങ് യഹൂദ്യയിൽ നിന്ന് പുറപ്പെടുമ്പോൾ തന്നെ കർത്താവ് ശമര്യയിലെ ഒരാളെ വീണ്ടെടുക്കാനുള്ള പരിപാടി ഇട്ടുകഴിഞ്ഞു.

ശമര്യാദേശത്ത് ഒരു വേശ്യാസ്ത്രീ ഉണ്ട്. ആറു പുരുഷന്മാരുമായി മാറി മാറി ബന്ധം പുലർത്തിയ ഒരു ദുഷ്ടസ്ത്രീ. പക്ഷേ, പാപികളെ തേടിവരുന്ന ദൈവത്തിന്റെ സ്നേഹം!

നിങ്ങളുടെ ജീവിതത്തിൽ പാപം വന്നെങ്കിലും ഏതെല്ലാം തെറ്റുകുറ്റങ്ങളിൽ വീണുപോയെങ്കിലും നിങ്ങളെ വീണ്ടെടുക്കാൻ യേശുവിന് മനസ്സാണ്. നിങ്ങൾക്ക് സമാധാനം തരാൻ യേശുവിന് മനസ്സാണ്. എത്ര കുഴഞ്ഞ പ്രശ്നത്തിലാണെങ്കിലും എത്ര മാലിന്യത്തിൽ വീണുപോയെങ്കിലും നിങ്ങളെ ഉയർത്തിയെടുക്കാൻ യേശുവിന് മനസ്സാണ്.

യേശു ആ സ്ത്രീയെ കാത്തിരിക്കുകയാണ്. അപ്പോഴാണ് അവൾ വെള്ളം കോരാൻ വരുന്നത്. “എനിക്കു കുടിപ്പാൻ തരുമോ” എന്ന് കർത്താവ് അവളോട് ചോദിച്ചു. കർത്താവ് ഒരു തുടക്കമിടുകയാണ്. കർത്താവ് നമ്മെ സമീപിക്കുമ്പോൾ ചിലതെല്ലാം ചോദിക്കുകയാണ്.

കുടിപ്പാൻ തരാമോ? എന്റെ ദാഹം തീർക്കാമോ എന്നു ചോദിച്ചുകൊണ്ട് നമ്മുടെ അരികത്ത് കരം നീട്ടിയിരിക്കുന്ന യേശുവിനെ നിങ്ങൾ കാണുക. ആ സ്ത്രീ ചില ന്യായങ്ങളെല്ലാം പറയുന്നുണ്ട്. പറഞ്ഞു വന്നപ്പോൾ അവൾ പറയുകയാണ്: ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്ക്കരിച്ചുവരുന്നു. എന്നാൽ ഇവിടെയല്ല നമസ്ക്കരിക്കേണ്ടത്, അവിടെ അങ്ങ് യഹൂദ്യയിലാണെന്ന് യഹൂദ്യയിലുള്ളവർ പറയുന്നു. ആരാധനയുടെ കാര്യമൊക്കെപ്പറയാൻ അവൾക്കറിയാം. കാരണം, അവൾക്ക് അറിവുണ്ട്. ഇന്നു നാമും അങ്ങനെയൊക്കെയാണ്. നമുക്ക് ആരാധനയുടെ കാര്യമൊക്കെ പറയാനറിയാം. പ്രസംഗിക്കാനറിയാം. വചനമറിയാം.

എന്നാൽ കർത്താവ് അവളോട് സംസാരിക്കുന്നു: “സ്ത്രീയേ, എന്റെ വാക്ക് വിശ്വസിയ്ക്ക.” കർത്താവിന് അവളുടെ പാരമ്പര്യത്തെക്കുറിച്ചൊന്നും കേൾക്കണ്ട. ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ എന്നാണ് അവൾ ചോദിക്കുന്നത്. അവൾക്ക് യേശു ആരാണെന്ന് മനസ്സിലായില്ല. ഒരു യഹൂദറബ്ബി വന്നിരിക്കുന്നു എന്നേ അവൾ മനസ്സിലാക്കിയുള്ളൂ. എന്നാൽ സംസാരിക്കുന്നതാര് എന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ അവൾ ഒരക്ഷരം മിണ്ടില്ലായിരുന്നു.

ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ അറിയുക. നിങ്ങളുടെ അരികത്ത് യേശു വന്നിട്ടുണ്ട്. യേശുവാണ് നിങ്ങൾക്ക് വചനം തരുന്നത്. യേശുവാണ് നിങ്ങൾക്ക് ആലോചന തരുന്നത്. നിങ്ങളെ ആശ്വസിപ്പിക്കാനാണ് യേശു വന്നത്. നിങ്ങൾക്ക് സമാധാനം തരാനാണ് യേശു വന്നത്. നിങ്ങളുടെ പ്രശ്നത്തിന് പരിഹാരം തരാനാണ് യേശു വന്നത്.

യേശു ആ സ്ത്രീയുടെ ജീവിതമാകെ മാറ്റിമറിക്കുകയാണ്. പിതാക്കന്മാരുടെ പാരമ്പര്യമൊക്കെ അവൾ പറയുന്നുണ്ട്. അവൾ പാപത്തിൽ ജീവിക്കുന്നവളാണെങ്കിലും പാരമ്പര്യത്തിന്റെ കണക്ക് പറയുന്നുണ്ട്.

ഇന്നും അങ്ങനെയല്ലേ നമ്മുടെ ആളുകൾ? പിതാക്കന്മാരുടെ പാരമ്പര്യം പറഞ്ഞുകൊണ്ട് സുവിശേഷത്തെ എതിർക്കുന്നു. തന്നെയുമല്ല, കക്ഷിവൈരാഗ്യങ്ങൾ! അത് ദൈവമക്കൾക്ക് ചേർന്നതല്ല. ദൈവമക്കൾക്ക് ഒരിക്കലും സഭാഭേദം പാടില്ല.

എന്റെ ചെറുപ്പത്തിൽ തന്നെ ആ ആശയം എനിക്ക് കിട്ടിയതാണ്. ഒരിക്കലും സഭ മാറേണ്ട ആവശ്യമില്ല. ഒരിക്കലും ഒരു സഭയേയും കുറ്റം പറയില്ല. ക്രിസ്തുവിനെ കേന്ദ്രീകരിച്ചതാണെങ്കിൽ സഭയെല്ലാം സംശുദ്ധം തന്നെ. അതിന്റെ ദൈനംദിന കാര്യപരിപാടികളിലെന്തെങ്കിലും ചില

മാറ്റങ്ങൾ ഉണ്ടായിരിക്കും. ഒരിക്കലും ഒരു സഭയേയും നാം തരംതാഴ്ത്തിക്കാണരുത്. ഒരു സമുദായത്തേയും തരംതാഴ്ത്തി കാണരുത്. ഒരു മതത്തേയും തരം താഴ്ത്തി കാണരുത്.

ഞാൻ ‘Hindu philosophy’ കുറെ പഠിച്ചതാണ്. ഹൈന്ദവ തത്വശാസ്ത്രം പഠിച്ചു. അതുകൊണ്ട് ഹൈന്ദവമതത്തേയും ഞാൻ ബഹുമാനിക്കുകയാണ്. അവരുടെ ആചാരങ്ങളും അവരുടെ മര്യാദകളും എല്ലാം മാന്യമായതുതന്നെ എന്നാണ് ഞാൻ പറയുന്നത്. ഞാൻ ഒരിക്കലും ആരേയും തരംതാഴ്ത്തി ക്കാണുകയില്ല. ഒരു സഭയേയും തരംതാഴ്ത്തിക്കാണുകയില്ല.

കാരണം, എനിക്കറിയാം സഭയല്ല മാറേണ്ടത്, മതമല്ല മാറേണ്ടത്, ഹൃദയമാണ് മാറേണ്ടത്. ഹൃദയം മാറണം. അവൾ പാരമ്പര്യമെല്ലാം പറഞ്ഞുകൊണ്ട് നിൽക്കുകയാണ്.

> *“സ്ത്രീയേ, എന്റെ വാക്ക് വിശ്വസിയ്ക്ക; നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല; യെരൂശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു; രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു.”*
>
> *യോഹന്നാൻ 4 : 21 – 23*

എന്താണ് സത്യാരാധന? കർത്താവ് അവളോട് പറയുക യാണ്. സത്യാരാധന ജീവിതവിശുദ്ധിയാണ്. സത്യാരാധന ക്രിസ്തുവിന്റെ സ്നേഹമാണ്. സ്നേഹമാണ് ആരാധന. വിശുദ്ധിയാണ് ആരാധന. വിശ്വാസമാണ് ആരാധന. പ്രത്യാശയാണ് ആരാധന. പുറമേയുള്ള ആരാധന വേണ്ടെന്നല്ല ഞാൻ പറഞ്ഞത്. സാക്ഷാത്തായ ആരാധന

എന്താണ്. അത് വിശുദ്ധ ഹൃദയത്തിൽ നിന്ന് ഉയരുന്ന സ്തുതിയാണ്.

വിശുദ്ധിയുടെ കൈകൾ ഉയർത്തിക്കൊണ്ടുള്ള സ്തുതി. നാം ആത്മാവിൽ നിറഞ്ഞുനിന്നുകൊണ്ട് ദൈവത്തെ സ്തുതിയ്ക്കുന്നതാണ് സത്യമായ ആരാധന.

"ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു." കുർബ്ബാന സ്തോത്രമാണ്. പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ സത്യാരാധന തുടങ്ങണം. ഇന്ന് നിങ്ങൾക്ക് താല്പര്യമുണ്ടോ, എനിക്കൊന്ന് ആരാധിക്കണം എന്ന്? എന്റെ കർത്താവിനെ ഒന്ന് സ്തുതിയ്ക്കണം എന്ന്? എനിക്ക് ജീവൻ തന്ന യേശുവിനെ ഒന്ന് വാഴ്ത്തിപ്പാടണം എന്ന്?

എനിക്ക് ഇത്രയുംകാലം ഈ ഭൂമിയിൽ ജീവിക്കാൻ ആയുസ്സ് തന്ന, എന്റെ അപകടങ്ങളിൽ നിന്ന് എന്നെ രക്ഷിച്ച എന്റെ യേശുവിനെ സ്തുതിയ്ക്കണം എന്ന്? എനിക്ക് മക്കളെ തന്ന ദൈവത്തെ ഒന്ന് സ്തുതിയ്ക്കണം എന്ന്?

കർത്താവേ, എന്തെല്ലാം കുറവുകളും പോരായ്മകളും എനിക്കുണ്ടെങ്കിലും നീ എന്നെ സ്നേഹിക്കുന്നു. എനിക്ക് മനസ്സിലായി കർത്താവേ, ഞാൻ നിന്നെ സ്തുതിയ്ക്കുന്നു. സ്തുതിയ്ക്കുക. സ്തുതിയാണ് ആരാധന.

ശിഷ്യന്മാർ അപ്പോഴേയ്ക്കും വന്നുകഴിഞ്ഞിരുന്നു. അവർ ആഹാരം കൊണ്ടുവന്നു. കർത്താവേ, ഭക്ഷിച്ചാലും എന്നുപറഞ്ഞു.

> *"അതിന്ന് അവൻ, നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്ക് ഉണ്ട് എന്ന് അവരോടു പറഞ്ഞു. ആകയാൽ വല്ലവനും അവനു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോടു പറഞ്ഞത്:*

*എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം."*

*യോഹന്നാൻ 4 : 32 – 34*

യേശു ശിഷ്യന്മാരോട് പറഞ്ഞു: "നിങ്ങൾക്ക് അറിയാൻ വയ്യാത്ത ഒരു ആഹാരം ഭക്ഷിയ്ക്കാൻ എനിക്കുണ്ട്." ശിഷ്യന്മാർക്ക് ഒന്നും മനസ്സിലായില്ല. കർത്താവിന്റെ കൂടെ നടന്നെങ്കിലും അവർക്ക് പലതും മനസ്സിലായില്ല. കർത്താവിന്റെ കൂടെ നടക്കുന്നുണ്ടെങ്കിലും നമുക്കും പലതും മനസ്സിലായിട്ടില്ല. ഞാൻ കർത്താവിനോട് ചിലപ്പോൾ പറയാറുണ്ട്: കർത്താവേ, കൃപയാൽ എനിക്ക് നിന്റെ കൂടെ വരാൻ ഭാഗ്യം കിട്ടി. പക്ഷേ, എനിക്ക് പലതും പിടികിട്ടുന്നില്ലല്ലോ.

യേശു ശിഷ്യന്മാരോട് പറഞ്ഞു: "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതാണ് എന്റെ ആഹാരം.'' ഇന്ന് നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എന്റെ ഏറ്റവും ശ്രേഷ്ഠഭോജനം നിന്റെ ഹിതം നിവർത്തിക്കുക എന്നതാണ്. യേശുവിനുവേണ്ടി ചിലവഴിക്കപ്പെടുക.

യേശുവിനുവേണ്ടി മുഴുവനായി മാറ്റിവയ്ക്കുക. ഒരാറ്റം പോലും എന്റെ കൈയിലില്ല. എല്ലാം യേശുവിനെ ഏൽപ്പിച്ചുകഴിഞ്ഞു. ഒരിക്കലായിട്ട് കൊടുത്തുകഴിഞ്ഞു. വാങ്ങാൻ യോഗ്യനായവന്റെ കൈയിലേക്ക് കൊടുത്തുകഴിഞ്ഞു. ഇപ്പോൾ നിങ്ങൾക്ക് ഈ ആയുസ്സ് യേശുവിന് കൊടുക്കാം. ഇനി എത്രനാളുണ്ട് ആർക്കറിയാം? ഉള്ളകാലം യേശുവിനുവേണ്ടി വിട്ടുകൊടുക്കുക.

കർത്താവേ, നിനക്കിഷ്ടംപോലെ പ്രവർത്തിച്ചുകൊള്ളുക. മുഴുവനായി ഞാൻ വിട്ടുതന്നിരിക്കുന്നു. എന്റെ ആയുസ്സ്, എന്റെ സമ്പത്ത്, എന്റെ ആരോഗ്യം, എന്റെ വിദ്യാഭ്യാസം, എന്റെ ഭാര്യ, എന്റെ ഭർത്താവ്, എന്റെ കുഞ്ഞുങ്ങൾ, എല്ലാം യേശുവിന്റെ കൈകളിലേക്ക് കൈമാറുന്നു.

നിങ്ങൾക്ക് തോന്നും, സാറേ, ഇതൊക്കെ സാധിക്കുന്ന കാര്യമാണോ? ഇങ്ങനെയൊക്കെ സമർപ്പിക്കാൻ പറ്റുമോ? നിങ്ങൾ പേടിയ്ക്കണ്ട. നിങ്ങൾ മനസ്സ് വച്ചാൽ മതി, കർത്താവ് സാധിപ്പിച്ചു തരും. നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, ഞാൻ നല്ല ആഗ്രഹമല്ലേ നിന്നോട് പറയുന്നത്? ഞാൻ കർത്താവിനോട് പറയാറുണ്ട്: എനിക്ക് ഒരു വിശുദ്ധനാകണമെന്നുള്ള ആഗ്രഹം നല്ലതല്ലേ കർത്താവേ? നീ ആഗ്രഹിക്കുന്ന കാര്യമല്ലേ? അങ്ങനെ ഞാൻ പറയുമ്പോൾ കാതോർത്തുനിൽക്കുന്ന ഒരു യേശുവുണ്ട്.

യേശു നിങ്ങളെ എല്ലാവരെയും സ്നേഹിക്കുന്നു. നിങ്ങളെക്കുറിച്ച് കർത്താവിന് വിലയേറിയ ഉദ്ദേശ്യങ്ങളുണ്ട്. നിങ്ങൾ നിങ്ങളുടെ ഭവനത്തിലും ദേശത്തിലും ക്രിസ്തുവിന്റെ പ്രതിനിധികളായിരിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ ഭാവമുള്ളവരായി അവിടെ നിൽക്കണം. ക്രിസ്തുവിന്റെ മനസ്സുള്ളവരായി അവിടെ നിൽക്കണം. ക്രിസ്തുമയമായി അവിടെ നിൽക്കണം.

ഭാര്യയ്ക്ക് തോന്നണം, എന്റെ ഭർത്താവിന് എന്തോ മാറ്റമുണ്ടല്ലോ. മുഖത്ത് എന്തൊരു പ്രസാദം! ഭർത്താവിന് തോന്നണം, ഭാര്യയുടെ സ്വഭാവം മാറിയല്ലോ. മുഖത്ത് എന്തൊരു പ്രസന്നതയാണ്! നിങ്ങളെ ഏറ്റവും അടുത്ത് അറിയുന്നവർക്ക് തോന്നണം ഒരു പ്രത്യേകത ഉണ്ട് എന്ന്.

ഒരു സ്വഭാവമാറ്റമുണ്ട്. ശാന്തത വന്നിരിക്കുന്നു. പെട്ടെന്ന് പൊട്ടിത്തെറിച്ച് കോപിക്കുന്ന ആൾക്കിപ്പോൾ കോപം വരുന്നില്ല. എന്തോ ഒരു മാറ്റമുണ്ട്. നിങ്ങൾക്കിതെല്ലാം അനുഭവമാക്കിയെടുക്കാം. നിങ്ങളെല്ലാവരും അകലെ നിൽക്കേണ്ടവരല്ല. യേശുവിന്റെ അടുത്തേയ്ക്ക് അടുത്തടുത്ത് വരേണ്ടവരാണ്.

നിങ്ങളാരും ക്രിസ്തുവിന് ദൂരെയുള്ളവരല്ല. നിങ്ങൾ ക്രിസ്തുവിന്റെ കൃപാസനത്തിന്റെ അടുക്കലേയ്ക്ക്

വന്നിരിക്കുകയാണ്. ആ കൃപാസനത്തിന്റെ അടുക്കലേയ്ക്ക് വരുമ്പോൾ നിങ്ങളെ തലോടുവാൻ ക്രിസ്തു തന്റെ കരം നീട്ടിത്തരും. നിങ്ങളുടെ കണ്ണുനീര് തുടയ്ക്കുവാൻ അവൻ തന്റെ കരം നീട്ടും.

അവൻ നിങ്ങളുടെ പുറം തലോടിത്തലോടി തടവിത്തരും. അവൻ നിങ്ങൾക്ക് ആശ്വാസം തരും. അവൻ നിങ്ങൾക്ക് സമാധാനം തരും. രോഗക്കിടക്കയിൽ അവൻ നിങ്ങളെ വന്ന് ആശ്വസിപ്പിക്കും. പ്രിയപ്പെട്ടവരേ, നിങ്ങളുടെ പ്രശ്നങ്ങൾ അവന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കുക. അവനിതാ നിങ്ങളുടെ അരികത്തേയ്ക്ക് വന്നിരിക്കുകയാണ്. നിങ്ങളെ കാണാൻ അവൻ വന്നിരിക്കുകയാണ്. നിങ്ങളെ കാണുന്നത് അവന് സന്തോഷമാണ്. തന്റെ വചനം കേൾക്കാൻ ജനങ്ങൾ കൂടിവരുന്നത് അവന് സന്തോഷമാണ്.

അതുകൊണ്ട് കർത്താവ് നിങ്ങളെ പ്രസന്നതയോടെ നോക്കുകയാണ്. മാലാഖമാർ അതിശയം കൂറി നോക്കു കയാണ്. ഈ മൺമയനായ മനുഷ്യന് എന്ത് പ്രത്യേകത ഉണ്ടായിട്ടാണ് നിത്യനായ ദൈവം അവനെ വാത്സല്യത്തോടെ നോക്കുന്നത് എന്ന് മാലാഖമാർക്ക് മനസ്സിലാകുന്നില്ല.

എന്നാൽ നിത്യനായ ദൈവം നിങ്ങളിലേയ്ക്ക് തന്റെ കൃപ പകരാൻ വന്നിരിക്കുകയാണ്. നിങ്ങളെ ചേർത്തണച്ച് കൊണ്ടുവരികയാണ്. ഒരു കൂടാരത്തിന്റെ ഉള്ളിലേക്ക് നിങ്ങളെ എല്ലാവരേയും മാടി അടുപ്പിച്ചുകൊണ്ടിരുത്തിയിരി ക്കുകയാണ്. ആ കൂടാരത്തിൽ ഇരുത്തിക്കൊണ്ട് നിങ്ങളോട് കർത്താവ് സംസാരിക്കുകയാണ്.

മകനേ, നീ മറ്റൊന്നും ചെയ്യണ്ട. എല്ലാം ഞാൻ ചെയ്തു തരാം. നീ ഒരു കാര്യം മാത്രം ചെയ്താൽ മതി. നിന്റെ ജീവിതം ഒരു വ്യവസ്ഥയും കൂടാതെ എന്റെ കൈകളിലേക്ക് തരിക. ഞാൻ നിന്നെ ആശ്വസിപ്പിക്കാം. ഞാൻ നിനക്ക് സമാധാനം തരാം. നിന്റെ ഭാവി ഞാൻ ശോഭനമാക്കിത്തരാം. മകനേ,

നിന്റെ കുടുംബം ഞാൻ ഐശ്വര്യമുള്ളതാക്കി തീർത്തുതരാം. നിന്നെ മഥിയ്ക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം തരാം. യേശുവിതാ നിന്റെ അരികത്തൂടെ മന്ദം മന്ദം നടന്നുപോകുന്നു.

നിങ്ങൾ യേശുവിനെ കാണുക. യേശുവിനോട് പറയുക. യേശുവേ, ഒന്ന് നിൽക്കണേ. എന്റെ സങ്കടം ഒന്ന് കേട്ടിട്ടു പോകണമേ. നിന്റെ കരം എന്റെ തലമേൽ ഒന്ന് വയ്ക്കണമേ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

## ഒൻപത്

*"ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കിനോക്കിയാൽ നിലങ്ങൾ ഇപ്പോൾതന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോട് പറയുന്നു."*

*യോഹന്നാൻ 4 : 35*

തലപൊക്കിനോക്കിയാൽ നിലങ്ങൾ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും. തലപൊക്കി നോക്കുക. ശമര്യാസ്ത്രീയുടെ ഗ്രാമത്തിൽ യേശുക്രിസ്തു ചെന്നു. യേശു ആരാണെന്നൊന്നും അവൾക്കറിഞ്ഞുകൂടാ. ഒരു യഹൂദറബ്ബി എന്നേ അവൾ കരുതിയുള്ളൂ. കർത്താവ് സുഖാർ കിണറ്റരികിൽ നിൽക്കുമ്പോഴാണ് ആ സ്ത്രീ വെള്ളം കോരുവാൻ വന്നത്. വെയിലത്ത് വാടിത്തളർന്നാണ് കർത്താവ് വന്നത്.

കർത്താവ് ചോദിച്ചു: എനിക്ക് കുടിപ്പാൻ തരുമോ? ദാഹം കൊണ്ടാണ് ചോദിക്കുന്നത് എന്നേ അവൾക്ക് മനസ്സിലായുള്ളൂ. അവൾക്ക് അതിന്റെ ഗൗരവം ഒന്നും മനസ്സിലായില്ല. കർത്താവ് പറയുന്നതിന്റെ അന്തരാർത്ഥം അവൾക്ക് മനസ്സിലായില്ല.

അവൾ സാധാരണപോലെ സംസാരിച്ചു വരികയാണ്. അപ്പോഴാണ് കർത്താവ് അവളുടെ ഹൃദയത്തിലേക്ക് വിരൽ ചൂണ്ടുന്നത്. നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ട് വരിക എന്ന് കർത്താവ് പറഞ്ഞപ്പോൾ അവൾ പറഞ്ഞു: എനിക്ക് ഭർത്താവില്ല.

കർത്താവ് പറഞ്ഞു: "എനിക്ക് ഭർത്താവില്ല എന്ന് നീ പറഞ്ഞത് ശരിയാണ്. നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഴുള്ളതും നിന്റെ ഭർത്താവല്ല." എന്തൊരത്ഭുതം! അവൾ ഒന്നു ഞെട്ടി. ആരാണ് തന്നോട് സംസാരിക്കുന്നത്?

അഞ്ചു വിവാഹം കഴിഞ്ഞവളാണ്. ഇപ്പോഴുള്ളവൻ വിവാഹം കഴിക്കാതെ കൂടെ താമസിക്കുന്നവനാണ്. അപ്പോൾ ശമര്യാസ്ത്രീ പറഞ്ഞു: ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണ് നമസ്ക്കരിച്ചു വരുന്നത്. യഹൂദന്മാർ പറയുന്നത് അവർക്ക് യെരൂശലേമിലാണ് ആരാധന എന്നാണ്.

അവൾ കർത്താവിനോട് ചോദിക്കുകയാണ്, ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനാണോ? അവൾക്കു പൂർവ്വപിതാക്കന്മാരെക്കുറിച്ച് നല്ല മതിപ്പുണ്ട്. വിശുദ്ധന്മാരെക്കുറിച്ച് മതിപ്പുണ്ട്. നല്ല ബഹുമാനമുണ്ട്.

ഒരിക്കൽ ഇൻഡ്യൻ പ്രസിഡന്റായിരുന്ന ഡോ. രാധാകൃഷ്ണന്റെ അടുക്കൽ Dr. Devick എന്നു പറയുന്ന ഒരു ക്രിസ്തു വിശ്വാസി ചെല്ലുകയുണ്ടായി. അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഡോ. രാധാകൃഷ്ണൻ പറഞ്ഞു: You Christians are ordinary people with extraordinary claims. നിങ്ങൾ ക്രിസ്ത്യാനികൾ സാധാരണക്കാരായ ആളുകളാണ്.

പക്ഷേ, നിങ്ങൾക്ക് വലിയ അവകാശവാദങ്ങളുണ്ട്. അതിനു Devick ഒരു കാര്യം മാത്രം പറഞ്ഞു. Christians are ordinary people, but we are having some extraordinary principles. ക്രിസ്ത്യാനികൾ സാധാരണക്കാരാണ്. പക്ഷേ, ഞങ്ങൾക്ക് ജീവിതത്തിൽ ചില അസാധാരണമായ തത്വങ്ങളുണ്ട്.

ഈ സ്ത്രീ അങ്ങനെയാണ്. ഇത്രയും ഹീനമായ ജീവിതം നയിച്ച സ്ത്രീ പിതാക്കന്മാരുടെ കാര്യമാണ് പറയുന്നത്. സമൂഹത്തിൽ വരുവാൻ ലജ്ജിക്കാവുന്ന അവസ്ഥയാണവൾക്ക്. അതുകൊണ്ടായിരിക്കണം അവൾ ഉച്ചയ്ക്ക് വെള്ളം കോരാൻ അവിടെ വന്നത്.

അവളുടെ വീടിന്റെ അടുത്ത് കിണറില്ലാഞ്ഞിട്ടല്ല. അവൾ ആരുമില്ലാത്ത സുഖാർ കിണറ്റിനരികിൽ വരാൻ കാരണം ആളുകളുടെ പരിഹാസത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടിയാണ്. ഇതെല്ലാമാണെങ്കിലും അവൾ വലിയ ആത്മാഭിമാനത്തോടെ പറയുകയാണ്, ഞങ്ങളുടെ പിതാവ് യാക്കോബിനേക്കാൾ നീ വലിയവനോ?

ഇന്ന് അനേകർക്ക് പറ്റിയിരിക്കുന്ന ഒരു വലിയ അപകടം ക്രിസ്തുവിനെ കാണുന്നില്ല. പ്രാർത്ഥന ഗീവർഗീസ് പുണ്യാളനോടും അല്ലെങ്കിൽ ഏതെങ്കിലും വിശുദ്ധന്മാരോടൊക്കെയാണ്.

ക്രിസ്തുവിനെ കാണുന്നില്ല. ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നില്ല. ക്രിസ്തു ആർക്കും ഒരു വിഷയമല്ല. പുണ്യവാന്മാരുടേയും പുണ്യവതികളുടേയും പുറകേയാണ് മനുഷ്യൻ ഇന്ന് പോയ്ക്കൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ ഇന്ന് ചടങ്ങുകളും മറ്റും നടക്കുന്നത് എന്തിന്റെ പേരിലാണ്? പെരുന്നാളുകൾ നടക്കുന്നത് എന്തിന്റെ പേരിലാണ്?

“നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ” എന്നാണ് കർത്താവിന്റെ വചനം പറയുന്നത്. അവരെ ആരാധിക്കുകയല്ല വേണ്ടത്. പരിശുദ്ധനായ ഒരാളേയുള്ളൂ, കർത്താവായ യേശുക്രിസ്തു മാത്രം.

ആരാധനയ്ക്ക് യോഗ്യനായ ഒരാളേയുള്ളൂ, കർത്താവായ യേശുക്രിസ്തു മാത്രം. ഇന്ന് ദൈവമക്കൾ അനേകം പേർ ഈ ഊരാക്കുടുക്കിൽപ്പെട്ട് കിടക്കുകയാണ്. കാരണം, പരിശുദ്ധന്മാരുടെ പുറകേയാണ് എല്ലാവരുടേയും യാത്ര.

ഞാൻ എവിടെയോ കേട്ടു. മലയാറ്റൂർ മല കയറാൻ പോകും. മദ്യത്തിൽ നാരങ്ങാനീരൊഴിച്ച് കുപ്പിയിലാക്കി കൊണ്ടുപോകും. ക്ഷീണിക്കുമ്പോൾ കുടിക്കാനാണിത് കൊണ്ടുപോകുന്നത്! എന്തൊരു അബദ്ധമായ ആശയഗതി

കളാണിതെല്ലാം! നിങ്ങൾ ഗ്രഹിക്കുന്നുണ്ടോ? ക്രിസ്തുവാണ് ആരാധനയ്ക്ക് യോഗ്യൻ.

പരിശുദ്ധന്മാരെ ഓർക്കണം, സ്മരിക്കണം, ആദരിക്കണം, ഒരു കാരണവശാലും ആരാധിക്കരുത്. ഈ അബദ്ധജടിലമായ ദുരാചാരങ്ങളുടെ പിറകെ പോകുന്നത് നിർത്തിയിട്ട് ഇനിയെങ്കിലും നാം സത്യം തിരിച്ചറിയുക. ആരാധനയ്ക്കു യോഗ്യനായ ക്രിസ്തുവിനെ നാം കാണുക. അതിനെന്തുവേണം? നമ്മുടെ ഹൃദയം ശുദ്ധമായിത്തീരണം.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ
അവർ ദൈവത്തെ കാണും."

ഹൃദയം ശുദ്ധീകരിക്കണം. ഹൃദയം ശുദ്ധമാകണം എന്റെ ജീവിതം വിശുദ്ധമാകണമെന്നുള്ള ആഗ്രഹം വരണം. കറ പുരളാത്തൊരു ജീവിതം. ചെളിപുരളാത്ത ജീവിതം. അതായിരിക്കണം നമ്മുടെ ലക്ഷ്യം. അങ്ങനെ നാം നിൽക്കുമ്പോൾ വിശുദ്ധമായ ഹൃദയത്തിൽ നിന്ന് വിശുദ്ധ സ്തുതികൾ ഉയരും. അതാണ് ആരാധന.

ഈ സ്ത്രീ ഇങ്ങനെ അഭിമാനത്തോടെ നില്ക്കുകയാണ്. അവൾ പിന്നെയും പിന്നെയും തർക്കിക്കാൻ തുടങ്ങിയപ്പോൾ കർത്താവ് പറഞ്ഞു: സ്ത്രീയേ, എന്റെ വാക്ക് വിശ്വസിക്ക. പിന്നീട് കർത്താവ് ചില കാര്യങ്ങളെല്ലാം ആ സ്ത്രീയോട് സംസാരിച്ചു. പിന്നീട് അവൾ കിണറ്റിൻകരയിൽ പാത്രം വച്ചിട്ട് വളരെ തിടുക്കത്തിൽ നടന്നുപോയി.

അവൾ പോയി കുറച്ചുനേരം കഴിഞ്ഞപ്പോഴേയ്ക്കും ശിഷ്യന്മാർ ആഹാരവുമായി വന്നു. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു: നിങ്ങൾ തലപൊക്കി നോക്കൂ. അവർ നോക്കിയപ്പോൾ ശമര്യയിലെ കുന്നിൽ നിന്നും ആളുകൾ നിരനിരയായി ഇറങ്ങിവരുന്നു. വലിയൊരു നീണ്ട നിര! ഏറ്റവും മുമ്പിൽ ഈ സ്ത്രീയുണ്ട്.

അവൾ പോയത് ഈ ആളുകളെയൊക്കെ കൂട്ടിക്കൊണ്ടു വരാനാണ്. അവൾ ചെന്ന് പറഞ്ഞതെന്താണ്? "ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുവിൻ." അവൾ നാട്ടിൽ ചെന്ന് അവളെ പരിഹസിക്കുന്ന വരും അവളെ കുറ്റം പറയുന്നവരും അവളെ ഒഴിവാക്കുന്നവരു മായ ആളുകളുടെ അടുക്കൽ ഒക്കെ ചെന്ന് പറയുകയാണ്. യേശുക്രിസ്തുവിന്റെ അടുക്കലേക്ക് അവൾ ആളുകളെ വിളി ച്ചുകൊണ്ടു വരുന്നു.

കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു: നിങ്ങൾ തലപൊ ക്കിനോക്കിയാൽ നിലങ്ങൾ കൊയ്ത്തിനു വെളുത്തിരിക്കു ന്നത് കാണും. കൊയ്യാറായ നല്ല ധാന്യശേഖരങ്ങൾ, കൊയ്യാ റായ വയലേലകൾ കൊയ്ത്തിന് തയ്യാറായിരിക്കയാണ്. ഇത്ര യേറെ ആളുകൾ യേശുക്രിസ്തുവിന്റെ അരികിലേക്ക് വരു ന്നത് ഈയൊരൊറ്റ സ്ത്രീയുടെ സാക്ഷ്യം നിമിത്തമാണ്!

നിങ്ങളുടെ ജീവിതത്തിൽ അനേകരെ ക്രിസ്തുവിലേക്ക് നിങ്ങൾ ആനയിക്കേണ്ടതാണ്. അതിനുള്ള ഉത്തരവാദിത്വം കർത്താവ് നിങ്ങളുടെമേൽ ഭരമേല്പിക്കുകയാണ്. അനേകരെ ക്രിസ്തുവിലേക്ക് നടത്തുക. ഒരു കൂട്ടായ്മയിലേക്ക് നടത്താ നല്ല ഞാൻ പറഞ്ഞത്. ഏതെങ്കിലും ഒരു വ്യക്തിയുടെ അടുക്ക ലേക്ക് നടത്താനല്ല പറഞ്ഞത്. ക്രിസ്തുവിലേക്ക് അനേകരെ നടത്തുക. ഇന്ന് വചനത്തിന് വേണ്ടിയുള്ള ദാഹത്തോടെ അനേകർ വരുന്നു. അപ്പത്തിന് വേണ്ടിയുള്ള വിശപ്പല്ല, വെള്ള ത്തിന് വേണ്ടിയുള്ള ദാഹമല്ല, ആത്മാക്കൾക്കുവേണ്ടിയുള്ള വിശപ്പ്.

ഈ സ്ത്രീയുടെ ജീവിതത്തിൽ നാം കാണുന്ന ചില പ്രത്യേകതകളുണ്ട്. ഒന്ന് ക്രിസ്തുവിന്റെ മുഖത്തുനിന്ന് ജീവന്റെ വചനം കേട്ടപ്പോൾ അവൾക്ക് ശരിക്കും മാനസാ ന്തരം ഉണ്ടായി. ആദ്യം നടക്കേണ്ടത് അതാണ്, Conversion!

നിങ്ങൾ ചിന്തിക്കൂ. എനിക്ക് വാസ്തവമായി ഒരു മാന സാന്തരം കിട്ടിയിട്ടുണ്ടോ? പലതും മാറ്റം വരുത്തിയിട്ടുണ്ട്,

നല്ലത്. മദ്യപാനമില്ല. പുകവലിയില്ല. ചീട്ടുകളിയില്ല. കൂട്ടു കെട്ടില്ല. നല്ലത് പക്ഷേ, നിങ്ങൾക്ക് വാസ്തവമായി ഒരു മാന സാന്തരം വന്നിട്ടുണ്ടോ?

നിങ്ങളുടെ ഭാര്യ പറയുമോ, എന്റെ ഭർത്താവ് പഴയ ആളല്ല. എന്തോ ഒരു മാറ്റം വന്നിരിക്കുന്നു. പഴയ വാശിയില്ല, പഴയ കോപമില്ല. പഴയ ദുശ്ശാഠ്യങ്ങൾ ഒന്നുമില്ല. എന്തൊരു ശാന്തത! ഇതൊരു അത്ഭുതമാണല്ലോ!

നിങ്ങളുടെ ഭർത്താവ് പറയുമോ നിങ്ങളെക്കുറിച്ച്, എന്റെ ഭാര്യ പണ്ടത്തെപ്പോലെ അല്ല കേട്ടോ. എന്തൊരു സ്നേഹം! എന്തൊരു വിനയം! എന്തൊരു അനുസരണം! എന്ത് പക്വത! എന്ത് പാകത! എന്ത് പരിജ്ഞാനം! പറയുമോ?

നമ്മെ കാണുന്നവർക്ക് നമ്മളിൽക്കൂടി ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നതാണ് സത്യസുവിശേഷം. പറയുന്ന വാക്കുകളേക്കാൾ ശക്തമാണ് ജീവിതത്തിന്റെ മാറ്റം. നിങ്ങ ളോരോരുത്തരും ഏതെങ്കിലുമൊക്കെ ജോലി ചെയ്യുന്നവരാ ണല്ലോ. അടുക്കളയിൽ പണിയെടുക്കുന്നവരുമുണ്ടല്ലോ.

നിങ്ങളുടെ ജീവിതത്തിലെ ഓരോ സെക്കന്റും ഓരോ ചലനവും കറതീർന്നതാണെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടോ? നിങ്ങളുടെ ഉള്ളിലുള്ള തിന്മയുടെ വികാരഭേദങ്ങൾ മക്കളി ലേക്കു വ്യാപിയ്ക്കും. നിങ്ങൾ അറിയുന്നില്ല. ആരോടെങ്കിലും ഒരു ഇഷ്ടക്കുറവ് ഉണ്ടെങ്കിൽ അത് നിങ്ങളുടെ സംസാര ത്തിൽ വരും. മക്കളത് കേൾക്കും.

മക്കളത് കാണും. അപ്പോൾ അവർക്ക് തോന്നും, അപ്പൻ കാര്യം വചനമൊക്കെ പറയുന്ന ആളാണെങ്കിലും അപ്പന്റെ ജീവിതത്തിൽ ചിലരോടെല്ലാം വഴക്കുണ്ട് എന്ന് മനസ്സി ലാക്കും. അപ്പോൾ മക്കളുടെ ഭാവി നശിയ്ക്കും. അതാരും അറിയുന്നില്ല. ശോഭനമായി തീരേണ്ട ഭാവിയാണ് നശിയ്ക്കു ന്നത്.

നിങ്ങളുടെ മക്കളുടെ മുമ്പിൽ, ഭാര്യയുടെ മുൻപിൽ, ഭർത്താവിന്റെ മുൻപിൽ, മാതാപിതാക്കളുടെ മുൻപിൽ, അമ്മായിയമ്മയുടെ മുമ്പിൽ, മരുമകളുടെ മുമ്പിൽ, എല്ലായിടത്തും, ജോലിചെയ്യുന്നവരുടെ ഇടയിലെല്ലാം നമ്മുടെ സ്വഭാവം ക്രിസ്തുവിന്റെ സ്വഭാവമായി പ്രതിബിംബിക്കണം.

വെറും ചില ആശയങ്ങൾ പറയുകയല്ല. അതില്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമാണ്. അതില്ലെങ്കിൽ നാം ഇതുവരെയും ക്രിസ്ത്യാനിയായി തീർന്നിട്ടില്ല. ഒരു പത്തുരൂപയുടെ കാര്യം വന്നാൽ ദുശ്ശാഠ്യം പിടിക്കുന്നവരാണ് പലരും. നിങ്ങളിൽ ചിലർ ഒരു നൂറുരൂപയുടെ കാര്യംവന്നാൽ സത്യവും നീതിയും മറന്നുകളയുന്നവരാണ്. ചിന്തിക്കൂ നമ്മുടെ മനോഭാവം എങ്ങനെയിരിക്കുന്നു?

ദൈവം ഹൃദയങ്ങളെ നോക്കുന്നു. പുറമേയുള്ളതല്ല, അകമേ നോക്കുന്നു. പുറമേയുള്ള മാനസാന്തരം കണ്ടു എന്നുവരാം. എന്നാൽ അകമേ മാനസാന്തരം ഉണ്ടോ? ഈ സ്ത്രീയ്ക്ക് യേശുവിനെ കണ്ടുമുട്ടിയപ്പോൾ മാനസാന്തരം കിട്ടി. എത്ര മനോഹരമായ വാക്കാണ് മാനസാന്തരം! 'മനസ്സ് മാറുക.' ക്രിസ്തുവിന്റെ കൃപയില്ലാതെ ഒരു മനുഷ്യനും മനസ്സ് മാറാൻ സാധ്യമല്ല.

മാനസാന്തരത്തിനുവേണ്ടി ദാഹിച്ച്, ക്രിസ്തുവിന്റെ കൃപ പ്രാപിച്ചല്ലാതെ മാനസാന്തരം കിട്ടുകയില്ല. ദൈവത്തിന്റെ വചനം വ്യക്തമായി പറയുന്നു: അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം മനുഷ്യരോട് കല്പിക്കുന്നു.

> *"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കല്പിക്കുന്നു."* *അപ്പൊ. പ്രവൃത്തികൾ 17 : 30*

ദൈവത്തിന്റെ കല്പനയാണത്, മാനസാന്തരപ്പെടുക. ആ സ്ത്രീയ്ക്ക് ലഭിച്ച മഹാഭാഗ്യം! അവൾക്ക് മാനസാന്തരം വന്നു. അവൾ വെള്ളം കോരാൻ വന്ന കാര്യംപോലും മറന്നു പോയി. അവളുടെ പ്രധാനവിഷയം ഇപ്പോൾ വെള്ളം കോരുക എന്നുള്ളതല്ല. അവൾ തിരികെ ഓടിപ്പോവുകയാണ്.

മാനസാന്തരം കിട്ടിയാൽ അടുത്തതായി വരുന്നത് ഹൃദ യത്തകർച്ചയാണ്. പഴയ മനോഭാവമെല്ലാം മാറി. ഹൃദയം തകർന്നു.

Conversion വന്നാൽ അതിനോട് ചേർന്ന് വരുന്നതാണ് Contrition! ഹൃദയത്തിന്റെ നുറുക്കം! ഹൃദയം തകരുക! നിങ്ങൾ ചിന്തിക്കൂ. നിങ്ങൾക്ക് വാസ്തവത്തിൽ ഒരു ഹൃദയം തകരുന്ന അനുഭവം കിട്ടിയിട്ടുണ്ടോ? ആ അനുഭവം കിട്ടിയി ട്ടുള്ള അനേകരുണ്ട്. പക്ഷേ, അന്നത്തെ അനുഭവം ഇന്ന് നില നിൽക്കുന്നുണ്ടോ?

ഒരുകാലത്ത് കർത്താവിന്റെ പാദത്തിൽ മുട്ടുകുത്തു മ്പോഴേയ്ക്കും ഹൃദയം തകർന്ന് കരഞ്ഞിരുന്നു. പ്രാർത്ഥി യ്ക്കാൻ തുടങ്ങുമ്പോഴേയ്ക്കും ഓലോല കണ്ണുനീർ ഒഴുകി യിരുന്നു. ഇന്ന് ഹൃദയം കല്ലിച്ച് പോയിരിക്കുന്നു. Contrition ലഭിക്കുന്നു. തകർന്ന ഹൃദയം ലഭിക്കുന്നു.

Conversion ഉം Contrition ഉം കിട്ടിക്കഴിഞ്ഞാൽ പിന്നെ ലഭിക്കുന്നത് commission for communication! ആശയം പകരുന്ന തിനുള്ള ഒരു നിയോഗം ലഭിക്കുന്നു. നിന്റെ നാട്ടിൽ ചെന്ന് എല്ലാവരോടും സാക്ഷ്യം പറയണം എന്നൊന്നും കർത്താവ് പറഞ്ഞില്ല.

മാനസാന്തരവും ഹൃദയത്തകർച്ചയും കിട്ടിക്കഴിഞ്ഞാൽ പിന്നെ ദൈവത്തിന്റെ വചനം അറിയിക്കാനുള്ള ഒരു നിയോഗം ലഭിയ്ക്കുകയാണ്. സ്തോത്രം. ഞാൻ ഇന്ന് ഭയ ത്തോടെ ചിന്തിക്കുകയാണ്. നല്ല ആരോഗ്യം ഉണ്ടായിരുന്ന കാലത്ത് കുറച്ചുകൂടിയൊക്കെ ഓടാമായിരുന്നു. ഇന്ന്

അത്രയുമൊന്നും പറ്റുന്നില്ലല്ലോ. കുറേക്കൂടി കർത്താവിനു വേണ്ടി ഓടാമായിരുന്നു.

കുറേക്കൂടി കർത്താവിനുവേണ്ടി അദ്ധ്വാനിക്കാമായി രുന്നു. അന്ന് കുറേയൊക്കെ ഞാൻ അലസനായിപ്പോയില്ലേ കർത്താവേ? ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്തില്ലല്ലോ. ഞാൻ ദൈവസന്നിധിയിൽ അനുതപിച്ചുകൊണ്ടിരിക്കുക യാണ്.

ഞാൻ ഉച്ചയ്ക്ക് സാധാരണ കോളേജിൽനിന്ന് ഭക്ഷണം കഴിയ്ക്കാൻ വീട്ടിൽ വരും. അപ്പോൾ അമ്മ കട്ടിലിൽ കിടക്കു കയായിരിക്കും. അമ്മയ്ക്ക് വേറെ അസുഖമൊന്നും ഇല്ല. പക്ഷേ, ക്ഷീണമുള്ളതുകൊണ്ട് കിടക്കുന്നു. ഞാൻ 'അമ്മേ' എന്ന് ഒന്ന് വിളിച്ചിട്ട് ഭക്ഷണം കഴിച്ചിട്ട് പോകും.

ചിലപ്പോൾ അമ്മയെ വിളിക്കാനും മറന്നുപോയി. ഭക്ഷണം കഴിച്ചിട്ട് അമ്മയോട് മിണ്ടാനും മറന്നുപോയി. ഇപ്പോൾ ഞാൻ ഓർക്കുകയാണ്, അന്ന് അമ്മയുടെ അടുക്കൽ ഒന്ന് ഇരുന്നിട്ട്, ഒന്ന് തലോടിയിട്ട് 'ഞാൻ കോളേജിലേക്ക് പോവുകയാണ്' എന്ന് പറയാമായിരുന്നല്ലോ എന്ന്. എന്റെ ഹൃദയത്തിൽ വരുന്ന കുറ്റബോധം ആണ് പറയുന്നത്. കുറച്ചു കൂടി എന്റെ അമ്മയെ സ്നേഹിക്കാമായിരുന്നു എന്ന്.

പ്രിയപ്പെട്ടവരേ, മാനസാന്തരം വരുമ്പോൾ കുറ്റബോധം വരും. മാനസാന്തരം വരുമ്പോൾ ഹൃദയത്തകർച്ച വരും. മാന സാന്തരം വന്നുകഴിഞ്ഞാൽ ധൃതഗതിയിൽ നമുക്ക് കർത്താ വിന്റെ വചനം communicate ചെയ്യാൻ സാധിയ്ക്കും. അതി നുള്ള നിയോഗമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്.

കിട്ടിയ വചനം എല്ലാവർക്കും വിതരണം ചെയ്ത് കൊള്ളുക. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ കർത്താവിന്റെ വേല ചെയ്യാൻ താത്പര്യം വരുന്നുണ്ടോ? നിങ്ങൾ വിചാ രിക്കും എനിക്ക് അങ്ങനെ വേദപുസ്തകനിശ്ചയം ഒന്നുമി ല്ലല്ലോ. എനിക്ക് എന്താണ് കഴിവുള്ളത്? എനിക്ക് പ്രായമായി.

അല്ല ഞാനത്രയും പഠിച്ചിട്ടില്ല. എനിക്ക് ഇംഗ്ലീഷ് വേദപുസ്തകം വായിക്കാൻ അറിഞ്ഞുകൂടാ.

മോനേ, നീ അങ്ങനെ പറയരുത്. നിന്നെക്കൊണ്ട് വൻകാര്യങ്ങൾ സാധിക്കും. മോളേ, നിന്നെക്കൊണ്ട് വൻകാര്യങ്ങൾ സാധിക്കും. അനേകരിലേക്ക് ക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നിനക്ക് സാധിക്കും. നിന്റെ ഒരു നോട്ടത്തിൽ കൂടി, നിന്റെ ഒരു സ്നേഹഭാവത്തിൽകൂടി, നിന്റെ ഒരു പുഞ്ചിരിയിൽ കൂടി അനേകരുടെ ഹൃദയത്തിന്റെ വേദനകൾ മാറ്റാൻ സാധിക്കും.

ചെയ്യാവുന്നേടത്തോളം ചെയ്തുകൊള്ളുക. ഒട്ടും വൈകാതെ ചെയ്തുകൊള്ളുക. കർത്താവിന്റെ വേല ചെയ്ത് കൊള്ളുക. വേല വലിയതും വിശാലവും ആകുന്നു. ഇന്ന് നിങ്ങൾ ചിന്തിക്കൂ. ഇനി എന്താണ് വേണ്ടത്? എന്നെക്കൊണ്ട് എന്തു സാധിക്കും?

ഇത്രയുംകാലം പാഴായിപ്പോയി. സാരമില്ല എന്നാണ് കർത്താവ് പറയുന്നത്. ഇനിയെന്ത്? നിങ്ങൾക്ക് കർത്താവിനോട് പറയാം: കർത്താവേ, ഇനി ഞാൻ പഴയ മനുഷ്യനായിരിക്കുകയില്ല. ഇനി ഞാനൊരു പുതിയ മനുഷ്യനായിരിക്കും. ഇനി ലോകത്തിന്റെ സന്തോഷത്തിന്റെ പിന്നാലെ ഞാൻ ഓടുകയില്ല.

കർത്താവേ, ഇനി എനിക്ക് ഒറ്റയ്ക്കൊരു കാര്യം മാത്രം. എന്റെ ജീവാവസാനം വരെ എന്റെ യേശുവിനെ പ്രസാദിപ്പിക്കുന്ന ദൈവദാസനായി, ദൈവദാസിയായി ഞാൻ നിൽക്കും.

നിങ്ങൾക്ക് അങ്ങനെ തീരുമാനിക്കാമോ? നിങ്ങളിൽ പലരും അങ്ങനെ തീരുമാനമെടുക്കുന്നുണ്ട്. പോരാ, തീരുമാനം കൂടുതൽ ആഴത്തിലാക്കുക. കർത്താവേ, ഇനിമേൽ ഞാനൊരു പുതിയ മനുഷ്യനായിരിക്കും. ഇനിമേൽ ഞാൻ പഴയ സൃഷ്ടിയല്ല, പുതിയ സൃഷ്ടി ആയിരിക്കും.

കർത്താവേ, ഇപ്പോൾ നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ. പ്രാർത്ഥിക്കൂ. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കൂ. ദൈവത്തോട് വാക്കു പറയൂ. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

നമുക്ക് പ്രാർത്ഥിക്കാം. കാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, നിന്റെ വേലയ്ക്കുവേണ്ടിയുള്ള ആഹ്വാനത്തിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. അവിടുത്തെ രണ്ടാമത്തെ വരവിനായി എല്ലാവരേയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയനാമത്തിൽ പ്രാർത്ഥിക്കുന്നു. കൃപയോടെ കേൾക്കണമേ, ആമ്മേൻ.

# പത്ത്

*"ഇനി നാലുമാസം കഴിഞ്ഞിട്ട് കൊയ്ത്തുവരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നത് കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു."*

*യോഹന്നാൻ 4 : 35*

കൊയ്യാറായി കിടക്കുന്ന നിലങ്ങൾ തലപൊക്കി നോക്കിയാൽ നിങ്ങൾക്ക് കാണാം.

ശമര്യയിലെ സുഖാർ പട്ടണത്തിലെ കിണറ്റിനരികിൽ വെള്ളം കോരുവാൻ വന്ന സ്ത്രീയോട് യേശു സംസാരിച്ചു. ആ സ്ത്രീ ജീവിതത്തിൽ ഒട്ടേറെ അശുദ്ധി പറ്റിയവൾ ആയിരുന്നു. അഞ്ച് വിവാഹം കഴിച്ചു അഞ്ചും വിവാഹ മോചനം നേടി. എന്നാൽ ഇപ്പോൾ വിവാഹം കൂടാതെതന്നെ ഒരാളുമായി കൂടെ താമസിക്കുകയാണ്.

ആ സ്ത്രീയും പറയുന്നത് പിതാക്കന്മാരുടെ കാലത്തുണ്ടായ ആരാധനയെക്കുറിച്ചാണ്. പാപത്തിൽ ജീവിക്കുമ്പോഴും അവൾ പറയുന്നത് ആരാധനയെക്കുറിച്ചാണ്; യാക്കോബ് പിതാവിനെക്കുറിച്ചാണ്. ഇന്നും പരിശുദ്ധ പിതാക്കന്മാരെക്കുറിച്ച് അഭിമാനത്തോടെ പറയുന്ന ആളുകൾ സ്വന്തം ജീവിതത്തിലേക്ക് നോക്കുന്നില്ല.

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം

ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." കർത്താവിന്റെ വചനം പറയുന്നതങ്ങനെയാണ്. പരിശുദ്ധന്മാരെ ഓർക്കാം, തെറ്റില്ല. പക്ഷേ, അവരുടെ വിശ്വാസം നാം അനുകരിക്കുകയാണ് വേണ്ടത്.

ഇതൊന്നും ചിന്തയില്ലാതെ പിതാക്കന്മാരുടെ വിശ്വാസം എന്നുപറഞ്ഞ് അഭിമാനം കൊള്ളുന്ന അനേകമനേകം ആളുകൾ നമ്മുടെ കൂട്ടത്തിലുണ്ട്. നിങ്ങളിൽ പലരും അങ്ങനെയൊക്കെ യായിരിക്കും. കബറിടങ്ങൾ തേടി ഓടുകയും കുരിശിൻ തൊട്ടിയിൽ മെഴുകുതിരി കത്തിച്ച് വയ്ക്കുകയും ഇതെല്ലാം വലിയ പുണ്യമാണെന്ന് വിചാരിക്കുകയും ചെയ്യുന്ന ആളുകളുണ്ട്. പെരുന്നാളിന് പോകുക. അവിടെയുള്ള കഥാപ്രസംഗം കേട്ട് രസിക്കുക. നാടകമാണെങ്കിൽ അത് കണ്ട് രസിക്കുക. ഇങ്ങനെയെല്ലാം പോകുന്ന ആളുകൾ.

റവ. ഫാദർ ഒ. തോമസ് അച്ചൻ എഴുതിയ ഒരു കാര്യം ഈയിടെ ഞാൻ വായിച്ചു. ഒരു സെമിനാരിയുടെ പ്രിൻസിപ്പലായ ബഹുമാനപ്പെട്ട അച്ചൻ ഇത്രയും വ്യക്തമായി, ധൈര്യമായി കാര്യങ്ങൾ പറയുന്നുണ്ടല്ലോ എന്നത് എന്നെ അത്ഭുതപ്പെടുത്തി. ഇന്നത്തെ പെരുന്നാളുകൾ, പെരുന്നാളിലെ ചടങ്ങുകൾ, ഇന്നത്തെ ചില തീർത്ഥയാത്രകൾ ഇങ്ങനെ പുറമേയുള്ള അനേകം കാര്യങ്ങളുണ്ട്. ഇതെല്ലാം തെറ്റായ പ്രവണതയാണ് എന്ന് തുറന്നുപറയാൻ വൈദിക സെമിനാരിയിലെ പ്രിൻസിപ്പാൾ അച്ചന് സാധിച്ചു. അതൊരു ധൈര്യമായി ഞാൻ കണ്ടു. അദ്ദേഹം ഇത് പറയുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ചില നല്ല ആശയങ്ങളുണ്ട്.

ഇന്ന് ചടങ്ങുകളും അനുഷ്ഠാനങ്ങളുമായി നാം അധ:പതിച്ചിരിക്കുന്നു. പെരുന്നാൾ സദ്യകൾ, പെരുന്നാളിന് കഥാപ്രസംഗം, പെരുന്നാളിന് നാടകം അല്ലെങ്കിൽ ഗാനമേള! ലോകമനുഷ്യരേക്കാൾ കഷ്ടമായ രീതിയിൽ ഇന്ന് സഭകൾ പോയിരിക്കുന്നു. ഇന്നത്തെ സമ്പ്രദായംകൊണ്ട് സഭയുടെ

വീര്യം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

അതുകൊണ്ട് പറ്റിയതെന്താണെന്നറിയാമോ? 1917–ൽ റഷ്യൻ വിപ്ലവം നടക്കുമ്പോൾ അവിടെ അതുവരെ ഉത്തുംഗമായ ഗോപുരങ്ങൾ പോലെയുള്ള പള്ളികളും പള്ളിമേടകളും എല്ലാമുണ്ടായിരുന്നു. വളരെ ഗംഭീരമായ പെരുന്നാളുകൾ, വളരെ കേമമായ ആരാധനാസമ്പ്രദായങ്ങൾ, നല്ല മനോഹരമായ ഗീതങ്ങൾ! പക്ഷേ, ബോൾഷെവിക് വിപ്ലവം വന്നപ്പോൾ എല്ലാം തകർത്തുകളഞ്ഞു. അതുപോലെയുള്ള ഒരു വലിയ അനർത്ഥത്തിലേക്കാണോ ഇന്ന് കേരളസഭ പോകുന്നത്. എനിക്ക് ഭയമുണ്ട്. ഇത് ഏറെക്കാലം കർത്താവ് കണ്ടുകൊണ്ടിരിക്കില്ല.

സഭയുടെ ഇന്നത്തെ ചട്ടക്കെട്ടുകളിൽ കൂടിയുള്ള വെറും ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സത്യമായി ക്രിസ്തു കാണിച്ചുതന്ന മാതൃക അനുഷ്ഠിക്കാൻ ആരും തയ്യാറല്ല. ക്രിസ്തുവിനെ പ്രകീർത്തിക്കുന്നതിന് പകരം ചില പരിശുദ്ധന്മാരെ പ്രകീർത്തിക്കുന്നു.

വലിയനാശം വരാൻ പോകുന്നു. നിങ്ങൾ ചിന്തിയ്ക്കുന്നതു പോലെയല്ല. നാലഞ്ചാറ് വർഷങ്ങൾക്കകം എന്തെല്ലാമാണ് നാട്ടിൽ വരാൻ പോകുന്നത്? നിങ്ങൾ അത്ഭുതത്തോടെ കാണും. ഇതൊക്കെ മുൻകൂട്ടി തന്നല്ലോ എന്ന് നിങ്ങൾ ഓർക്കും.

ദൈവം എല്ലാം മുൻകൂട്ടി തരുന്നുണ്ട്. ഞാനിന്ന് വെപ്രാളത്തോടെ ചിന്തിക്കുകയാണ്. ഈ സുവിശേഷവേല മുടങ്ങിപ്പോകുമോ? ദൈവത്തിന്റെ വേല മുടങ്ങിപ്പോകാൻ പാടില്ലാത്തതാണ്. കർത്താവിന്റെ രണ്ടാമത്തെ വരവ് വരെയും ഈ വേല തുടർന്നുകൊണ്ടിരിക്കേണ്ടതാണ്.

പക്ഷേ, കഠിനമായ പീഡകൾ, കഠിനമായ വേദനകൾ അനേക ദൈവമക്കൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. ഒരുവിധം ഭേദപ്പെട്ട രാജ്യമെന്ന് വിചാരിക്കുന്ന ഈജിപ്റ്റിൽ

ഇന്ന് ക്രിസ്ത്യാനികൾക്ക് സർക്കാർ ജോലി കൊടുക്കുകയില്ല. മാത്രമല്ല, കഠിനമായ പീഡനങ്ങൾ അവിടുത്തെ സഭ നേരിട്ടു കൊണ്ടിരിക്കുന്നു. ഇന്ന് സത്യവിശ്വാസം ചുരുങ്ങിപ്പോയിരിക്കുന്നു. മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ? യേശുക്രിസ്തുവിന്റെ രക്ഷയെ കേന്ദ്രീകരിച്ചുള്ള, യേശുക്രിസ്തു തരുന്ന വീണ്ടെടുപ്പിനെ കേന്ദ്രീകരിച്ചുള്ള സുവിശേഷം ഇന്ന് ഒട്ടും ഇല്ലാതായിരിക്കുന്നു.

ഇന്ന് പള്ളികളിൽ പ്രസംഗങ്ങളുണ്ട്. കൺവെൻഷനുകളുണ്ട്. നല്ല ഉന്നത ബിരുദധാരികളായ പ്രസംഗകർ വന്ന് പ്രസംഗിക്കുന്നുണ്ട്. പക്ഷേ, ക്രിസ്തുവില്ല. ക്രിസ്തുവിനെ കൊടുക്കേണ്ടിയിരിക്കുന്നു. ജനത്തിന് ക്രിസ്തുവിനെ കാണിച്ചു കൊടുക്കേണ്ടിയിരിക്കുന്നു.

ശമര്യാക്കാരി സ്ത്രീ പാരമ്പര്യം പറഞ്ഞുകൊണ്ടാണ് നിൽക്കുന്നത്. പക്ഷേ, കർത്താവ് അവളോട് ഒരു വാക്ക് പറഞ്ഞു: സ്ത്രീയേ, എന്റെ വാക്ക് നീ വിശ്വസിക്ക. പിന്നീട് കർത്താവ് അവളോട് സംസാരിച്ചതിൽ നിന്ന് അവൾ ഒരു കാര്യം മനസ്സിലാക്കി.

അവൾ പാത്രം അവിടെ വെച്ചിട്ട് ശമര്യയിലേക്ക് പോയി. അവൾ പറഞ്ഞ വാക്കാണ് ശ്രദ്ധിക്കേണ്ടത്: "ഞാൻ ചെയ്ത തൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്ന് കാണ്മിൻ." ക്രിസ്തു നമ്മുടെ ഉള്ളം അറിയുന്നു. ക്രിസ്തു നമ്മുടെ ഹൃദയം അറിയുന്നു. ക്രിസ്തു നമ്മുടെ രഹസ്യമറിയുന്നു. എന്റെ ജീവിതത്തിലെ മറഞ്ഞിരിക്കുന്ന പാപങ്ങൾ ക്രിസ്തു തുറന്ന് കാണിക്കുന്നു. "ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ." അവളിത് വീടുകൾ തോറും നടന്ന് പറയുകയാണ്.

അപ്പോഴാണ് കർത്താവിന്റെ ശിഷ്യന്മാർ ആഹാരവുമായി കിണറ്റിൻ കരയിലേക്ക് വരുന്നത്. കർത്താവ് മലയിലേക്ക് നോക്കിയിരിക്കുന്നു. ശിഷ്യന്മാർ കർത്താവിനോട് പറഞ്ഞു:

"ഗുരോ, ഭക്ഷിച്ചാലും." കർത്താവ് പറഞ്ഞു: "നിങ്ങൾ അറിയാത്ത ഒരു ആഹാരം എനിക്കുണ്ട്." കർത്താവ് ആ ആഹാരം എന്താണെന്ന് പറയുന്നുണ്ട്.

എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് തന്നെ എന്റെ ആഹാരം. എനിക്ക് ഒന്നേ ഒന്നുമാത്രം. എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുക. അവന്റെ പ്രവൃത്തി തികയ്ക്കുക.

നിങ്ങൾ ചിന്തിക്കണം: എന്റെ കർത്താവേ, ഇതായിരുന്നുവോ എന്റെ ലക്ഷ്യം? എന്നെ അയച്ച എന്റെ കർത്താവായ യേശു ക്രിസ്തുവിന്റെ ഇഷ്ടം ചെയ്യുക എന്നുള്ളതായിരുന്നോ എന്റെ താല്പര്യം? കർത്താവ് ആ മലയിലേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. ശിഷ്യന്മാർ നോക്കിയപ്പോൾ നിരനിരയായി ആളുകൾ ആ മലയിൽ നിന്ന് ഇറങ്ങിവരുന്നു. ഏറ്റവും മുൻപിലായി ഈ സ്ത്രീയുമുണ്ട്.

ആളുകളുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ മടിച്ചിരുന്ന ആ സ്ത്രീ ആളുകളുടെ മുൻപന്തിയിലുണ്ട്. നിരനിരയായി ശമര്യയിലെ ജനം യേശുവിന്റെ അരികിലേയ്ക്ക് വന്നു. ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നുകാണ്മിൻ എന്ന ആ സ്ത്രീയുടെ വാക്കുകേട്ട് ശമര്യയിലെ ജനങ്ങളെല്ലാം യേശുക്രിസ്തുവിനെ കാണാൻ വരികയാണ്. യേശുവിങ്കലേയ്ക്ക് വരികയാണ്.

പ്രിയപ്പെട്ടവരേ, കർത്താവ് ഇതു പറഞ്ഞിട്ട് ശിഷ്യന്മാരോട് പറയുകയാണ്: നിങ്ങൾ തലപൊക്കി നോക്കിയാൽ കൊയ്ത്തിനു നിലങ്ങൾ വെളുത്തിരിക്കുന്നതു കാണാം. കൊയ്യാൻ നിങ്ങൾ ഇറങ്ങുമോ എന്നാണ് കർത്താവ് ചോദിക്കുന്നത്.

നിങ്ങൾ വിദ്യാഭ്യാസമില്ലാത്ത പാവപ്പെട്ട മുക്കുവത്തൊഴിലാളികളാണ്. പക്ഷേ, കൊയ്ത്തിനു നിലങ്ങൾ വെളുത്തിരിക്കുന്നു. ഇറങ്ങാൻ മനസ്സുണ്ടോ? ഞാൻ ആത്മാർത്ഥതയോടെ നിങ്ങളോട് പറയട്ടെ, ഇന്ന് അത്യുത്സാഹത്തോടെ വേല

ചെയ്യാൻ പറ്റിയ കാലമാണ്. കർത്താവിനുവേണ്ടി ആത്മാക്കളെ നേടേണ്ട കാലം! കർത്താവിനെ നമ്മുടെ ജീവിതത്തിൽക്കൂടി കാണിച്ചുകൊടുക്കേണ്ട കാലം!

കുടുംബങ്ങൾ തകർന്ന് കിടക്കുകയാണ്. മദ്യപാനം കൊണ്ട് കുടുംബങ്ങൾ മുടിഞ്ഞുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങളിൽ സമാധാനമില്ല. മദ്യപാനം മാത്രമല്ല, ഇന്നത്തെ യൗവ്വനക്കാർ എന്തുമാത്രം വലിയ അപകടത്തിലേ ക്കാണ് പോകുന്നത്? കഞ്ചാവ്, മയക്കുമരുന്ന്, ഹാൻസ് ഇങ്ങനെയുള്ള അനേകമനേകം സാധനങ്ങളുണ്ട്.

സിനിമ, സീരിയൽ, ബ്ലൂഫിലിം, കമ്പ്യൂട്ടർ ഗെയിംസ്, കാർട്ടൂൺസ് ഇതെല്ലാം ഇന്നത്തെ യുവതലമുറയെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. മാതാപിതാക്കൾ ഇതൊന്നും അറിയുന്നില്ല. മോൻ നല്ലവണ്ണം പഠിക്കുന്നു എന്നൊക്കെയാണ് വിചാരം. പക്ഷേ, പഠിത്തംപോലും ഉഴപ്പിക്കൊണ്ട് നശിക്കുന്ന യുവതലമുറയെ നാം കാണുന്നു.

ഇന്നത്തെ അദ്ധ്യാപകർ പലരും സാന്മാർഗ്ഗികത്വബോധം ഇല്ലാത്തവരാണ്. അദ്ധ്യാപകർക്ക് ഒരു മാറ്റം വരേണ്ടിയിരി ക്കുന്നു. അദ്ധ്യാപകർക്ക് ഒരു സാന്മാർഗ്ഗികനിഷ്ഠ ഉണ്ടെങ്കിൽ കുട്ടികളിലേക്ക് കുറച്ചെല്ലാം പകരാൻ സാധിക്കും. അവരോട് വേദപുസ്തകമൊന്നും പറയണ്ട.

ഞാൻ നാല്പത്തിരണ്ട് വർഷം അദ്ധ്യാപകനായി ജോലി ചെയ്തു. ഒമ്പതുകൊല്ലം സ്കൂളിലും മുപ്പത്തിമൂന്നുകൊല്ലം കോളേജിലും. ഞാൻ ഒരിക്കലും ക്ലാസ്സിൽ സുവിശേഷവചനം പറയാറില്ല. എന്റെ ജോലി ഞാൻ കൃത്യമായിട്ട് ചെയ്യും. ഒരു സംശയവുമില്ല. എന്റെ ജീവിതം ഇവർ കണ്ടിട്ട് എന്തെങ്കിലും കൊള്ളാമെന്ന് തോന്നുന്നുവെങ്കിൽ അനുകരിയ്ക്കട്ടെ. അതായിരുന്നു എന്റെ ചിന്താഗതി.

നിങ്ങൾ ഓരോരുത്തരും നമ്മുടെ ഹൃദയം കാണുന്ന ക്രിസ്തുവിനെ ലോകത്തിന് കാണിച്ചുകൊടുക്കണം. ഞാൻ

ചെയ്തതൊക്കെയും എന്നോടുപറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ എന്ന് പറയാൻ തക്കവണ്ണം നിങ്ങൾ ഹൃദയം തുറന്ന് ക്രിസ്തുവിനെ സ്വീകരിച്ച് ഈ ക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കണം. അതാണ് നമ്മുടെ ജോലി. ക്രിസ്തുവിനെ കാണിച്ചുകൊടുക്കുക. ക്രിസ്തുവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക.

ക്രിസ്തുവിന്റെ സന്നിധിയിലേക്ക് മറ്റുള്ളവരെ ആകർഷിക്കുക. എങ്ങനെ? പ്രസംഗത്താലല്ല, മാതൃകായോഗ്യമായ ജീവിതത്താൽ! അനുകരണീയമായ ജീവിതത്താൽ! യേശുക്രിസ്തുവിനെ പ്രതിബിംബിക്കുന്ന ജീവിതത്താൽ! അങ്ങനെ നമ്മുടെ ജീവിതംകൊണ്ട് ക്രിസ്തുവിനെ കാണിച്ചുകൊടുത്താൽ അത് കർത്താവിന് പ്രസാദകരമായിരിക്കും.

നാം അങ്ങനെ ക്രിസ്തുവിനെ കാണിച്ചുകൊടുക്കുമ്പോൾ പലർക്കും മനസ്സിലാവുകയില്ല. നമ്മെ തെറ്റിദ്ധരിക്കുന്ന ആളുകളുണ്ടാകും. ഇല്ലാത്ത കാര്യം പറഞ്ഞ് നമ്മെ ആക്ഷേപിക്കുന്ന ആളുകളുണ്ടാകും. ആയിക്കൊള്ളട്ടെ. അതൊന്നും ചിന്തിയ്ക്കാൻ നമുക്ക് നേരമില്ല. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും എനിക്ക് ഒരു വിഷയമേ ഉള്ളു. എന്റെ ജീവിതത്തിൽക്കൂടി യേശുവിനെ പ്രതിബിംബിക്കുക. വേദനിക്കുന്നവരുടെ വേദന കാണുമ്പോൾ ഉള്ള് തകരുന്ന ഒരു ഹൃദയമുണ്ടായിരിക്കുക. പ്രിയപ്പെട്ടവരേ, എത്രയോ പേരാണ് ദുരിതത്തിൽപ്പെട്ട് വലയുന്നത്? എന്തെല്ലാം നമുക്ക് ചെയ്യാൻ സാധിക്കും?

ഇന്ന് എല്ലാവരും വലയുകയാണ്. അനേകം കുടുംബങ്ങൾ എരിപൊരി കൊള്ളുകയാണ്. സ്വസ്ഥതയില്ല. സമാധാനമില്ല. നിങ്ങൾ ഈ സമാധാനദാതാവിനെ കാണിച്ചുകൊടുക്കണം. നമ്മുടെ പെരുമാറ്റത്തിൽക്കൂടി കാണിച്ചുകൊടുക്കണം. നമ്മുടെ ശാന്തതയിൽക്കൂടി, നമ്മുടെ സമാധാനജീവിതത്തിൽ കൂടി അനേകർക്ക് യേശുവിനെ കാണിച്ചുകൊടുക്കണം.

കൊയ്ത്തിനു നിലങ്ങൾ വെളുത്തിരിക്കുന്നു. നിങ്ങൾക്ക് ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. എനിക്ക് എന്ത് ചെയ്യാൻ സാധിക്കും? നിങ്ങൾ ചിന്തിക്കണം. എന്നെക്കൊണ്ട് ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്ന് നിങ്ങൾ ചിന്തിക്കരുത്. എനിക്ക് കഴിവില്ലല്ലോ, എനിക്ക് വിദ്യാഭ്യാസം ഇല്ലല്ലോ. രണ്ട് വാക്ക് പറയാൻപോലും എനിക്ക് കഴിവില്ല. എനിക്ക് വേദവാക്യം ഒന്നും അറിയാൻ പാടില്ല.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഒന്നും അറിയണ്ട. യേശുവിന്റെ തീ നിന്റെ ഉള്ളിൽ കത്തിയാൽ മതി, നീ പ്രവർത്തിക്കാൻ ഓടും. ആ തീയിൽ നീ ജ്വലിക്കും. നിന്റെ ഹൃദയം സ്നേഹം കൊണ്ട് നിറയും. ആ പരിശുദ്ധമായ സ്നേഹം എല്ലാവരിലേക്കും പകരാൻ നിനക്ക് സാധിക്കും.

യേശുക്രിസ്തുവിനെ കൊടുക്കുമ്പോഴുണ്ടാകുന്ന സമാധാനം. ആ സമാധാനം ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് കൊടുക്കാൻ നമുക്ക് സാധിക്കും. ക്രിസ്തുവിനെ കാണിച്ചു കൊടുക്കാൻ സാധിക്കും. ഇന്ന് വേല ധാരാളമുണ്ട്. വേല വലിയതും വിശാലവുമാണെന്നാണ് വേദപുസ്തകം പറയുന്നത്.

നിങ്ങൾ ഓരോരുത്തരും ചിന്തിയ്ക്കണം. എനിക്ക് ഉത്തരവാദിത്വമുണ്ട്. എനിക്ക് കർത്താവിന്റെ വേല ചെയ്യേണ്ട ചുമതലയുണ്ട്. ഞാനതിൽനിന്ന് മാറിനിൽക്കാവുന്നവനല്ല. ഞാൻ വായിച്ചു, 'അഡോണിറാം ജെറ്റ്സൺ' എന്നുപറയുന്ന ഒരു പരിശുദ്ധനായ ദൈവദാസനെക്കുറിച്ച്.

അദ്ദേഹം ഇംഗ്ലണ്ടിൽ നിന്ന് നമ്മുടെ ഭാരതത്തിൽ വന്ന് കുറെക്കാലം താമസിച്ച് സുവിശേഷവേല ചെയ്തു. പിന്നീട് അദ്ദേഹം ബർമ്മയിൽ പോയി, അവിടെ സുവിശേഷവേല ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ഇതിനോടകം മരിച്ചുപോയി. എന്നിട്ടും അദ്ദേഹം ഒട്ടും പുറകോട്ട് മാറിയില്ല. വേല തുടർന്നു കൊണ്ടിരുന്നു.

അദ്ദേഹത്തിന്റെ രണ്ട് മക്കൾക്കും രോഗങ്ങൾ വന്നു.

എന്നിട്ടും അദ്ദേഹം മടുത്തില്ല, വേല തുടർന്നുകൊണ്ടിരുന്നു. നിങ്ങളുടെ ജീവിതത്തിൽ പ്രയാസങ്ങളുണ്ടായി എന്നുവരും. എങ്കിലും നിങ്ങൾക്ക് ക്രിസ്തുവിനെ സാക്ഷിക്കുവാൻ സാധിക്കുമോ? നിങ്ങളുടെ ജീവിതത്തിലെ അശുദ്ധി മാറിപ്പോകും. അലസത മാറിപ്പോകും. നിങ്ങളുടെ ജീവിതത്തിലെ തിന്മകളെല്ലാം മാറിപ്പോകും. കുടുംബത്തിൽ സമാധാനമുണ്ടാകും. നിങ്ങളുടെ ജീവിതത്തിൽ അനവധി അനവധിയായി അനുഗ്രഹങ്ങൾ ലഭിക്കും.

ഞാൻ മാനസാന്തരപ്പെട്ടപ്പോൾ എനിക്കുണ്ടായ ഭാഗ്യം കർത്താവിന്റെ വേല ചെയ്യണമെന്നുള്ള ദാഹമായിരുന്നു. അന്ന് ഞാൻ വേലയ്ക്കൊന്നും ഇറങ്ങിയില്ല. ഞാൻ വേല ചെയ്യുന്നവരുടെ കൂടെ നടന്നു.

അവരുടെ പിറകെ നടന്നു. ഇന്നും ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു. ഒരു സുവിശേഷകന്റെ ബാഗും പിടിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ കൂടെ മൈലുകൾ നടന്നു. എനിക്ക് മടിയൊന്നും തോന്നിയില്ല. ഞാൻ സുവിശേഷകന്മാരെ മാനിച്ചിരുന്നു. ദൈവത്തിന്റെ വേല ചെയ്യുന്നവരെ ആദരിച്ചിരുന്നു.

ഭാഗ്യവശാൽ എന്റെ അമ്മയ്ക്ക് സുവിശേഷകരെ ബഹുമാനമായിരുന്നു. സുവിശേഷകർ പള്ളിയിൽ വന്നാൽ അമ്മ അവരെ വീട്ടിൽ വിളിച്ചുകൊണ്ടുവരും. അവർക്ക് ആഹാരം കൊടുക്കും. അങ്ങനെ ഒരു പശ്ചാത്തലം ഉണ്ടായിരുന്നു. എനിക്കും സുവിശേഷകരെ വലിയ ബഹുമാനമായിരുന്നു.

ഒരവസരത്തിൽ ഒരു സുവിശേഷകൻ ഇവിടെ വന്നിട്ട് അദ്ദേഹം എന്നോട് പറഞ്ഞു: ഞാൻ ഇവിടെ ഒരുമാസം താമസിക്കാൻ ഉദ്ദേശിക്കുകയാണ്. ഞാൻ ഇവിടെയുള്ള വീടുകളിലൊക്കെപ്പോയി സുവിശേഷം പറയാൻ ഉദ്ദേശിക്കുക യാണ്. അദ്ദേഹം എനിക്ക് പരിചയമുള്ള ആളാണ്.

അദ്ദേഹം ഇവിടെ താമസിച്ചു. രാവിലെ പോകും, വൈകുന്നേരം വരും. അദ്ദേഹം ഒരു സ്കൂൾ അദ്ധ്യാപകനായിരുന്നു.

A.K. അബ്രാഹാം സാർ. ക്നാനായസഭയിലുള്ള ഒരു വ്യക്തി. അദ്ദേഹത്തിന്റെ പ്രവർത്തനംകൊണ്ട് പല വീടുകളിലും ഉണർവ്വുണ്ടായി. അദ്ദേഹമാണ് സുവിശേഷവേലയുടെ യഥാർത്ഥമായ സത്തയിലേക്ക് എന്നെ നടത്തിയത്. സുവിശേഷവേലയ്ക്ക് അദ്ദേഹത്തിനുണ്ടായിരുന്ന ദാഹം ഞാനും പതുക്കെപ്പതുക്കെ അനുകരിക്കാൻ തുടങ്ങി.

ഉള്ളകാലം കർത്താവിനുവേണ്ടി അദ്ധ്വാനിക്കൂ. സകല സുഖങ്ങളും മറന്ന്, സകല സന്തോഷങ്ങളും മറന്ന്, ഭൗതികമായ സന്തോഷങ്ങളൊക്കെ മറന്ന് ദൈവവേല ചെയ്യൂ. അന്ന് ചെറുപ്പമായിരുന്നു. ആരോഗ്യമുണ്ടായിരുന്നു. ആരോഗ്യമുള്ള ആ കാലത്ത് കുറെയെല്ലാം വേല ചെയ്യാൻ പറ്റി. വേണ്ടതുപോലെ ചെയ്തു എന്ന് എനിക്ക് തോന്നുന്നില്ല.

അന്ന് വേല ചെയ്തുകൊണ്ടിരുന്നപ്പോഴും എന്റെ അടിമനസ്സിൽ നിന്ന് പല പാപങ്ങളും പോയിട്ടുണ്ടായിരുന്നില്ല. ചിലരോട് ചില നീരസങ്ങൾ അകത്ത് കിടപ്പുണ്ടായിരുന്നു. ചില ഇഷ്ടക്കുറവുകൾ, ചില വാശികൾ, ചിലപ്പോൾ കലശലായ കോപം വരുന്നുണ്ടായിരുന്നു.

ഞാൻ ഇന്ന് ഭയത്തോടെ ഓർക്കുന്നു. ഞാൻ അമ്മയോട് വളരെ കോപിച്ചിട്ടുണ്ട്. അതെല്ലാം ഉള്ളപ്പോഴും ഞാൻ ദൈവത്തിന്റെ വേല ചെയ്തുകൊണ്ടിരുന്നു. ദൈവം കൃപ ചെയ്ത് എനിക്ക് കുറ്റബോധം തന്നു.

ഇങ്ങനെ മുന്നോട്ടുപോയാൽ പറ്റുകയില്ല. ഇതല്ല ക്രിസ്തീയജീവിതം. ക്രിസ്തീയവേല ചെയ്യുന്ന ആൾ മുഴുവൻ സമയവും യേശുക്രിസ്തുവിനോട് ചേർന്ന് നിൽക്കണം. കോപിയ്ക്കാൻ പാടില്ല. ആരോടും നീരസപ്പെടാൻ പാടില്ല. ഉള്ളിൽ ആരോടും ഇഷ്ടക്കുറവ് വരാൻ പാടില്ല. അതെല്ലാം പാപമാണ് എന്ന് എനിക്ക് മനസ്സിലാക്കിത്തന്നു.

ഇന്ന് കർത്താവിന്റെ വേലയ്ക്കുള്ള വിളിയാണ് നിങ്ങൾക്ക് കിട്ടിയിരിക്കുന്നത്. “കടന്നുവന്ന് ഞങ്ങളെ

സഹായിക്ക. അപ്പൊസ്തലനായ പൗലോസിനെ മക്കദോന്യക്കാരനായ പുരുഷൻ വന്ന് വിളിച്ചത് അങ്ങനെയാണ്.

അങ്ങനെയാണ് യൂറോപ്പിലേക്ക് പൗലോസ്ശ്ലീഹ സുവിശേഷവേലയ്ക്കുവേണ്ടി പോയത്. കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓടുക. തന്നെത്താൻ ത്യജിച്ചുകൊണ്ട് ഓടുക. സുഖങ്ങളും സന്തോഷങ്ങളും മറന്നുകൊണ്ട് ഓടുക. ഒറ്റയ്ക്കൊരു ലക്ഷ്യം മാത്രം. ഇക്കരെനിന്ന് അക്കരയിലേക്ക് ചെല്ലുമ്പോൾ "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്നുള്ള ഒരു വിളി കേൾക്കണം.

ഈ എൺപത്തിരണ്ടാം വയസ്സിലും എനിക്ക് ദൈവത്തിന്റെ വേല ചെയ്യുന്നതിൽ ഉത്സാഹമാണ്. ഇന്നും ഞാൻ ചിന്തിക്കുന്ന കാര്യം ഞാനൊരു പൂർണ്ണ വിശുദ്ധനായി നിന്നില്ലല്ലോ. ഒരു സമ്പൂർണ്ണ വിശുദ്ധിയിൽ നിന്ന് കർത്താവിന്റെ വേല ചെയ്തില്ലല്ലോ. ലോകസ്നേഹവും ലോകത്തോടുള്ള പറ്റുമാനവും ഇന്നും ഉണ്ടല്ലോ. ഓരോന്നോരോന്ന് ചിന്തിക്കുന്തോറും ഞാൻ താഴുകയാണ്. വിനയപ്പെടുകയാണ്. ഞാനും തികഞ്ഞവനായിട്ടില്ല.

ഈ ഓട്ടം പൂർത്തീകരിക്കണം. പുത്തനാമെരൂശലേമിന്റെ ആ സ്വർണ്ണത്തെരുവീഥിയിൽ എത്തണം. പളുങ്കു കടൽത്തീരത്ത് എത്തി രാജാധിരാജന്റെ തിരുമുഖശോഭ കണ്ട് ആനന്ദിക്കണം. സ്നേഹവാനായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുകയാണ്.

വരുമോ, നിങ്ങൾ കർത്താവിന്റെ വേലയ്ക്ക്. യേശുവിന്റെ പ്രതിനിധികളായി നിൽക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? യേശുവിന്റെ പ്രതിനിധികളായി നിൽക്കുക.

## പതിനൊന്ന്

*"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കയും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. അവൾ ദാസനോട്: വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആരെന്ന് ചോദിച്ചതിന് എന്റെ യജമാനൻ തന്നേ എന്ന് ദാസൻ പറഞ്ഞു."*

*ഉല്പത്തി 24 : 63 – 65*

അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക് യുവാവായി, വിവാഹപ്രായമായി. അബ്രാഹാം തന്റെ ദാസനായ എല്യേസറിനോട് പറഞ്ഞു: നീ ഒരു കാര്യം ചെയ്യണം. ഈ ദേശത്തുനിന്ന് എന്റെ മകന് ഒരു ഭാര്യയെ എടുക്കാതെ ഞാൻ വിട്ടുപോന്ന ദേശത്തേക്ക് പോയി അവിടെനിന്ന് എന്റെ മകന് ഒരു ഭാര്യയെ നീ കണ്ടെത്തിക്കൊണ്ട് വരണം. ദൈവം നിന്നെ നടത്തിക്കൊള്ളും.

എല്യേസർ 600 നാഴിക ദൂരെ ഹാരാനിൽ ബെഥൂവേലിന്റെ മകൾ ലാബാന്റെ സഹോദരിയായ റിബെക്കയെ കണ്ടെത്തി. ബെഥൂവേൽ അബ്രാഹാമിന്റെ സഹോദരപുത്രനാണ്. ദാസൻ അവിടെ എത്തിയപ്പോൾതന്നെ റിബെക്കയെ കണ്ടു. റിബെക്ക വളരെ സ്നേഹത്തോടെ എല്യേസറുമായി സംസാരിച്ചു.

എല്യേസറിന് കണ്ടപ്പോൾ തന്നെ മനസ്സിലായി, ഇതാണ് എന്റെ യജമാനന്റെ മണവാട്ടി. അവൻ കൈയിലിടാൻ വളകൾ

കൊടുത്തു, മോതിരം കൊടുത്തു, വസ്ത്രങ്ങൾ കൊടുത്തു. പെട്ടെന്ന് പെട്ടെന്ന് എല്ലാം കഴിഞ്ഞു.

കർത്താവായ യേശുക്രിസ്തുവിന് ഒരു മണവാട്ടിസഭയെ ഒരുക്കുവാൻ പിതാവായ ദൈവം പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചിരിക്കുകയാണ്. യിസ്ഹാക്കിനോട് ഉപമിച്ച് കർത്താവായ യേശുക്രിസ്തുവിനേയും റിബെക്കയോട് ഉപമിച്ച് മണവാട്ടിയേയും വർണ്ണിക്കുന്ന മനോഹരമായ ഗീതങ്ങൾ നമ്മുടെ വിവാഹശുശ്രൂഷയിലുണ്ട്. നിങ്ങൾ ഒരു പക്ഷേ കേട്ടിട്ടുണ്ടാകും.

റഫ്ക്കെയൊടിസഹാക്കിനെ വാഴ്ത്തിയ ദൈവം തൻ
ബഹുകൃപയാലീ ദാസരെ വാഴ്ത്തട്ടെ ദേവാ കൃപ
ചെയ്തീടണമേ

സുന്ദരികളിലതി സുന്ദരി നീ–ജാതികളിൻ സൂ–നൂ!
നൃപതി ശലോമോൻ വിമലസഭേ!–നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ–മധുവർഷിക്കുന്നു.
വസന സുഗന്ധം– നീസാൻ കുസുമസമം
സഭയേ! സകലവിധം സുമുഖീ–നീ കറതീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ–രാജാവാം മശിഹാ!
ഹാലേലുയ്യാ–കാക്കുന്നു നിന്നെ

നീ സുന്ദരിയാണ് എന്നുപറയുന്നത് സഭയെ ഉദ്ദേശിച്ചാണ്. മണവാളനായ യേശുക്രിസ്തുവിന്റെ മണവാട്ടിയായ വിശുദ്ധ സഭയ്ക്കുവേണ്ടി കർത്താവായ യേശുക്രിസ്തു അണിയിച്ചൊരുക്കുന്ന സ്വർഗ്ഗീയമായ വിധങ്ങൾ എല്ലാം വർണ്ണിക്കുകയാണ് ആ ഗീതത്തിൽ.

തേനിലും തേൻകട്ടയിലും മധുരമായ വചനങ്ങളാണ് സഭയുടെ നാവിൽനിന്ന് വരുന്നത്. ഇന്ന് നാം കാണുന്ന ദൃശ്യസഭകളെ ഉദ്ദേശിച്ചല്ല പറയുന്നത്. ഓരോ സഭയിലും മണവാട്ടിയായി രൂപപ്പെടുന്ന ചില ആളുകളുണ്ട്.

അവർ കറ തീണ്ടാത്തവരായിരിക്കും. കറ വന്നുപോയോ, ആ കറ കഴുകി കിട്ടിയവരായിരിക്കും. നീ കറ തീണ്ടാത്തോൾ. നിന്റെ വസ്ത്രത്തിന് ശാരോനിലെ പനിനീർപുഷ്പത്തിന്റെ ശോഭയും വാസനയുമുണ്ട്. നിന്റെ അധരങ്ങൾ മധു വർഷിക്കുന്നു. നിന്റെ വായിൽനിന്ന് തേനൂറുന്ന വാക്കുകൾ - വചനം - വരുന്നു.

സഭയുടെ ഗുണങ്ങളാണ് പറയുന്നത്. നാം ക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള യോഗ്യതയുള്ളവരാണോ?

> *"ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു."* *2 കൊരിന്ത്യർ 11 : 2*

ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മലകന്യകയായി ഏൽപിപ്പാൻ വിവാഹനിശ്ചയം ചെയ്യപ്പെട്ടവളാണ് വാസ്തവത്തിൽ സത്യസഭ. യാക്കോബായ സഭയിൽ ഇങ്ങനെയുള്ള ആളുകൾ കാണുമായിരിക്കും. മർത്തോമാസഭയിൽ കാണുമായിരിക്കും. സഭകൾ തമ്മിൽ ചില പ്രത്യേക കാര്യങ്ങളിൽ വ്യത്യാസം കാണുമായിരിക്കും. ആശയത്തിൽ തെറ്റില്ല.

നാം ക്രിസ്തുവിന്റെ മണവാട്ടിയായി മാറണമെങ്കിൽ കറതീണ്ടാത്തവരായി നിൽക്കണം. വിവാഹശുശ്രൂഷയുടെ അവസാനം മണവാട്ടി കരയുകയാണ്. കേണ് പറയുകയാണ്:

ഏദൻതോട്ടം നട്ടോനേ!
നീയാണെൻ യുവമണവാളൻ
നിൻതോട്ടത്തീന്നെൻപേർക്കായ്
വീശിച്ചീടുക കുളിർ തെന്നൽ

നാഥാ! ദൂരെപ്പോകരുതേ
ഈയുള്ളോളെത്തള്ളരുതേ
മാനിപ്പാൻ മടികാണിച്ചാൽ
ക്ഷീണിച്ചയ്യോ ഞാൻ ചാവും

നാളും മാസവുമാണ്ടും ഞാൻ
പാപപ്പാഴിരുളിൽ പോക്കി
നിൻജീവധ്വനി കേട്ടപ്പോൾ
കണ്ണുതെളിഞ്ഞാനന്ദിച്ചേൻ

മണവാട്ടി പറയുകയാണ്: ഞാൻ നാളുകളും മാസങ്ങളും ആണ്ടുകളും പാപത്തിന്റെ പാഴിരുളിൽ പോക്കിയവളാണ്. ഞാൻ പാപിയാണ്. എന്നാൽ ഒരു ദിവസം ഞാൻ നിന്റെ ജീവധ്വനി കേട്ടു. അപ്പോൾ എന്റെ കണ്ണ് തെളിഞ്ഞു. ഞാൻ ആനന്ദിച്ചു.

നാം ക്രിസ്തുവിന്റെ മണവാട്ടിയാകാൻ വിളിക്കപ്പെട്ടവരാണ്. വാസ്തവത്തിൽ നാം അത് വിശ്വസിക്കുന്നു എങ്കിൽ കറ തീണ്ടാത്തവരായി, പാപമില്ലാത്തവരായി നിൽക്കണം. പുറമേയുള്ള പാപങ്ങൾ മാത്രമല്ല, മദ്യപാനം, കഞ്ചാവ്, മയക്കുമരുന്ന്, വഴക്ക്, പിണക്കം, ഇഷ്ടക്കേട്, മുഷിച്ചിൽ, വൈരാഗ്യം, പക, വിദ്വേഷം ഇവയൊന്നും പാടില്ല.

മാതാപിതാക്കളെ അനുസരിക്കണം. ഭാര്യ ഭർത്താവിന് കീഴ്പ്പെടണം. ഭർത്താവ് ഭാര്യയെ സ്നേഹിക്കണം, ഭാര്യയെ ബഹുമാനിക്കണം. ഇതെല്ലാം വചനത്തിൽ പറയുന്ന കാര്യങ്ങളാണ്. അനുഗൃഹീതമായ കുടുംബങ്ങളായിത്തീരണം.

സഭ ഏകവും വിശുദ്ധവുമാണ്. ആ സഭയിൽ കളങ്കം പാടില്ല. ആ സഭയിലെ വ്യക്തികൾക്ക് അത്യാഗ്രഹം പാടില്ല. ദുർമോഹം പാടില്ല. അഹങ്കാരം പാടില്ല. സ്വാർത്ഥത പാടില്ല. അവിടെ വഴക്കില്ല, പിണക്കമില്ല. റിബെക്ക കറ തീണ്ടാത്തവളായിരുന്നു. വേദപുസ്തകം പറയുന്നുണ്ട്:

*"ബാല അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു." ഉല്പത്തി 24 : 16*

റിബെക്ക അഴുക്ക് തൊടാത്തവളായിരുന്നു. അശുദ്ധി പറ്റാത്തവളായിരുന്നു. കുട്ടികളായിരിക്കുമ്പോൾ തന്നെ നാം മാനസാന്തരപ്പെട്ട് ദൈവത്തിന്റെ വകയായിത്തീർന്നാൽ

അശുദ്ധി വരാതിരിക്കും. ദുശ്ശീലങ്ങൾ പഠിക്കാതിരിക്കും. ദുഷ്ടസ്വഭാവങ്ങൾ ഇല്ലാതിരിക്കും. അതുകൊണ്ട് നമ്മുടെ കുട്ടികളെ ബാല്യത്തിൽതന്നെ ആത്മീയം അഭ്യസിപ്പിക്കണം.

മാതാപിതാക്കൾക്കില്ലാത്തത് മക്കൾക്ക് കൊടുക്കാൻ സാധിക്കയില്ല. മാതാപിതാക്കൾ വിശുദ്ധിയുള്ളവരായിരിക്കണം. എന്നാൽ നമ്മിൽ പലരും കറയുള്ളവരാണ്. അശുദ്ധിയുള്ള വരാണ്. പല കുടുംബങ്ങളിലും സമാധാനമില്ല. ഐക്യമില്ല. ഒരുമനസ്സില്ല. പലരുടേയും ഹൃദയം വിങ്ങിക്കൊണ്ടിരിക്കുന്നു.

നീരസം പുകഞ്ഞുകൊണ്ടിരിക്കുന്നു. മനസ്സിൽ ഇഷ്ട ക്കേടും മുഷിച്ചിലും വളർന്നുകൊണ്ടിരിക്കുന്നു. ചിലപ്പോൾ പൊട്ടിത്തെറിക്കും. പല കുടുംബങ്ങളിലും സ്വൈര്യം നഷ്ട പ്പെട്ടിരിക്കുന്നു.

നിങ്ങൾ ചിന്തിച്ചുനോക്കണം. എന്റെ കണ്ണ് വിശുദ്ധമായ നോട്ടമുള്ള കണ്ണാണോ? ഈ കണ്ണ് ആർദ്രതയുള്ള കണ്ണുകളാ കേണ്ടതാണ്. ഈ കണ്ണ് യേശുവിന്റെ സ്നേഹമുള്ള കണ്ണായിരിക്കേണ്ടതാണ്. യേശുവിന്റെ വാത്സല്യമുള്ള കണ്ണായിരിക്കേണ്ടതാണ്.

എന്റെ നോട്ടം ചൊവ്വുള്ളതാണോ? അശുദ്ധ ചിത്രങ്ങൾ കാണാറുണ്ടോ? അശുദ്ധമായ പടങ്ങൾ കാണാൻ ആഗ്രഹി ക്കുന്നുണ്ടോ? നമ്മുടെ നാവിൽ ശാപവാക്കുകൾ വന്നിട്ടില്ലേ? പ്രാകുന്ന വാക്കുകൾ വന്നിട്ടില്ലേ? കോപിക്കുന്ന വാക്കുകൾ പറഞ്ഞിട്ടില്ലേ? ചിലരെക്കുറിച്ച് ദൂഷണം പറഞ്ഞിട്ടില്ലേ?

യേശുവിനെ സ്തുതിക്കാനുള്ളതാണ് നാവ്. യേശുവിനു വേണ്ടി സംസാരിക്കാനുള്ളതാണ് നാവ്. അങ്ങനെ ഓരോന്നോ രോന്ന് നാം നോക്കണം. ഞാൻ കുരിശുവരക്കുന്ന ഈ കൈകൾ വാസ്തവത്തിൽ നിർമ്മലമാണോ? ഈ കൈകൾ ആരെയെങ്കിലും ഉപദ്രവിച്ചിട്ടുണ്ടോ?

ഞാൻ സെന്റ് പീറ്റേഴ്സ് കോളേജിലെ പ്രിൻസിപ്പൽ ആയിരുന്നപ്പോൾ അവിടെ ആരും കാണാൻ പാടില്ലാത്ത ഒരു

confidential file ഉണ്ട്. ഓരോ അദ്ധ്യാപകനെക്കുറിച്ചുമുള്ള comments എഴുതിയിരിക്കുന്നതാണ്. അത് അദ്ധ്യാപകരെ കാണിക്കില്ല. എനിക്ക് തന്നിരിക്കുന്ന സ്വാതന്ത്ര്യം ഉപയോഗിച്ച് വേണമെങ്കിൽ എഴുതാം. പക്ഷേ ഞാൻ ആരെക്കുറിച്ചും തെറ്റായി ഒന്നും എഴുതിയില്ല. എന്നെ ദ്വേഷിച്ച അദ്ധ്യാപകരുണ്ടായിരുന്നു. പക്ഷേ, ആരെക്കുറിച്ചും ഒന്നും എഴുതിയിട്ട് പോന്നില്ല. നമ്മുടെ നാവ്, നമ്മുടെ കൈകൾ, നമ്മുടെ കണ്ണ്, നമ്മുടെ ഓരോ അവയവവും വിശുദ്ധമായിരിക്കണം.

റിബെക്ക അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു. റിബെക്കയെയും കൂട്ടിക്കൊണ്ട് എല്യേസർ വരികയാണ്. ഒട്ടകപ്പുറത്ത് ഒരു വലിയ സംഘമായിട്ടാണ് പോകുന്നത്. ഇടയ്ക്കിടയ്ക്ക് റിബെക്ക എല്യേസറിനോട് ചോദിക്കും. ക്ഷീണിക്കുമ്പോൾ ചോദിക്കും: ഇനി എത്ര ദൂരമുണ്ട്? “ഓ, ഇല്ല. ഇനി കുറച്ചുകൂടി പോയാൽ മതി.” എല്യേസർ പറയും. റിബെക്കയുടെ ക്ഷീണം മാറുന്നതങ്ങനെയാണ്. എല്യേസർ യിസ്ഹാക്കിന്റെ കാര്യം വർണ്ണിച്ചു കേൾപ്പിച്ചുകൊണ്ടിരിക്കും.

യിസ്ഹാക്കിന്റെ അനുസരണം. അപ്പൻ പറഞ്ഞപ്പോൾ കൈനീട്ടി കൊടുത്തത്. യാഗം കഴിക്കാൻ തന്നെത്തന്നെ വിധേയപ്പെടുത്തിക്കൊടുത്തത്. അപ്പനെ അനുസരിക്കുന്ന ഒരു നല്ല മോൻ. നല്ല സ്വഭാവശുദ്ധിയുള്ള ഒരു ചെറുപ്പക്കാരൻ.

റിബെക്ക ഇതെല്ലാം കേട്ട് പുളകംകൊണ്ടിരിക്കുകയാണ്. യിസ്ഹാക്കിനെ നേരിട്ട് കണ്ടിട്ടില്ല. എല്യേസർ പറയുന്ന വർണ്ണനകളേ കേട്ടിട്ടുള്ളൂ. പ്രിയപ്പെട്ടവരേ, നാം കർത്താവായ യേശുവിനെ നേരിട്ട് കണ്ടിട്ടില്ല. പക്ഷേ, പരിശുദ്ധാത്മാവ് തരുന്ന വർണ്ണനകൾ കേട്ടുകൊണ്ട് നാം കർത്താവായ യേശുവിനോടുള്ള സ്നേഹത്തിൽ നിറഞ്ഞ് നിറഞ്ഞ് വരികയാണ്.

പരിശുദ്ധാത്മാവിന്റെ വർണ്ണനകൾ! യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകൾ! എല്ലാ വർണ്ണനകളും കേട്ടുകൊണ്ട്

റിബെക്ക സഞ്ചരിക്കുകയാണ്. 600 നാഴിക ദൂരം നിസ്സാരമല്ല. റിബെക്ക ഇടയ്ക്ക് തളരുന്നു. അപ്പോൾ എല്യേസറിന്റെ വാക്കുകൾ അവർക്ക് ധൈര്യം കൊടുക്കുന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ തളർച്ച വരുമ്പോൾ പരിശുദ്ധാത്മാവിന്റെ വചനം നിന്റെ തളർച്ച മാറ്റും. നിങ്ങൾ വാടി തളർന്നിരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വചനം നിങ്ങൾക്ക് ധൈര്യം തരും. നിങ്ങൾ രോഗിയായി വിഷമിച്ച് കിടക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വചനം നിങ്ങൾക്ക് ധൈര്യം തരും. നിങ്ങൾക്ക് സൗഖ്യം തരും. നിങ്ങൾ വിശ്വസിക്കൂ.

സത്യമായും ഒരു ദൈവം ജീവിക്കുന്നുണ്ട്.

എല്യേസർ പറയുന്ന വർണ്ണനകൾ കേട്ടുകൊണ്ട് റിബെക്ക യാത്രചെയ്തു. കുറേയങ്ങ് ചെന്നപ്പോഴുണ്ട് യിസ്ഹാക്ക് കൂടാരത്തിൽ നിന്നിറങ്ങി വെളിമ്പ്രദേശത്ത് വന്ന് നിൽക്കുന്നു. റിബെക്ക ചോദിച്ചു: വെളിമ്പ്രദേശത്ത് നിൽക്കുന്നതാരാണ്? എല്യേസർ പറഞ്ഞു: മോളേ, ഇത്രയും ദിവസം നീ യാത്രചെയ്ത് ക്ലേശിച്ച് വന്നത് ആർക്കുവേണ്ടിയാണോ, ആ നിന്റെ മണവാളനായ യിസ്ഹാക്കാണ് അവിടെ വെളിമ്പ്രദേശത്ത് നമ്മെ കാത്തുനിൽക്കുന്നത്.

യിസ്ഹാക്ക് തലപൊക്കി നോക്കി. ഒട്ടകങ്ങൾ വരുന്നത് കണ്ടു. റിബെക്കയും തലപൊക്കി നോക്കി. ഒരു പുരുഷൻ നിൽക്കുന്നത് കണ്ടു: "ആരാണത്?" "അത്, എന്റെ യജമാനൻ തന്നെ."

സഹോദരങ്ങളേ, കർത്താവായ യേശു വീണ്ടും വരും. അവൻ സ്വർഗ്ഗീയകൂടാരത്തിൽനിന്ന് ഈ ഭൂമിയിലേക്കിറങ്ങി വരും. മദ്ധ്യാകാശംവരെ വരും. കൂടാരത്തിൽനിന്ന് വെളിമ്പ്രദേശത്ത് വന്ന് നിൽക്കും. ഇവിടെനിന്ന് പരിശുദ്ധാത്മാവ് ഒരുക്കിക്കൊണ്ട് വരുന്ന സഭ മദ്ധ്യാകാശത്തിലേക്ക് പറന്നുയരും.

നിങ്ങൾ ആ കൂട്ടത്തിൽ കാണുമോ? കർത്താവായ

യേശുക്രിസ്തു മദ്ധ്യാകാശം വരെ വരുമ്പോൾ അങ്ങോട്ട് പറന്നു ചെല്ലുന്ന വിശുദ്ധന്മാരുടെ നിരയിൽ മകളേ, നീ കാണുമോ? അതിന് തക്കവണ്ണം നീ ഒരുങ്ങിയോ?

ഇല്ലെങ്കിൽ ഇന്ന് ഒരുങ്ങാനുള്ള ദിവസമാണ്. ഇന്ന് നിനക്ക് രക്ഷപ്പെടാനുള്ള ദിവസമാണ്. കർത്താവായ യേശു വീണ്ടും വരും. യേശുവിന്റെ ഒന്നാമത്തെ വരവ് പാപികളെ വിശുദ്ധരാക്കാനാണ്. എന്നാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വിശുദ്ധന്മാരെ മാത്രം കൂട്ടിച്ചേർക്കാനാണ്.

വിശുദ്ധന്മാർ പറന്നുയരുന്ന ആ മഹൽസൗഭാഗ്യത്തിൽ നിങ്ങൾക്ക് പങ്ക് വേണമോ? വെളിമ്പ്രദേശത്ത് യേശു നമ്മെ എതിരേറ്റു വരും. മദ്ധ്യാകാശത്തിൽ വരും.

അന്ന് യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ, വാങ്ങിപ്പോയവർ ഉയിർത്തെഴുന്നേറ്റ് പറക്കും. എല്ലാ കല്ലറയും തുറക്കുകയില്ല. വിശുദ്ധന്മാരുടെ കല്ലറ തുറക്കും. വാങ്ങിപ്പോയ വിശുദ്ധന്മാർ മാത്രം പറന്നുയരും.

അപ്പോൾ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ മാത്രം രൂപാന്തരം പ്രാപിച്ച് പറക്കും. എല്ലാ മനുഷ്യരും പറക്കുകയില്ല.

> *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."*
>
> *1 തെസ്സലൊനീക്യർ 4 : 16, 17*

കർത്താവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ,

കർത്താവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചവർ മാത്രം പറന്നുയരും. അപ്പോൾ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ, അവർ മരിക്കയില്ല. പെട്ടെന്ന് രൂപാന്തരം പ്രാപിക്കും. അവരും പറന്നുയരും.

ഇന്ന് ഒരുമിച്ച് വളരുകയാണ്. ഒരുമിച്ച് ഒരു വീട്ടിൽ കഴിയുകയാണ്. ഒരുമിച്ച് ഒരു പന്തലിൽ പ്രസംഗിക്കുകയാണ്. ഒരുമിച്ച് ഒരു കൂട്ടായ്മയിൽ നടക്കുകയാണ്. എന്നാൽ ഒരാൾ സ്വീകരിക്കപ്പെടും. മറ്റേ ആൾ ഉപേക്ഷിക്കപ്പെടും.

എന്നാൽ എന്തുവേണം? ജീവിതം സമർപ്പിക്കുക: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. വേറെ ഒന്നും വേണ്ട. എന്റെ കാര്യങ്ങളൊക്കെ നോക്കാൻ നീ ശക്തനാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ആകുലം മാറ്റാൻ നീ ശക്തനാണെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ അപകർഷതാബോധം മാറ്റാൻ നീ ശക്തനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനിതാ തിരുമുമ്പാകെ എന്നെ താഴ്ത്തുന്നു.

യിസ്ഹാക്ക് തലപൊക്കി നോക്കി. റിബെക്കയും തലപൊക്കി നോക്കി. തലപൊക്കി നോക്കുക. ഇനിയും തളർന്നിരിക്കണ്ട. ഇനിയും മ്ലാനവദനരായി ഇരിക്കണ്ട. നിങ്ങൾക്കൊരു നാഥനുണ്ട്. നിങ്ങൾക്കൊരു രക്ഷകർത്താവുണ്ട്. നിങ്ങൾക്കൊരു ഉടമസ്ഥനുണ്ട്. നിന്നെ സഹായിക്കാൻ യേശുവുണ്ട്. കർത്താവായ യേശു ജീവിക്കുന്നു.

## പന്ത്രണ്ട്

*"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിയ്ക്കാൻ വെളിമ്പ്രദേശത്ത് പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നത് കണ്ടു. റിബെക്കായും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. അവൾ ദാസനോട്: വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റ് വരുന്ന പുരുഷൻ ആരെന്നു ചോദിച്ചതിന് എന്റെ യജമാനൻ തന്നേ എന്ന് ദാസൻ പറഞ്ഞു."*

*ഉല്പത്തി 24 : 63 – 65*

കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഒരു വേദഭാഗമാണിത്. യിസ്ഹാക്ക് കൂടാരത്തിൽ നിന്നിറങ്ങി വെളിമ്പ്രദേശത്തേയ്ക്ക് വന്നു. ദാസനായ എല്യേസർ പോയിട്ട് കുറെ ദിവസങ്ങളായി. യിസ്ഹാക്കിന് ഒരു മണവാട്ടിയെ തേടിയാണ് എല്യേസർ പോയിരിക്കുന്നത്.

യിസ്ഹാക്ക് വെളിമ്പ്രദേശത്ത് ഇറങ്ങി തലപൊക്കി നോക്കിയപ്പോൾ ദൂരെ നിന്ന് മരുപ്പറമ്പിൽ കൂടി ഒട്ടകങ്ങൾ നിരനിരയായി വരുന്നു.

രാജാധിരാജാവായ മശിഹാതമ്പുരാന്റെ അടുക്കലേക്ക് അനേകരെ ആനയിക്കുന്ന ഒട്ടകങ്ങളാണ് നാമോരോരുത്തരും. അനേകരെ ആനയിക്കേണ്ടവരാണ് നാം. റിബെക്ക എല്യേസറിന്റെ വർണ്ണനകൾ മാത്രമേ കേട്ടിട്ടുള്ളൂ, യിസ്ഹാക്കിനെ നേരിട്ട് കണ്ടിട്ടില്ല. അബ്രാഹാമിനെ കണ്ടിട്ടില്ല.

എല്യേസർ പറഞ്ഞ വർണ്ണനകൾ കേട്ട് വിശ്വസിച്ച് അവൾ പുറപ്പെട്ടു. ഇന്ന് പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന് മണവാട്ടി സഭയെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അത് ദൃശ്യസഭകളൊന്നുമല്ല. ഇതിലെല്ലാറ്റിലുമുണ്ട് വിശുദ്ധന്മാരുടെ ഒരു കൂട്ടം.

എല്ലാ സമുദായങ്ങളിലും വിശുദ്ധന്മാരുടെ ഒരു കൂട്ടമുണ്ട്. അതുകൊണ്ട് ഞാൻ എല്ലാ സഭകളേയും ആദരിക്കുന്നു. എല്ലാ സഭകളിലും വിശുദ്ധന്മാരുണ്ട്. ആരും ആരേക്കാൾ ഭേദമല്ല. ആരും ആരേക്കാൾ മോശവുമല്ല. ക്രിസ്തു കേന്ദ്രമാണോ, നാമെല്ലാം ദൈവത്തിന്റെ മക്കളാണ്. ക്രിസ്തുവായിരിക്കണം നമ്മുടെ ലക്ഷ്യം.

ഇതൊരു ഭാഗ്യകരമായ അനുഭവമാണ്. യേശുക്രിസ്തു ലക്ഷ്യമായ ജീവിതം! യേശുക്രിസ്തുവിനെ കാത്തിരിക്കുന്ന ജീവിതം! യേശുക്രിസ്തുവിനെ ധ്യാനിക്കുന്ന ഒരു ജീവിതം! ആ സ്നേഹസ്വരൂപനായ ക്രിസ്തുവിന്റെ അരികിലേക്ക് പോകുവാനുള്ള ദാഹം. മരണയോർദ്ദാൻ കടന്ന് അപ്പുറത്തേക്ക് ചെല്ലുമ്പോൾ അവിടെ ഇരുകരവും നീട്ടി നിൽക്കുന്ന യേശുവിനെ കാണുന്നു.

എന്തൊരത്ഭുതം! സ്നേഹത്തോടെ നമ്മെ എതിരേൽക്കാൻ നിൽക്കുന്ന ക്രിസ്തുവിനെ നാം കാണുന്നു. ഇതെല്ലാം സംഭവിക്കാൻപോകുന്ന കാര്യങ്ങളാണ്. പ്രിയപ്പെട്ടവരേ, ഇന്ന് ഇവിടെ ദുരിതമുണ്ട്, യാതനയുണ്ട്, വേദനയുണ്ട്. പക്ഷേ, എല്ലാ ക്ലേശങ്ങളും തീരും.

റിബെക്ക ഒട്ടകപ്പുറത്താണ് യാത്ര ചെയ്യുന്നത്. ഉഷ്ണക്കാറ്റുകൾ! ചുട്ടുപഴുത്ത മണലിൽ നിന്ന് ആവി പൊങ്ങിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം സഹിച്ച് ക്ഷീണിച്ച് അവശയായി റിബെക്ക വരികയാണ്. ആശ്വാസം ഒന്നേയുള്ളൂ, എല്യേസർ പറയുന്ന വാക്കുകൾ.

ഇടയ്ക്കിടയ്ക്ക് എല്യേസർ യിസ്ഹാക്കിനെക്കുറിച്ച്

വർണ്ണിയ്ക്കും. യിസ്ഹാക്കിന്റെ വർണ്ണനകൾ കേൾക്കുമ്പോൾ ക്ഷീണം മറക്കും. യേശുക്രിസ്തുവിനെക്കുറിച്ച് കേൾക്കുമ്പോൾ ക്ഷീണം മറക്കും. തിരുവചനം വായിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങൾക്ക് ഒരു പൊറുതി കിട്ടുന്നതുപോലെ തോന്നും.

ഭാരങ്ങൾ മാറും. രോഗങ്ങൾ മാറും. യേശുക്രിസ്തുവിന്റെ വചനം! എല്യേസർ തരുന്ന വചനം! എല്യേസർ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. പരിശുദ്ധാത്മാവ് തരുന്ന വചനം വായിക്കുമ്പോൾ നമ്മുടെ ഉള്ള് കുളിർക്കും. ഭാരമേറിയ ചുമട് ചുമന്ന് വന്നെങ്കിലും വചനം വായിക്കുമ്പോൾ നമ്മുടെ ചുമട് എവിടെ പോയെന്നറിയില്ല.

എത്രയോ ഭാരമേറിയ ചുമടും ചുമന്നാണ് ഓരോരുത്തരും വരുന്നത്! എന്തുമാത്രം പ്രതിസന്ധികൾ! നിങ്ങൾ ഓരോരുത്തരും അനുഭവിക്കുന്ന യാതനകൾ നിങ്ങൾക്കറിയാമല്ലോ. ഈ ഭൂമിയിൽ ജീവിക്കുന്നത് എത്ര ക്ലേശകരമാണ്! പാട്ടുകാരൻ പാടിയതുപോലെ:

ഭൂമിയിൽ ഓർക്കുകിൽ എന്തൊരു സാധ്യം
സങ്കടം മാത്രമീ ലോകസമ്പാദ്യം
ലോകമത്യുൽക്കട സങ്കടക്കടലിൽ
താഴുകിൽ താൻ മതി ജീവിതപ്പടകിൽ
യേശു മതി മനമേ ദിനവും.

റിബെക്കയുടെ ശരീരത്തിൽ ചുട്ടുപഴുത്ത മണൽത്തരികൾ പതിക്കുന്നു. റിബെക്കയ്ക്ക് മൂടുപടമുണ്ട്. എങ്കിലും റിബെക്ക ക്ഷീണിതയായിരിക്കുന്നു. റിബെക്ക ഇടയ്ക്ക് വെള്ളം കുടിക്കും. എന്നിട്ട് എല്യേസറിനോട് ചോദിക്കും: “എത്താറായോ?” എല്യേസർ പറയും: “നമ്മൾ താമസിക്കാതെ ചെല്ലും. കുറെക്കൂടി പോകണം.”

കുറെക്കൂടി നീ സഹിച്ചേ പറ്റൂ. കുറെക്കൂടി നീ വഹിച്ചേ പറ്റൂ. കുറെക്കൂടി നീ അനുഭവിച്ചേ പറ്റൂ. പിന്നെ എല്യേസർ യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകളാണ്. അപ്പോൾ

റിബെക്ക ക്ഷീണം മറക്കും. എല്യേസർ യിസ്ഹാക്കിന്റെ ഓരോരോ കാര്യങ്ങൾ വർണ്ണിച്ച് കേൾപ്പിക്കും. യിസ്ഹാക്കിന്റെ സ്വഭാവമേന്മകൾ, അപ്പനോടുള്ള അനുസരണം, അമ്മയോടുള്ള വിധേയത്വം, വീട്ടിലാകെ സന്തോഷം. ഇതെല്ലാം വർണ്ണിച്ച് കേൾപ്പിക്കുമ്പോൾ അവൾ ക്ഷീണം മറക്കും. കുറച്ചുകഴിയുമ്പോൾ റിബെക്ക വീണ്ടും ചോദിക്കും: ഇനി എത്ര ദൂരമുണ്ട്?

നിങ്ങൾ ചിന്തിക്കാറുണ്ടോ? എന്റെ ലക്ഷ്യസ്ഥാനത്തെത്താൻ എത്ര ദൂരമുണ്ട്? മരണയോർദ്ദാൻ കടക്കാൻ ഇനി എത്ര ദൂരം? ഈ മൂക്കിലെ ജീവശ്വാസം തീരാൻ ഇനി എത്ര നേരം? മണവാളനെ കാണാൻ ഇനി എത്ര ദൂരമുണ്ട്?

മണവാളൻ വൈകുന്നേരമായപ്പോൾ വെളിമ്പ്രദേശത്തേക്ക് ഇറങ്ങിവന്നു. കാലത്തിന്റെ വൈകുന്നേരസമയം വന്നിരിക്കുകയാണ്. തീരാൻ പോകുകയാണ്. അസ്തമിക്കാൻ പോകുകയാണ്.

> *"ഇത് ചെയ്യേണ്ടത് ഉറക്കത്തിൽ നിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽതന്നേ; നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്."*
>
> *റോമർ 13 : 11 – 14*

കർത്താവ് പറഞ്ഞു: ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. കാലംതീരാൻ പോകുകയാണ്. കാലത്തിന്റെ വൈകുന്നേരമാകാൻപോകുന്നു. സൂര്യൻ അസ്തമിക്കാൻ പോകുന്നു. യിസ്ഹാക്കിതാ വെളിമ്പ്രദേശത്തേക്ക് ഇറങ്ങി വന്നിരിക്കുന്നു. യിസ്ഹാക്ക് തലപൊക്കി നോക്കുന്നു.

അപ്പോഴുണ്ട് ദൂരെദൂരെ ഒട്ടകങ്ങൾ വരുന്നത് കണ്ടു. പെൺകുട്ടിയും കണ്ടു, ഒരു ചെറുപ്പക്കാരൻ വന്ന് നിൽക്കുന്നു. എല്യേസറിനോട് ചോദിച്ചു: "വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റുനിൽക്കുന്ന പുരുഷൻ ആരാണ്?" എല്യേസർ പറഞ്ഞു: ആ ആളുടെ അരികിലേയ്ക്കാണ് നിന്നെ കൊണ്ടു പോകുന്നത്. ആ ആളുടെ മണവാട്ടി ആകാനാണ് നീ പോകുന്നത്. നീ ഭാഗ്യവതിയാണ്. നിന്റെ അപ്പനേയും അമ്മയേയും ചാർച്ചക്കാരേയും വിട്ടുപോരാൻ നിനക്ക് തോന്നിയല്ലോ. നന്നായി, നീ മഹാസൗഭാഗ്യത്തിലേക്കല്ലേ പോകുന്നത്?

യിസ്ഹാക്ക് തലപൊക്കി നോക്കി. റിബെക്കയെ കണ്ടു. റിബെക്ക തലപൊക്കി നോക്കി. യിസ്ഹാക്കിനെ കണ്ടു. സ്തോത്രം. എന്തൊരത്ഭുതം! അടുക്കുകയാണ്. നിങ്ങൾ ചിന്തിക്കണം, ഒട്ടകങ്ങൾ കൂടാരത്തിലേക്ക് പോകുന്നില്ല. റിബെക്ക ഒട്ടകപ്പുറത്താണ് വന്നത്. അതുവരെയും വഹിച്ചു കൊണ്ടുവന്ന ഒട്ടകങ്ങൾ കൂടാരത്തിനകത്തേക്ക് പോകുന്നില്ല.

നിങ്ങളെ ഇതുവരെയും വഹിച്ചുകൊണ്ടുവന്ന കൂട്ടായ്മകൾ കടന്നുപോകുകയില്ല. നിങ്ങളെ കൊണ്ടുവന്ന പലരും അവിടെ എത്തിയെന്ന് വരില്ല. പക്ഷേ, നിങ്ങളെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന യിസ്ഹാക്ക് ഇരുകരവും നീട്ടി നിങ്ങളെ സ്വീകരിക്കാൻ കാത്തുനിൽക്കുന്നു. മദ്ധ്യാകാശത്തിലെ മണിപ്പന്തലിലേക്ക് യേശുനാഥൻ നമ്മെ കൂട്ടിക്കൊണ്ട് പോകുന്നു.

മണിപ്പന്തലിൽ രാജകുമാരിയുടെ വിവാഹം നടക്കുന്നു.

*"അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തേയും മറക്ക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലോ; നീ അവനെ നമസ്ക്കരിച്ചുകൊൾക."*

*സങ്കീർത്തനങ്ങൾ 45 : 10, 11*

ഈ കന്യക മന്ദം മന്ദം യിസ്ഹാക്കിന്റെ അരികത്തേക്ക് എത്തുന്നു. ഒട്ടകങ്ങൾ കൂടാരവാതിൽക്കൽ കാത്ത് നിൽക്കുന്നു. പിന്നെ എലെയാസറിനെ കാണുന്നില്ല. പിന്നെ റിബെക്കയും യിസ്ഹാക്കും കൂടാരത്തിനകത്തേക്ക് പോകുന്നു.

ഇങ്ങനെ ഒരു കാര്യം നടക്കുമെന്ന് നിങ്ങൾക്കറിയാമോ? ഒരു ദിവസം കർത്താവായ യേശു മദ്ധ്യാകാശത്തിലേക്ക് എഴുന്നള്ളി വരും. അവന്റെ കാഹളനാദം മുഴങ്ങുമ്പോൾ, ഗംഭീരശബ്ദം മുഴങ്ങുമ്പോൾ, പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം മുഴങ്ങുമ്പോൾ നിങ്ങളും പറക്കും എന്ന് നിങ്ങൾ ക്കറിയാമോ?

അവിടെച്ചെല്ലാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? മദ്ധ്യാകാശ ത്തിലെ മണവറയിലേക്ക് ചെല്ലാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? അതാണ് നമ്മുടെ ശുശ്രൂഷ. ഈ ദീർഘയാത്ര കഴിഞ്ഞ് ഒരു വിശ്രമസങ്കേതത്തിലേക്ക് കടക്കും. ഇന്ന് കണ്ണീരാണ്, ഇന്ന് രോഗമാണ്, ഇന്ന് ജോലിസ്ഥലത്ത് പ്രയാസങ്ങളുണ്ട്.

പക്ഷേ, എല്ലാറ്റിനും അപ്പുറം ഒരു സമാധാനത്തിന്റെ സ്വർഗ്ഗീയകവാടം നമുക്കുവേണ്ടി തുറന്നിരിക്കുന്നു. അങ്ങോട്ടാണ് നമ്മുടെ യാത്ര. ഇന്നെന്നപോലെ ഒരു ദിവസം നാം അവിടെ ചെല്ലും. രാജാധിരാജാവിന്റെ മണവറയ്ക്കകത്ത് ചെല്ലും.

ഒരു ദിവസം നാമെല്ലാം കണ്ണടയും. രണ്ടുവർഷം മുമ്പ് ഞാൻ മരിച്ചു ജീവിച്ച മനുഷ്യനാണ്. അന്ന് ഞാൻ വിചാരിച്ചു എന്റെ ലോകത്തിലെ ആയുസ്സ് ഇവിടെ തീർന്നു. എല്ലാം തീർന്നു എന്ന്.

എന്നാൽ എനിക്ക് പറ്റുന്നിടത്തോളം കർത്താവിന്റെ വേല ചെയ്യാൻ ഏതാനും നാളുകൾ കൂടി കർത്താവ് നീട്ടിത്തന്നു. അതുകൊണ്ട് ഞാനിന്ന് സമാധാനമുള്ളവനാണ്. ജീവിതത്തിൽ ഒരു അസന്തുഷ്ടിയുമില്ല. എപ്പോഴും സന്തോഷം.

ഭാഗ്യവശാൽ എന്റെ മക്കൾക്കും കൊച്ചുമക്കൾക്കുമെല്ലാം ഈ സമാധാനം കിട്ടി. അവരെല്ലാം യേശുവിനെ കണ്ടെത്തി. മക്കൾ കൃപയാൽ യേശുവിൽ ആശ്രയിച്ച് നിൽക്കുന്നു. ആരും തികഞ്ഞവരായില്ല. ഞാനും തികഞ്ഞവനായില്ല.

നിങ്ങളുടെ ജീവിതത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുങ്ങാൻ നിങ്ങൾ താമസിക്കരുത്. ഒട്ടും വൈകരുത്. കറയും കളങ്കവുമില്ലാത്ത മണവാട്ടിയായി നിങ്ങൾ ഒരുങ്ങിക്കൊൾക. തേജസ്സിന്റെ നീതിയിൻ വസ്ത്രം ധരിച്ചുകൊണ്ട് നിൽക്കാൻ നിങ്ങൾ ഒരുങ്ങിക്കൊൾക.

ഈ മണവാളനെ എതിരേൽക്കാൻ മന്ത്രകോടി ഉടുത്തു കൊണ്ട് നിൽക്കുക. ഇന്ന് നിങ്ങൾ മന്ത്രകോടി ഉടുത്തിട്ടുണ്ടോ? ഇല്ല പ്രിയരേ, ഉണ്ടായിരുന്നു. പക്ഷേ, മന്ത്രകോടി കീറിപ്പോയി. മണവാളന്റെ മുൻപിലേയ്ക്ക് ചെല്ലുമ്പോൾ വിരിപ്പാവ് ഇല്ല. ചിലർക്ക് മന്ത്രകോടി ഉണ്ട്. പക്ഷേ, അതിൽ ചെളി പറ്റിയിരിക്കുന്നു.

ലോകഇമ്പങ്ങളുടെ പിറകെ നടന്ന് ചെളി പറ്റി. അശുദ്ധ കൂട്ടുകെട്ടുകളിൽ പോയി ചെളി പറ്റി. എന്നാൽ ചെളി പറ്റിയെങ്കിലും പുതിയ വസ്ത്രം തരാൻ കർത്താവ് തയ്യാറാണ്.

“വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ.” ഇന്നു മടങ്ങിവന്നാൽ മാത്രം മതി, വേറെ ഒന്നും വേണ്ട. സ്നേഹിതരേ, നിങ്ങൾക്ക് ആത്മീയമായ ആനന്ദം തുടങ്ങണമോ? ആത്മീയമായ സന്തോഷത്തിലേക്ക് വരണമോ? അനുഗൃഹീതമായ നല്ല ഭാവി നിങ്ങൾക്ക് നേടണമോ?

ക്രിസ്തു നിങ്ങളുടെ അരികിലേക്ക് വരികയാണ്.

നിങ്ങൾക്ക് വസ്ത്രം മാറ്റിത്തരാൻ ക്രിസ്തു വരുന്നു. അലങ്കാര വസ്ത്രം ധരിപ്പിക്കാൻ ക്രിസ്തു വരുന്നു. ഉത്സവവസ്ത്രം ധരിപ്പിക്കാൻ ക്രിസ്തു വരുന്നു. നിങ്ങളെ പുതിയ വസ്ത്രം ധരിപ്പിച്ച് അവൻ മണവറയിലേക്ക് കൂട്ടിക്കൊണ്ടുപോകും. സ്വർഗ്ഗീയമണവറയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഒരു ദിവസമുണ്ട്.

"ഇതാ, ഞാൻ വേഗം വരുന്നു" എന്ന് കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്യുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കട്ടെ എന്നു പറഞ്ഞാണ് വെളിപ്പാടുപുസ്തകം അവസാനിക്കുന്നത്. യേശുക്രിസ്തുവിന്റെ കൃപയാണ് നിങ്ങളെ പേർചൊല്ലി വിളിക്കുന്നത്.

കർത്താവ് നിങ്ങളെ ആരെയും ചെറുതായി കാണുന്നില്ല. നിങ്ങളെ എല്ലാവരേയും വിലയേറിയവരായിട്ടാണ് കർത്താവ് കാണുന്നത്. അതുകൊണ്ടാണ് നിങ്ങളെ വസ്ത്രം ധരിപ്പിക്കാൻ കർത്താവ് വന്നിരിക്കുന്നത്.

ചെളി പറ്റിയ വസ്ത്രം ഉരിഞ്ഞുകളയുക. പുതിയ വസ്ത്രം നീട്ടിക്കൊണ്ട് കർത്താവ് വന്നിരിക്കുന്നു. വാങ്ങുമോ നിങ്ങൾ? യേശുവിന്റെ കരങ്ങളിൽ നിന്ന് വിശുദ്ധവസ്ത്രം വാങ്ങുമോ? യേശുവിന്റെ കരങ്ങളിൽ നിന്ന് കല്യാണവസ്ത്രം വാങ്ങുമോ? യേശുവിന്റെ കരങ്ങളിൽ നിന്ന് ഈ അനുഗൃഹീതമായ ദിവ്യവസ്ത്രം ധരിച്ചുകൊണ്ട് ശോഭയുള്ള മണവാട്ടിയായി ക്രിസ്തുവിന്റെ മുമ്പിൽ ചെന്നുനിൽക്കാൻ നിങ്ങൾ തയ്യാറാകുമോ?

എല്ലാം പൂർത്തീകരിക്കുന്നവൻ ഇതാ വന്നിരിക്കുന്നു. നിങ്ങൾ യേശുവിനോട് പറയൂ: കർത്താവേ, ഇതുവരെയുള്ള ജീവിതത്തിൽ കറപറ്റിയിട്ടുണ്ട്. കർത്താവേ, കഴുകണമേ. യേശുവേ, എനിക്ക് പൂർണ്ണമായ ഒരു വിശുദ്ധീകരണം തരണമേ. നിന്റെ ഒരു വിശുദ്ധനായി, ശുദ്ധിമതിയായിത്തീരാൻ

എനിക്ക് ഭാഗ്യം തരണമേ. എന്റെ ജീവിതവസ്ത്രത്തിൽ പറ്റിയ ചെളികളും കറകളുമെല്ലാം മാറ്റി എന്നെ പുതുവസ്ത്രം ധരിപ്പിക്കണമേ. എന്നെ കല്യാണവസ്ത്രം പുതപ്പിക്കണമേ.

ഇന്ന് ഈ പുതുവസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, വന്നതെല്ലാം കഴുകിത്തരണമേ. പാപങ്ങളെല്ലാം ക്ഷമിച്ചു തരണമേ. പരിശുദ്ധമായ ജീവിതം നയിക്കാൻ ഭാഗ്യം തരണമേ. ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും | 6.00pm - 8.30pm |
| (ബൈബിൾ ക്ലാസ്സ്) | |
| ഒന്നാം ചൊവ്വാഴ്ച | 9.00am - 12.45pm |
| (വനിതകളുടെ യോഗം) | |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച | 6.30pm - 9.00pm |
| യുവാക്കന്മാരുടെ യോഗം | |
| (15 വയസ് മുതൽ 35 വരെ) | |